പരിസ്ഥിതി : പ്രത്യാഘാതങ്ങൾ

THE MALANKARA SABHA

# മലങ്കരസഭ

മെയ് 2016

The Official Media of Malankara Orthodox Syrian Church

Rs : 15




## ഭൂമിയുടെ നിലവിളി

HOLISTIC HEALING



മലങ്കരസഭ ഗുരുരത്നം ഫാ. ഡോ. റ്റി. ജെ. ജോഷ്വായുടെ
പൗരോഹിത്യ വജ്രജൂബിലി സമ്മേളനത്തിൽ നിന്നും...


St. Mary's Orthodox Valiya Pally Onakkoor
Sesquicentenary
1866-2016
MY LORD AND MY GOD
സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളി
ഓണക്കൂർ
വിശുദ്ധ ദേവാലയത്തിന്റെ
150 -ാം വാർഷികവും
ശിലാസ്ഥാപന പെരുന്നാളും
2016 മെയ് 20,21 വെള്ളി, ശനി ദിവസങ്ങളിൽ
പരിശുദ്ധ കാതോലിക്കാ ബാവ, മെത്രാപ്പോലീത്താമാർ
രാഷ്ട്രീയ സാംസ്കാരിക നേതാക്കൾ പങ്കെടുക്കുന്നു




# മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

www.malankarasabhaonline.in
malankarasabha1946@gmail.com
sabhamasika@yahoo.com

ലക്കം 5, പുസ്തകം 70, മെയ് 2016




പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ
2–ാം ഓർമ്മ മെയ് 26 –ന് പത്തനാപുരം മൗണ്ട് താബോർ ദയറായിൽ


5 മഹാപുരോഹിത സന്ദേശം

6 എഡിറ്റോറിയൽ
കവിയും പ്രതിഭയും
- ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ

8 യാമങ്ങളുടെ കാവൽക്കാരൻ
ഓർമ്മ
- ജേക്കബ് മാത്യു, മലേഷ്യ

10 ഹൂസോയോ എന്ത്? എപ്പോൾ?
വിശകലനം
- ഫാ. ഡോ. റ്റി. ജെ. ജോഷ്വ

12 പാഴ്സി സിൻഡ്രോം...
സമഗ്രസൗഖ്യം
- ഫാ. പി. എ. ഫിലിപ്പ്

14 സമഗ്രസൗഖ്യം
പഠനം
- ഫാ. യൂഹാനോൻ ജോൺ, മൈലപ്ര

20 പരിശുദ്ധാത്മ ധ്യാനം
കൗൺസലിങ്ങ്
- ഡോ. ജോർജി ജോസഫ്, അടൂർ

26 പാരിസ്ഥിതിക ചൂഷണത്തിന്റെ..
പരിസ്ഥിതി
- ഫാ. ഡോ. മീഖായേൽ സഖറിയ

32 വിശുദ്ധ യൗസേഫ് പിതാവ്
പ്രതികരണം
- ഫാ. ഡോ. ഒ. തോമസ്

44 മലയാളത്തിന്റെ സുവർണ്ണ നാവ്
പ്രഭാഷണ പഠനം
- ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ



President
Dr. Zacharias Mar Aprem
Chief Editor
Fr. Dr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox Viswasa Paripalana Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

Malankara Sabha
For Subscription queries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com

www.malankarasabhaonline.in

Devalokam Kottayam-04;
Ph:0481-2573234

Rs. 15/-


# BRIEFLY

സോപാന ഓർത്തഡോക്സ് അക്കാദമിയുടെ ആഭിമുഖ്യത്തിൽ വേദശാസ്ത്ര സെമിനാർ മെയ് 24, 25 തീയതികളിൽ ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ നടത്തും. പ. കാതോലിക്കാ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്യും.

അഖില മലങ്കര ബാലസമാജം നേതൃത്വ ശില്പശാല മെയ് 21–ന് ശനിയാഴ്ച 9.30 മുതൽ 3 വരെ ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ നടത്തും.

ഡൽഹി ഭദ്രാസനത്തിൽ പ്രവർത്തിച്ച് ഇപ്പോൾ കേരളത്തിൽ വിശ്രമ ജീവിതം നയിക്കുന്ന വൈദിക–അത്മായരുടെ സംഗമം ജൂൺ 14–ന് കോട്ടയം പഴയ സെമിനാരിയിൽ നടത്തും. ഡൽഹി ഭദ്രാസന തലമുറ സംഗമത്തിൽ പങ്കെടുക്കുവൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. ഫോൺ: 98104227740, 9999815348.

യുവജന പ്രസ്ഥാനം അഖില മലങ്കര വാർഷിക കോൺഫ്രൻസ് സെപ്റ്റം. 30 മുതൽ ഒക്ടോ. 2 വരെ അഹമ്മദ്ബാദിൽ നടത്തും.

'മലങ്കരസഭാ വാർത്തകൾ' സഭയുടെ ഔദ്യോഗിക വെബ്സൈറ്റായ കാതോലിക്കേറ്റ് ന്യൂസിലേക്ക് അയച്ചു തരണം.
വിലാസം :
www.catholicatenews.in

www.facebook.com/malankarasabha
(മലങ്കരസഭ മാസികയുടെ ഫെയ്സ് ബുക്ക് അക്കൗണ്ട്)


വായിക്കുക പ്രചരിപ്പിക്കുക വരിക്കാരാവുക

മലങ്കരസഭ മാസിക
70 വർഷത്തെ അക്ഷര വെളിച്ചം
www.malankarasabhaonline.in

മലങ്കരസഭ

10 മെയ് 2016

എല്ലാ മാസവും മലങ്കരസഭയുടെ
അക്ഷര പ്രകാശം

EDITORIAL BOARD

*പ്രസിഡന്റ്*
ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
Phone: 0481-2578500, 2578499

*ചീഫ് എഡിറ്റർ*
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

*മാനേജിംഗ് എഡിറ്റർ*
ഫാ. ദീപു ഫിലിപ്പ്
Mob:- 944 6996224

*സബ് എഡിറ്റർ*
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 944 6707276

*സർക്കുലേഷൻ മാനേജർ*
കെ. എ. ജോൺ
Mob:- 9744648617

*അംഗങ്ങൾ*
ഫാ. ഡോ. റ്റി. ജെ. ജോഷ്വ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
ഫാ. സഖറിയ നൈനാൻ
ഡോ. ജോർജ് ജോസഫ്
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

***Cover & Graphic Designing:-***
Jinto Kurichy at
Malankara Sabha

www.malankarasabhaonline.in

**വരിസംഖ്യ**

ഇന്ത്യയിൽ
ഒറ്റപ്രതി:15 രൂപ
ഒരുവർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ
6 വർഷം: 1000 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha

# ഗുരുമൊഴി



**ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്**
**മെത്രാപ്പോലീത്താ**

**പെ**രുന്നാളുകളെയും ഉത്സവങ്ങളെയും സംബന്ധിച്ച് നിരവധി ചർച്ചകൾ സമീപകാലത്ത് ഉണ്ടാകുന്നുണ്ട്. നമ്മുടെ നാടേറ്റുവാങ്ങിയ അതിഭീകരമായ ഒരു ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് ഇത്തരം സംവാദങ്ങൾ പുരോഗമിക്കുന്നത്. മതാനുഷ്ഠാനങ്ങളുടെ പേരിൽ നടത്തപ്പെടുന്ന ധൂർത്തുകളാണ് ഇവിടെയെല്ലാം വിചാരണ ചെയ്യപ്പെടുന്നത്. ആത്മവിമർശനത്തോടെയാവണം നാം ഇത്തരം വാദമുഖങ്ങളെ സമീപിക്കേണ്ടത്.

ഇത്തരം 'മതപ്രകടന'ങ്ങളിൽ സംഭവിക്കുന്നതിലും തീവ്രമായ ദുരന്തം ഇന്നത്തെ 'മതപ്രബോധന'ങ്ങളിൽ വന്നുചേരുന്നില്ലേ എന്നൊരു സന്ദേഹം ഉള്ളിൽ നന്നായിട്ടുണ്ട്. ലാഭകരമല്ലാത്ത ഒരേർപ്പാടും പ്രോത്സാഹിപ്പിക്കാത്ത ഒരു കാലമാണിത്. തിരക്കുകൾക്കിടയിൽ വെറുതെ സമയം കളയുന്നതിൽ ആരും താല്പര്യപ്പെടുന്നില്ല. ദേവാലയങ്ങളിലെ ദൈർഘ്യമേറിയ ശുശ്രൂഷകൾ, തിരുവചനത്തിന്റെ ദൈനംദിന പാരായണം, ഭവനങ്ങളിലെ പ്രാർത്ഥനകൾ, വൃദ്ധരായ മാതാപിതാക്കളുടെ സംരക്ഷണം അങ്ങനെ പറഞ്ഞാൽ തീരാത്ത വിധമുള്ള നഷ്ടക്കച്ചവടങ്ങൾ നമുക്ക് ചുറ്റുമുണ്ട്. അതിനാൽത്തന്നെ തങ്ങളുടെ പക്കലെത്തിയാൽ എന്തെങ്കിലുമൊക്കെ ലാഭങ്ങൾ ഉണ്ടെന്ന് വിളംബരം മുഴക്കുന്ന ആത്മീയപരിസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും എന്നത് അപ്പോസ്തോലിക പ്രബോധനം. ജീവിതം ലാഭകരമാക്കാനുള്ള പുതിയകാലത്തിന്റെ ആത്മീയ വൃത്തികളിൽ മരിക്കുന്നത് ക്രിസ്തുവാണ്. തമ്പുരാന്റെ ബലി ജീവിതത്തിന്റെ അനുകരണങ്ങളല്ല നാം ആവർത്തിക്കുന്നത്. നേടലിന്റെ വ്യവസായം നൽകലിന്റെ ആത്മീയതയെ പുറന്തള്ളുന്നു. 'സ്പെഷ്യാലിറ്റീസ്' ഉള്ള ആരാധനാകേന്ദ്രങ്ങളുടെ പരസ്യങ്ങൾ വർദ്ധിച്ചുവരുന്നു. അവിടുത്തെ ആഘോഷങ്ങൾക്ക് മത്സരബുദ്ധി കൈവരുന്നു. കച്ചവടം കൊഴുക്കുന്നു. അച്ചടക്കം അഴിയുന്നു. മടക്കം അനിവാര്യമാണ്.

മതം മതിയെ നിയന്ത്രിക്കാനുള്ളതാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ, ഇന്ന് മതങ്ങൾക്ക് മദം പൊട്ടുകയാണെന്ന് തോന്നിപ്പോകും. ഓർമ്മകൾ ആചരിക്കുന്ന പെരുന്നാളുകൾ മറവികളുടെ ആഘോഷമായി പരിണമിക്കുന്നു. വിശുദ്ധന്മാരുടെ ജീവിതത്തിന്റെ നൈർമല്യവും വിശ്വാസസ്ഥിരതയും പ്രാർത്ഥനാനൈരന്തര്യവും ക്രിസ്തുവിനെ പ്രതിയുള്ള ധീരതയും തിന്മയോടുള്ള തുടർസമരവും അങ്ങനെയെന്തെല്ലാം നാം മറക്കുന്നു. ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ വാക്കുകളിൽ "ഈ ധൂർത്തും വഷളത്തരവും മദ്യപാനവും വിശുദ്ധന്മാർക്ക് ഇഷ്ടപ്പെടുമെങ്കിൽ അവരുടെ ഓർമ്മദിനത്തിൽ ചെയ്യുന്നതു ശരിയാണ്."

ദൈവത്തോടുള്ള സ്നേഹത്തിന്റെയും കൃതജ്ഞതയുടെയും പ്രകടനമായ ആരാധന കേവലം മനുഷ്യരുടെ ധാർഷ്ട്യത്തിന്റെയും ദുരഭിമാനത്തിന്റയും പ്രകടനമായി തരം താഴ്ത്തപ്പെടുന്നു. ഇത്തരം 'സ്പോൺസർഷിപ്പുകളെ' അനുഗ്രഹത്തിന്റെ വഴികളായി പഠിപ്പിക്കുന്ന ആത്മീയ പാപ്പരത്വമാണ്. ഏറ്റം ബീഭത്സമായ ദുരന്തം. ദൈവാന്വേഷണത്തെക്കുറിച്ചുള്ള നമ്മുടെ പ്രബോധനങ്ങളിൽ അതിശക്തമായ തിരുത്തുണ്ടാകണം. സുഖാന്വേഷണത്തിന്റെ പാതയല്ല; സത്യാന്വേഷണത്തിന്റെ മാർഗ്ഗമാണ് മതം കാട്ടിക്കൊടുക്കേണ്ടത്.

അനുഷ്ഠാനങ്ങൾ ആന്തരികപരിശുദ്ധിയിലേയ്ക്കുള്ള ഉപാധികളാണ്. പൗരസ്ത്യ സഭ ആരാധനാ കേന്ദ്രീകൃതമായ ഒരു സമൂഹമാണ്. ആരാധനാ ജീവിതമാണ് അതിന്റെ കാതൽ. പള്ളിയകത്തെ നമസ്ക്കാരങ്ങളിലും വേദധ്യാനത്തിലും പങ്കെടുക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു. പ്രദക്ഷിണങ്ങളിലെ ജനക്കൂട്ടത്തിന്റെ കണക്കെടുത്ത് പെരുന്നാൾ 'വിജയകരം' എന്നവകാശപ്പെടുന്ന പ്രദർശനപരതയുടെ മൗഢ്യത്തിൽനിന്ന് നാം മടങ്ങിവരണം. ഹൃദയചൈതന്യം തിരികെ നൽകുന്ന ആത്മീയ വ്യാപാരങ്ങളിലേർപ്പെട്ട് ലാഭമുണ്ടാക്കുന്നവരാകണം. സൽപ്രവൃത്തികളാകുന്ന സമ്പാദ്യം വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധാലുക്കളാകണം. പ്രിയമുള്ളവരെ, നമ്മുടെ ആരാധനാജീവിതം തന്നെയാവണം നമ്മുടെ കണ്ണുകൾ വെളിച്ചമുള്ളവയാക്കേണ്ടത്. ■



# മഹാപുരോഹിത സന്ദേശം

കർത്താവിൽ പ്രിയരേ,

നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ പെരുന്നാളിലേക്കും, പരിശുദ്ധാത്മ നിറവിന്റെ വലിയപെരുന്നാളായ പെന്തിക്കോസ്തിയിലേക്കും നാം വിശുദ്ധിയോടെ സമീപിക്കുന്ന ദിവസങ്ങളാണല്ലോ ഇത്. പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് അനുദിന ജീവിതവ്യാപാരങ്ങളിൽ കുറയുന്നതിന്റെ ദുരന്തങ്ങൾ നാം അനുദിനം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ''യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും, അവർ കഴുകൻമാരെപ്പോലെ ചിറകടിച്ച് ഉയരും'' എന്ന ദൈവ വചനം ഉൾക്കൊണ്ട് യഥാർത്ഥ പ്രാർത്ഥനാനുഭവത്തോടെ ഈ പെന്തിക്കോസ്തി പെരുന്നാളിൽ പരിശുദ്ധാത്മ നിറവു പ്രാപിക്കുവാൻ ഒരുങ്ങണമെന്ന് നാം സ്നേഹപൂർവ്വം നിങ്ങളോട് ആവശ്യപ്പെടുന്നു.

പ്രകൃതി ചൂഷണം മൂലം വേനലിന്റെ ആരംഭത്തിൽത്തന്നെ കൊടുംവരൾച്ചയുടെയും കുടിവെള്ള ക്ഷാമത്തിന്റെയും വാർത്തകൾ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പ്രത്യേകിച്ച് ദൈവത്തിന്റെ സ്വന്തം നാടെന്ന് വിശേഷിപ്പിക്കപ്പെടുന്ന കേരളത്തിൽനിന്നും കേട്ടുകൊണ്ടിരിക്കുന്നു. ദൈവം മനുഷ്യന് ദാനമായി നൽകിയ പ്രകൃതി വിഭവങ്ങളെ മാതൃകാപരമായി വിനിയോഗിച്ചുകൊണ്ട് പങ്കിടലിന്റെയും സ്നേഹത്തിന്റെയും ദൈവരാജ്യാനുഭവങ്ങളെ സ്വാംശീകരിക്കുവാൻ നാം ഇനിയും പഠിക്കേണ്ടിയിരിക്കുന്നു. ഇല്ലെങ്കിൽ ഓരോ വർഷവും ചൂടിന്റെ കാഠിന്യം കൂടുകയും ജീവജലത്തിനായി നാം പോരാടേണ്ടി വരുന്നകാലം അനതിവിദൂര ഭാവിയിൽത്തന്നെ സംജാതമാവുകയും ചെയ്യുമെന്ന് വർത്തമാനകാലം നമ്മെ ഓർമ്മിപ്പിക്കുന്നു. സഭയായും വ്യക്തികളായും പ്രകൃതി സംരക്ഷണം ഒരു ആത്മീയ ഉത്തരവാദിത്വമായി ഏറ്റെടുത്ത് ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ ഏറ്റവും ശ്രദ്ധിക്കണമെന്ന് ഈ സമയത്ത് നാം ശക്തമായി ആഹ്വാനം ചെയ്യുന്നു. കൊല്ലത്ത് പരവൂരിൽ ഉണ്ടായ വെടിക്കെട്ട് അപകടത്തിൽ നൂറിലധികം ആളുകൾക്ക് ജീവൻ നഷ്ടപ്പെടുകയും നിരവധിപേർ ഗുരുതര പരിക്കുകളോടെ ആശുപത്രിയിലാവുകയും ചെയ്തു എന്ന വാർത്ത ഏറെ വേദനയോടെയാണ് സഭ ഉൾക്കൊള്ളുന്നത്.

നമ്മുടെ പെരുന്നാളുകളുടെ ആത്മീയമായ ഭാവത്തെ പകർന്ന് നൽകുവാനും ഉത്തേജിപ്പിക്കുവാനും പര്യാപ്തമായ കാര്യപരിപാടികൾ മാത്രം പെരുന്നാളുകളിൽ ഉൾക്കൊള്ളിക്കുവാൻ എല്ലാ ചുമതലപ്പെട്ടവരും ശ്രദ്ധിക്കണം. സംസ്കാരത്തിന്റെ ഭാഗമായി നാം ഉൾക്കൊണ്ടിട്ടുള്ള നല്ല പാരമ്പര്യങ്ങൾ തുടരേണ്ടതാണ്. എന്നാൽ സാധാരണ ജനജീവിതത്തിന് ഭംഗം വരുത്തുന്നതും മനുഷ്യ ജീവന് ആപത്തുണ്ടാക്കുന്നതും നമ്മുടെ സാക്ഷ്യത്തിന് നിരക്കാത്തതുമായ ഒരു പരിപാടിയും നമ്മുടെ ദേവാലയങ്ങളിൽ ഉണ്ടാകുവാൻ പാടുള്ളതല്ല. ഇപ്രകാരമുള്ള അച്ചടക്കത്തിലൂടെ നമ്മുടെ ഇടവകകൾക്ക് ലഭിക്കുന്ന സാമ്പത്തിക ലാഭം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുവാൻ കഴിയട്ടെ. അങ്ങനെ കൂടുതൽ അർത്ഥവത്തും ക്രിസ്തീയവുമായ നിലയിൽ മാതൃകാപരമായി നമ്മുടെ ആഘോഷങ്ങളെ പരിണമിപ്പിക്കുവാൻ നമുക്ക് സാധിക്കും. അതാണ് ഈ കാലഘട്ടത്തിന് കരണീയമായിട്ടുള്ളത് എന്നാണ് നമ്മുടെ ബോധ്യം.

കേരളം ഉറ്റുനോക്കുന്ന ഒരു നിയമസഭാ തെരെഞ്ഞെടുപ്പുകൂടി കടന്നുവരികയാണ്. ആദർശധീരരും നീതിബോധമുള്ളവരും നിസ്വാർത്ഥരും കഴിവുറ്റവരുമായ മനുഷ്യസ്നേഹികളെ തെരഞ്ഞെടുക്കുവാൻ പ്രബുദ്ധരായ സഭാംഗങ്ങൾ ശ്രദ്ധിക്കണം. സഭാമക്കളേവരും തങ്ങളുടെ വോട്ടവകാശം ഉത്തരവാദിത്വത്തോടുകൂടി വിനിയോഗിക്കണം. ദൈവം അനുഗ്രഹിക്കട്ടെ.




**ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

(2016 ഏപ്രിൽ 27-ന് കോട്ടയം പഴയ സെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റി യോഗത്തിൽ പരിശുദ്ധ ബാവാ തിരുമേനി നടത്തിയ പ്രസംഗത്തിന്റെ പ്രസക്ത ഭാഗങ്ങൾ.)

EDITORIAL

MCK

# കവിയും പ്രതിഭയും



## Life and Witness of

## MC KURIAKOSE RAMBAN

### സഭാചരിത്രത്തിൽ അസോസിയേഷൻ സെക്രട്ടറിയായ ഏക വൈദികൻ

**ഓർമ്മ: ജൂലൈ 20**

'പ്രസംഗ വേദിയിലെ അദ്ദേഹത്തിന്റെ ചിത്രം എനിക്ക് പരിചിതമാണ്. ചിറപൊട്ടിയൊഴുകുന്ന വാക്പ്രവാഹമില്ല. ഓരോ വാക്കും തൂക്കം നോക്കി അർത്ഥപൂർണ്ണമായി പ്രയോഗിക്കുന്ന പ്രതീതി ആയിരുന്നു. ഇംഗ്ലീഷിലും മലയാളത്തിലും നല്ല ഭാഷാ സ്വാധീനമുണ്ടായിരുന്നെങ്കിലും കഠിന പദങ്ങളോ വളച്ചുകെട്ടിയ ശൈലിയോ ഒരിക്കലും പ്രയോഗിച്ചില്ല. ചെറിയ വാക്യങ്ങളിൽ ലളിതമായ ഭാഷയിൽ ആശയങ്ങൾ അവതരിപ്പിക്കുമായിരുന്നു.

- ഫാ. ഡോ. റ്റി. ജെ. ജോഷ്വ

* * *

'ഞാൻ ഏറ്റവും ക്ലേശപ്പെട്ടദ്ധ്വാനിച്ചതു കാതോലിക്കേറ്റു നിധി സംഭരണം സംബന്ധിച്ചായിരുന്നു... ഞാൻ ആപ്പീസിൽ ഇരുന്നു വിജ്ഞാപനങ്ങളും എഴുത്തുകളും സ്വന്തമായി അയച്ചുകൊണ്ടിരുന്നു. വിദ്യാഭ്യാസ കാലത്തുപോലും ഒമ്പതുമണിക്കപ്പുറം പഠിക്കുക പതിവില്ലായിരുന്ന ഞാൻ ആറുമാസത്തോളം പാതിരാത്രി വരെ മാർ ഏലിയാ ചാപ്പൽ മുറിയിൽ ഇരുന്ന് അദ്ധ്വാനിച്ചു. പള്ളികളുമായി തുടരെത്തുടരെ എഴുത്തുകുത്തു നടത്തിയ ആദ്യ സമുദായ ആപ്പീസ് അതായിരുന്നു.

-എം. സി. കുര്യാക്കോസ് റമ്പാൻ

* * *

മലങ്കരസഭയുടെ ഓർത്തഡോക്സിയോടും കാതോലിക്കാ സിംഹാസനത്തോടുമുള്ള അഗാധവും അകൈതവുമായ ഭക്തിയായിരുന്നു പാത്താമുട്ടം എം.സി. കുര്യാക്കോസ് റമ്പാന്റെ ജീവിത അടിസ്ഥാനം.

-ഡോ. എം. കുര്യൻ തോമസ്

മലങ്കര ഓർത്തഡോക്സ് സഭയിൽ കേന്ദ്രീകൃത ഭരണസംവിധാനത്തിലും ആദ്ധ്യാത്മിക നവോത്ഥാനത്തിലും നിർണ്ണായക സ്വാധീനം വഹിച്ച കർമ്മയോഗിയാണ് പാത്താമുട്ടം മാളികയിൽ എം. സി. കുര്യാക്കോസ് റമ്പാൻ (1901-1958). അദ്ദേഹം മികച്ച സംഘാടകൻ, ഉജ്ജ്വല പ്രഭാഷകൻ, പ്രഗത്ഭനായ എഴുത്തുകാരൻ, സഭാസ്നേഹിയായ പത്രാധിപർ, കർമ്മനിരതനായ പ്രസാധകൻ എന്നീ നിലകളിലുള്ള മഹാവ്യക്തിത്വമാണ്.

തൃശ്ശിനാപ്പള്ളിയിൽ നിന്ന് ബി. എ ബിരുദം നേടി, നാട്ടിലെത്തിയ അദ്ദേഹം ഏഴുവർഷം തിരുവല്ലായിൽ അദ്ധ്യാപകനായി. പഴയ സെമിനാരി മാനേജർ (1933), കാതോലിക്കേറ്റ് ഓഫീസ് സെക്രട്ടറി (1935), സമുദായ സെക്രട്ടറി (1935, 1944-46), മലങ്കര സഭാ മാസിക മാനേജർ, പത്രാധിപർ (1947-1958), കോട്ടയം ഭദ്രാസന സെക്രട്ടറി (1955) എന്നീ നിലകളിൽ പ്രവർത്തിച്ചു. സ്വദേശമായ പാത്താമുട്ടത്ത് താമസിച്ച് രണ്ട് പതിറ്റാണ്ടിലധികം റമ്പാനായി സഭാ ശുശ്രൂഷ നിർവ്വഹിച്ചതിനാൽ *പാത്താമുട്ടത്ത് റമ്പാച്ചൻ* എന്ന പേരിൽ പ്രശസ്തനായി.

1951-ൽ പൊതു പ്രവർത്തനം അവസാനിപ്പിച്ച് എഴുത്ത്, വായന, പുസ്തക പ്രസാധനം എന്നീ മേഖലകളിൽ ജാഗ്രത പുലർത്തി. മരണം വരേയും (1958) മലങ്കര സഭാ മാസികയുടെ പത്രാധിപരായിരുന്നു. *മലങ്കരസഭാ മാസികയുടെ പ്രവർത്തനം വളരെ പ്രയോജനപ്രദമായ ഒരു സമുദായ സേവനമാകയാൽ മാസികയെ ഉപേക്ഷിക്കരുതെന്ന്* എം. സി. കുര്യാക്കോസ് റമ്പാൻ അവസാനത്തെ പത്രാധിപ ലേഖനത്തിൽ (1958 ആഗസ്റ്റ് ലക്കം) എഴുതി. മലങ്കരസഭാ മാസികയുടെ പത്രാധിപർ എന്ന നിലയിൽ നടത്തിയ ഭാഷാപരിശ്രമങ്ങളും വേദപഠനങ്ങളും ചരിത്ര വിശകലനങ്ങളും പത്രാധിപ ലേഖനങ്ങളുമാണ് എം. സി. കുര്യാക്കോസ് റമ്പാന്റെ ജീവിത ദർശനവും കാഴ്ചപ്പാടും വിളിച്ചറിയിക്കുന്നത്. മലങ്കരസഭയിൽ തദ്ദേശീയമായ സന്ദർഭോചിത പ്രാർത്ഥനകളും ഗാനങ്ങളും വേദവ്യാഖ്യാനങ്ങളും എഴുതി പ്രസിദ്ധീകരിച്ച് വിശ്വാസികളെ ആദ്ധ്യാത്മിക നിറവിൽ പരിപോഷിപ്പിച്ച അദ്ദേഹം തികച്ചും ജ്ഞാനിയായ തപോധനനും സത്യാന്വേഷിയായ കർമ്മയോഗിയുമായിരുന്നു.

മലയാള ഗദ്യ ശൈലിയിൽ സവിശേഷ വ്യുൽപ്പത്തി നേടിയ എം. സി. കുര്യാക്കോസ് റമ്പാന്റെ എഴുത്തിന്റെ സിദ്ധിയും ശൈലിയും അത്യാകർഷകമാണ്. നിരവധി ഗ്രന്ഥങ്ങളിലും വിവിധങ്ങളായ ലേഖനങ്ങളിലും അവതരിപ്പിക്കുന്നത് എഴുത്തിന്റെ കരതീർന്ന ശൈലിയാണ്. സംസ്കൃത പദാവലിയുടെ ആധിക്യവും സങ്കീർണ്ണവാക്യങ്ങളുടെ ഘടനയുമുള്ള അക്കാലത്തെ മലയാള ഗദ്യത്തിൽനിന്നും വിഭിന്നമായി ലളിതകോമള മലയാള പദാവലികൊണ്ട് ആശയങ്ങളുടെ സൗന്ദര്യമാണ് അദ്ദേഹം അവ



# EDITORIAL

തരിപ്പിക്കുന്നത്. ഏറ്റവും ചെറിയ വാക്യങ്ങളുടെ ഘടനയാണ് സ്വീകരിച്ചിരിക്കുന്നത്. താളാത്മകവും കാവ്യാത്മകവുമായ മലയാള ശൈലി സ്വതസിദ്ധമായി അവതരിപ്പിച്ചു. സുറിയാനി ഭാഷയിൽ അതീവ പാണ്ഡിത്യം ഉണ്ടായിരുന്ന എം. സി. കുര്യാക്കോസ് റമ്പാനാണ് *ഹൂദായ കാനോൻ* മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്. വൈദികർ സുറിയാനിയിലും മലയാളത്തിലും അതീവ പാണ്ഡിത്യം നേടണമെന്ന് ശിഷ്യഗണങ്ങളെ പ്രബോധിപ്പിച്ചിരുന്നു. എന്നാൽ ജനങ്ങളോടൊത്ത് പൊതു ആരാധന നടത്തുമ്പോൾ മലയാളത്തിൽ സ്ഫുടമായും ഉച്ചാരണ ശുദ്ധിയോടും ആരാധന നടത്തണമെന്ന് നിർബന്ധം ഉണ്ടായിരുന്നു. മാതൃഭാഷയിൽ ഭംഗിയായി ആരാധന നിർവ്വഹിക്കുമ്പോൾ വിശ്വാസികളുടെ സജ്ജീവ പങ്കാളിത്തവും ദൈവാശ്രയ ബോധവും ആരാധനയിലൂടെ ഉണ്ടാകുമെന്ന് കുര്യാക്കോസ് റമ്പാച്ചൻ വിശ്വസിച്ചു. ആരാധനയിലെ ഗദ്യവും പദ്യവും ശുദ്ധമലയാളത്തിൽ ചൊല്ലണമെന്ന് ആഗ്രഹിച്ച എം. സി. കുര്യാക്കോസ് റമ്പാൻ നിരവധി പ്രാർത്ഥനകളും ഗീതങ്ങളും എഴുതി പ്രസിദ്ധീകരിച്ചു. എല്ലാം ഹൃദ്യമായ മലയാള ശൈലിയിൽ അവതരിപ്പിച്ചു.

എം. സി. കുര്യാക്കോസ് റമ്പാൻ അനവധി ക്രിസ്തീയ ഗാനങ്ങളും കീർത്തനങ്ങളും ഗാഥകളും രചിച്ചു. ഗാനങ്ങളോടുകൂടിയ മദ്ധ്യസ്ഥ പ്രാർത്ഥനകളും വിവിധതരം ലുത്തിനിയാകളും എഴുതി. ദീർഘമായ മൗനത്തിലും ധ്യാനത്തിലും ഉൾച്ചേർന്നതിലുള്ള അത്മീയ നൽവരത്തിൽക്കൂടിയാണ് ഇവ ക്രമീകരിച്ചിട്ടുള്ളത്. ഭാഗ്യവതിയായ മറിയാമിനെ പ്രകീർത്തിച്ച് *മറിയാമേ നീ ഭാഗ്യവതി ഭാമിനിമാരിൽ, അത്യുന്നതൻ താണുവന്നുവാണല്ലോ നിന്നിൽ* എന്ന ഗാനം എത്രയോ ഹൃദ്യമാണ്. മലങ്കര സഭയിൽ എട്ടുനോമ്പിന് പ്രചാരം നൽകി ധ്യാനത്തിന് വിശ്വാസികൾ ഹൃദയം നുറുങ്ങി പാടി ആത്മീയ നിർവൃതി നേടിയ ഗാനമാണിത്. 1930- കളിൽ കവിയൂർ പള്ളിയിൽവച്ച് എഴുതി പ്രചരിപ്പിച്ച ഈ ഗാനം മലങ്കര സഭയുടെ തെക്കൻ പ്രദേശങ്ങളിൽ എട്ടുനോമ്പിന് വേരുകളിറങ്ങാൻ പ്രചോദനം നൽകി. കവിയൂർ പള്ളിയിൽ 1930കളിൽ മർത്തമറിയം സമാജം രൂപീകരിച്ച് അതിന്റെ പ്രഥമ പ്രസിഡന്റായ എം. സി. കുര്യാക്കോസ് റമ്പാൻ മരിയൻ ഭക്തിഗാനങ്ങൾ മർത്തമറിയം സമാജത്തിലൂടെ പ്രചരിപ്പിച്ച് റീത്ത് മുന്നേറ്റത്തെ പ്രതിരോധിച്ചു. ദൈവമാതാവിനെക്കുറിച്ച് നിരവധി ഗാനങ്ങൾ എം. സി. കുര്യാക്കോസ് റമ്പാൻ എഴുതിയിട്ടുണ്ട്. നിലവിലുള്ള പ്രശസ്തമായ പല ഗാനങ്ങളുടെയും താളഭംഗിയിലാണ് ഗാനങ്ങളുടെ ശില്പ സൗന്ദര്യം.

*സ്വർഗ്ഗരാജ്യ-സിംഹാസനമേറി- സ്ഥിതി ചെയ്യുന്നവനേ, സർവ്വചരാചരപാലകനെ, സ്വ സുതനെ ഭുവിലയച്ചവനേ...* എന്നഗാനത്തിന്റെ ഈരടികൾ മനസ്സിലൂറാത്ത സുറിയാനി ക്രിസ്ത്യാനികൾ ഇല്ല. ദീർഘമായ ഈ ഗാനത്തിന് 18 ലധികം ഖണ്ഡികകൾ ഉണ്ട്. സന്ദർഭോചിതമായി ഇതിന്റെ അവസാന വരികൾ മാറ്റി മാറ്റി ചൊല്ലുവാനും കഴിയും. ത്രിത്വം, ക്രിസ്തു, മറിയം, ശ്ലീഹന്മാർ, പരിശുദ്ധന്മാർ, മാലാഖമാർ എന്നിവരെ എല്ലാം പുകഴ്ത്തുന്ന ഈ ഗീതം അതീവ ഹൃദ്യവും സംഘമായി ഉറക്കെ പാടുവാൻ കഴിയുന്നതുമാണ്. പ്രാർത്ഥനായോഗങ്ങളിലും സന്ധ്യാരാധനയിലും ഇതിലെ തെരഞ്ഞെടുത്ത വരികൾ പാടാവുന്നതുമാണ്. സുറിയാനി ക്രിസ്ത്യാനികളുടെ ഭവനങ്ങളിൽ സന്ധ്യാരാധനയ്ക്കുള്ള *അനുഗ്രഹത്തിൻ അധിപതിയെ - അനന്തകൃപാ പെരും നദിയെ!...* എന്ന ഗാനം എം. സി. കുര്യാക്കോസ് റമ്പാൻ എഴുതിയതാണ്. *വന്നിടേണം യേശുനാഥാ ഇന്നീ യോഗമദ്ധ്യേ നീ*, എന്ന യോഗാരംഭ ഗീതവും അദ്ദേഹം എഴുതി പഠിപ്പിച്ചതാണ്.

രോഗികളെ സന്ദർശിക്കുന്ന അവസരത്തിൽ ചൊല്ലുന്നതിനുവേണ്ടി തയ്യാറാക്കിയ *കരുണക്കടലേ ഞാൻ നോക്കും, ദേവാ തനയാ എൻപാപം പെരുകി, പിഴകൾ വർദ്ധിച്ചയ്യോ* എന്നഗാനത്തിന് പകരം വയ്ക്കുവാൻ മറ്റൊരു ഗാനം ഉണ്ടോ? ധ്യാനത്തിലും, തൈലാഭിഷേക ശുശ്രൂഷയിലും, പള്ളിയിലെ കൈമുത്തിനും എല്ലാം ആ ഗാനം അനർഗ്ഗളമായി വിശ്വാസികൾ പാടുന്നു. എം. സി. കുര്യാക്കോസ് റമ്പാൻ രോഗിയും ക്ഷീണിതനുമായി പരസഹായത്തോടെ ജീവിച്ച സാഹചര്യത്തിൽ ഹൃദയം നൊന്ത് *കരുണക്കടലേ ഞാൻ നോക്കും...*' എന്ന ഗാനം ആലപിക്കുമായിരുന്നു. ദൈവമാതാവിനെ പ്രകീർത്തിക്കുന്ന ഗാനങ്ങൾ അനവധിയാണ്. കുക്കിലിയോനുകൾക്ക് എല്ലാം സമാന അർത്ഥത്തോടെ വിവിധ രാഗത്തിൽ ഗാനങ്ങൾ രചിച്ചിട്ടുണ്ട്.

കർതൃപ്രാർത്ഥനയും കൃപനിറഞ്ഞ മറിയാമേ എന്ന പ്രാർത്ഥനയും ഗാനരൂപത്തിൽ ആക്കി. മൃതശരീരം വീട്ടിൽ നിന്ന് പള്ളിയിലേക്ക് കൊണ്ടുപോകുമ്പോൾ 'വഴി'ക്കു ചൊല്ലുന്ന 'കോലോ' അഥവാ 'വഴിക്കാല'യും സുറിയാനി രീതിയിൽ തന്നെ മലയാളത്തിൽ ഹൃദ്യമായി ഗീതത്തിൽ രചിച്ചിട്ടുണ്ട്. *യാഹെന്ന ദൈവമെന്നിടയനഹോ* എന്നുള്ള സങ്കീർത്തനം സുറിയാനി ക്രിസ്ത്യാനികളുടെ ഭവനങ്ങളിൽ സുപരിചിതമാണ്. ഗദ്യപദ്യ രചനകളാൽ മലങ്കര സഭയുടെ ആരാധനയേയും ചരിത്രത്തേയും ധന്യമാക്കിയ എം. സി. കുര്യാക്കോസ് റമ്പാൻ അത്യപൂർവ്വമായ ക്രാന്തദർശിയും കർമ്മയോഗിയുമാണ്.

> "മലങ്കരസഭയുടെ ആരാധനാ ജീവിതത്തിൽ തനതായ പ്രാർത്ഥനകളും ഗീതങ്ങളും സന്ദർഭോചിതമായി എഴുതി ചേർക്കുന്നതിനും അവ അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നതിനും നൽകിയ ധീരമായ നേതൃത്വം അത്യന്തം ശ്രേഷ്ഠമാണ്. അദ്ദേഹം എഴുതിയ പ്രശസ്തമായ ക്രിസ്തീയ ഗീതങ്ങളാണ് ഇപ്പോഴും ഓർത്തഡോക്സ് സഭാംഗങ്ങളുടെ ഭവനങ്ങളിൽ പ്രശസ്തമായി നിലനിൽക്കുന്നത്."

**ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ**
ചീഫ് എഡിറ്റർ
karingattilachan@gmail.com

ഓർമ്മ

മലങ്കരയുടെ മഹാപരിശുദ്ധനായ താപസശ്രേഷ്ഠനായിരുന്നു പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവാ തിരുമേനി. ജീവിച്ചിരിക്കുമ്പോൾ തന്നെ വിശുദ്ധിയുടെ പരിമളം പരത്തിയ പരിശുദ്ധ പിതാവ്. ഭൗതികമായി നമ്മിൽ നിന്ന് വേർപെട്ടുവെങ്കിലും കൂടുതൽ തേജോമയനായി അബ്രഹാം മടിയിൽ പിതാവാം ദൈവത്തിന്റെ വലതുഭാഗത്ത് നിലകൊണ്ട് നമുക്കുവേണ്ടി മദ്ധ്യസ്ഥത യാചിക്കുന്നു എന്ന സത്യം അവിടുത്തെ ആത്മീയ മക്കളായ നമുക്ക് ആശ്വാസവും ഊർജ്ജദായകവുമാണെന്നുള്ളത് തർക്കമറ്റ വസ്തുതയാണ്.

എളിയവനായ എനിക്ക് ബാല്യംകാലം മുതലേ പരിശുദ്ധ പിതാവുമായി വളരെയധികം അടുത്തിടപഴകുവാൻ അവസരം ലഭിച്ചിട്ടുണ്ട്. എന്റെ പിതൃസഹോദരൻ ദിവംഗതനായ അഭിവന്ദ്യ തെയോഫോറോസ് റമ്പാൻ കോർ എപ്പിസ്കോപ്പായോടൊപ്പം പത്തനാപുരം ദയറായിലും, ദേവലോകം അരമനയിലും മറ്റുമായി പലപ്പോഴും പ. പിതാവിനെ ദർശിക്കുവാനും അദ്ദേഹത്തോടൊപ്പം സമയം ചിലവിടുവാനും അദ്ദേഹത്തിന്റെ സ്വർഗ്ഗീയമായ ആരാധനയിൽ സംബന്ധിക്കുവാനും എനിക്കു സാധിച്ചിരുന്നു. അത്തരം സന്ദർഭങ്ങളിൽ പ. പിതാവിന്റെ പുത്രവാത്സല്യം ആവോളം അനുഭവിക്കുവാൻ ഇടയായിട്ടുണ്ട് എന്നത് വിനയപുരസരം സ്മരിച്ചുകൊള്ളട്ടെ. പ. പിതാവ് കാലം ചെയ്യുന്ന നാൾവരെയും നാൾക്കുനാൾ പുഷ്ടിപ്പെട്ടതല്ലാതെ ആയതിന് അല്പംപോലും ഉലച്ചിൽ തട്ടിയിരുന്നില്ല. മോനേ... എന്നു തിരുമേനി വിളിക്കുമ്പോൾ ആ വാക്കുകളിൽ ചാലിച്ച സ്നേഹവും വാത്സല്യവും എന്റെ കാതുകളിൽ അലയടിക്കുന്നതായി തോന്നിയിരുന്നു.

# യാമങ്ങളുടെ കാവൽക്കാരൻ

■ ജേക്കബ് മാത്യു (ജോജോ), മലേഷ്യ
(സഭാ മാനേജിംഗ് കമ്മറ്റി അംഗം)



വലിയവനെന്നോ ചെറിയവനെന്നോ ഉള്ള വേർതിരിവ് പ. പിതാവിന് ലവലേശം ഉണ്ടായിരുന്നില്ല. എല്ലാവരും അദ്ദേഹത്തിന് മക്കളായിരുന്നു. മോനേ..... അല്ലെങ്കിൽ മക്കളെ എന്നു മാത്രമെ കൂടെ നിൽക്കുന്നവരെയും മറ്റുള്ളവരെയും തിരുമേനി സംബോധന ചെയ്യുമായിരുന്നുള്ളു. പ്രാർത്ഥന എന്ന അടിസ്ഥാന ശിലയിൽ പണിതുയർത്തിയ ഒരു ഗോപുരമായിരുന്നു പ. പിതാവ്. ഒരിക്കൽ പ്രാർത്ഥനയെപ്പറ്റി സംസാരിച്ച അവസരത്തിൽ തിരുമേനി പറഞ്ഞ വാക്കുകൾ ഇപ്പോഴും ഓർമ്മയിൽ നിൽക്കുന്നു. *'പാലിൽ പഞ്ചസാര ഏറുംതോറും അത് കൂടുതൽ മധുരതരവും രുചികരവുമാകുന്നു. ആയതുപോലെയാണ് മനുഷ്യജീവിതത്തിൽ പ്രാർത്ഥന'* എന്ന് പ. ബാവാ തിരുമേനി ഉദ്ബോധിപ്പിക്കുകയുണ്ടായി. പ്രത്യേകമായ പ്രാർത്ഥന ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ പ. പിതാവ് ഓർമ്മിപ്പിച്ചിരുന്ന ഒരു പ്രധാന വസ്തുത നിങ്ങളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും അത് ദൈവസന്നിധിയിൽ അർഹമായവയാണെങ്കിൽ തീർച്ചയായും സ്വർഗ്ഗത്തിലെ ദൈവം അത് സാധ്യമാക്കി തരും എന്നാണ്. എളിയവനായ എനിക്ക് അനേകം അവസരങ്ങളിൽ പ. പിതാവിന്റെ പ്രാർത്ഥന ആവശ്യപ്പെടുവാനും ആ പ്രാർത്ഥന മൂലം സ്വർഗ്ഗീയ അനുഗ്രഹങ്ങളെ പ്രാപിക്കുവാനും സാധിച്ചു എന്നതിനെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തട്ടെ.

എല്ലാ കാര്യങ്ങളിലും വളരെയേറെ മിതത്വം പാലിച്ചിരുന്ന ഒരു പിതാവായിരുന്നു പ. ബാവാ തിരുമേനി. സമൃദ്ധിയുടെ പരമകോടിയിലായിരിക്കുമ്പോൾ പോലും മിതവ്യയം തിരുമേനി പാലിച്ചിരുന്നു. ധൂർത്തിനെ പാപമായി

തിരുമേനി കരുതിയിരുന്നു. ഭക്ഷണകാര്യങ്ങളിൽ അമിത പ്രാധാന്യം ഒരിക്കൽ പോലും അദ്ദേഹത്തിൽ കണ്ടിരുന്നില്ല. കഞ്ഞിയും പയറും മുതലായ ആശ്രമഭക്ഷണം തന്നെയായിരുന്നു തിരുമനസ്സിന്റെ അരമന ഭക്ഷണവും. ആഡംബര വസ്തുക്കളെ പിതാവ് ഒരു കാലത്തും സ്നേഹിച്ചിരുന്നില്ല. ഉപയോഗയോഗ്യമായ വസ്തുക്കൾ അവ കാലപ്പഴക്കം ഉള്ളതാണെങ്കിൽ പോലും മാറ്റി പുതിയവ വാങ്ങാം എന്ന് ആരെങ്കിലും നിർദ്ദേശിച്ചാൽ തിരുമേനി അതിനെ കർശനമായി വിലക്കുമായിരുന്നു.

മറ്റാരിലും ദർശിക്കാത്ത ഒരു പ്രത്യേക അജ്ഞാശക്തി പ. പിതാവിൽ കാണപ്പെട്ടിരുന്നു. തന്റെ സ്ഥാന മഹിമയെ കുറിച്ചുള്ള ബോധ്യവും പ. സഭ തന്നെ ഏൽപിച്ചിരിക്കുന്ന ഉത്തരവാദിത്തങ്ങളെക്കുറിച്ചുള്ള അവബോധവും തിരുമനസ്സിലെ എല്ലാ തീരുമാനങ്ങളിലും കാണപ്പെട്ടിരുന്നു.

മൗനത്തിന്റെ ലാവണ്യവും പ്രാർത്ഥനയുടെ തീക്ഷ്ണതയും സമഞ്ജസമായി പ. പിതാവിൽ സമ്മേളിച്ചിരുന്നു. വളരെ മിതഭാഷിയായിരുന്നു പ. പിതാവ്. എങ്കിലും കുഞ്ഞുങ്ങളേയും സ്നേഹിക്കപ്പെട്ടവരേയും കാണുന്ന അവസരങ്ങളിൽ കുശലപ്രശ്നം നടത്തുകയും നർമ്മം പങ്കുവെക്കുകയും ചെയ്യുന്നത് പല അവസരങ്ങളിലും കാണുവാൻ ഇടയായിട്ടുണ്ട്. പക്ഷേ അവയെല്ലാം ആ മഹാമൗനത്തിന്റെ ആവരണത്തിനുള്ളിൽ നിന്നുകൊണ്ട് മാത്രമായിരുന്നു എന്നതായിരുന്നു വസ്തുത. ദൈനംദിന യാമപ്രാർത്ഥനകളെ ഊർജ്ജത്തിന്റെ സ്രോതസ്സായി തിരുമേനി കരുതിയിരുന്നു. യാത്രാവേളകളിലും എയർപോർട്ടിലും ഫ്ളൈറ്റിനുള്ളിലും ആ തീക്ഷ്ണത ദർശിക്കുവാൻ ഇടയായിട്ടുണ്ട്.

പ. പിതാവിനെ ഓരോ തവണ സന്ദർശിക്കുമ്പോഴും ഒരു അദൃശ്യമായ ദൈവികശക്തി അദ്ദേഹത്തിലേക്ക് നമ്മെ കൂടുതൽ ആകർഷിക്കുന്നതായി പലപ്പോഴും അനുഭവപ്പെട്ടിട്ടുണ്ട്. പ. പിതാവ് അഭിവന്ദ്യ തീമോത്തിയോസ് മെത്രാപ്പോലീത്തായായിരിക്കുമ്പോൾ തിരുമനസ്സിന്റെ മലേഷ്യൻ സന്ദർശനവേളയിൽ ആദ്യമായി ദർശിച്ച അവസരം മുതലേ അതു പ്രകടമായിരുന്നു. എന്റെ വിവാഹ കൂദാശയും പ. പിതാവിന്റെ കൈകളാൽ ആശീർവദിക്കപ്പെട്ടു. കുടുംബത്തിലെ വിശേഷ അവസരങ്ങളിലെല്ലാം തന്നെ പ. പിതാവിന്റെ സാന്നിധ്യവും പ്രാർത്ഥനയും ഞങ്ങൾക്ക് എന്നും പ്രചോദനമായിരുന്നു.

തിരുമേനിയുടെ സംസാരം വെറും അധരവ്യായാമം മാത്രമായിരുന്നില്ല. മറിച്ച് അത് എപ്പോഴും അഗാധമായ അർത്ഥതലങ്ങൾ ദർശിക്കാവുന്ന പഠിപ്പിക്കലുകൾ ആയിരുന്നു. ഏതു വിഷയത്തിലുമായിക്കൊള്ളട്ടെ ആയതിൽ പ. പിതാവിനുള്ള അറിവ് വെറും ഉപരിപ്ലവമായത് ആയിരുന്നില്ല. മറിച്ച് അഗാധമായ പാണ്ഡിത്യത്തിന്റെ ബഹിർസ്ഫുരണം തന്നെയായിരുന്നു. ഈ വസ്തുത പലപ്പോഴും എന്നെ വിസ്മയഭരിതനാക്കിയിരുന്നു. തിരുമനസ്സിലെ അധ്യാപന ജീവിതത്തിൽ നിന്നും തപോനിഷ്ഠയിൽ നിന്നും വി. വേദത്തിൽ നിന്നും ആർജ്ജിച്ചെടുത്ത ആ ഉപദേശങ്ങളാകുന്ന മുത്തുകൾ ഏത് ഉലയിൽ ഊതി കാച്ചിയ പൊന്നിലും മേന്മയേറിയവയായിരുന്നു. മത്സരം നിറഞ്ഞ ആധുനിക ജീവിതത്തിൽ നിങ്ങൾ പ്രാവിനെപ്പോലെ നിഷ്കളങ്കരും പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും ആയിരിപ്പിൻ എന്ന് പ. പിതാവ് കൂടെക്കൂടെ ഓർമ്മിപ്പിക്കുമായിരുന്നു.

പ. വലിയ ബാവാ തിരുമനസ്സിലെ ആത്മാവ് ദൈവകരങ്ങളിൽ സമർപ്പിക്കപ്പെട്ടു എങ്കിലും സദൃശ്യവാക്യങ്ങളിൽ പറയുന്നതുപോലെ 'നീതിമാന്മാരുടെ പാതയോ പ്രഭാതത്തിന്റെ വെളിച്ചം പോലെ അതു നട്ടുച്ച വരെ അധികമധികം ശോഭിച്ചു വരുന്നു' എന്ന വാക്യത്തെ അന്വർത്ഥമാക്കുമാറ് ആ ധന്യസ്മരണ അവിടത്തെ ആത്മീയ മക്കൾക്ക് എന്നും ഒരു പ്രകാശ ഗോപുരമായി യുഗാന്തരങ്ങളോളം നിലനിൽക്കുക തന്നെ ചെയ്യും. ■

## വെടിക്കെട്ട് ഒഴിവാക്കണം

**പ. കാതോലിക്കാ ബാവ**

കൊല്ലത്തുണ്ടായ അതിദാരുണമായ വെടിക്കെട്ട് അപകടത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അനുശോചിച്ചു. മരണപ്പെട്ടവരുടെ കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കാനും പരിക്കേറ്റവരെ ചികിത്സിക്കുന്നതിനും സഭാംഗങ്ങൾ ആവും വിധത്തിൽ സഹായിക്കണമെന്നും രക്തം ആവശ്യമായവർക്ക് രക്തം ദാനം ചെയ്യുന്നതിന് യുവാക്കൾ മുന്നോട്ടുവരണമെന്നും പരിശുദ്ധ ബാവ നിർദ്ദേശിച്ചു.

പരിക്കേറ്റവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കണം. പള്ളിപ്പെരുന്നാളിനോടനുബന്ധിച്ച് ചില സ്ഥലങ്ങളിൽ നടത്തുന്ന കരിമരുന്ന് പ്രയോഗം ഒഴിവാക്കണമെന്നും ഇത്തരം അപകടം ആവർത്തിക്കാതിരിക്കാൻ അധികൃതർ സത്വര നടപടി കൈക്കൊള്ളണമെന്നും കാതോലിക്കാ ബാവ ആഹ്വാനം ചെയ്തു.

CATHOLICATE & M.D SCHOOLS
(CORPORATE MANAGEMENT)
DEVALOKAM, KOTTAYAM-04
Phone: 0481-2571485, Web:cmdschools.org

WANTED

കാതോലിക്കേറ്റ് & എം.ഡി സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിലുള്ള വിവിധ സ്കൂളുകളിൽ ഉണ്ടാകുവാൻ സാധ്യതയുള്ള **അറബിക്, തയ്യൽ** എന്നീ അദ്ധ്യാപക തസ്തികകളിലേക്ക് നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാ ഫാറം കോർപ്പറേറ്റ് മാനേജ്മെന്റിന്റെ വെബ്സൈറ്റിൽനിന്നും, മാനേജ്മെന്റ് ഓഫീസിൽനിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം; കോർപ്പറേറ്റ് മാനേജർ, കാതോലിക്കേറ്റ് & എം.ഡി സ്കൂൾസ് എന്ന വിലാസത്തിൽ S.B.T ദേവലോകം ബ്രാഞ്ചിൽ മാറാവുന്ന 200/- രൂപയുടെ D.D, സർട്ടിഫിക്കറ്റുകളുടെ സ്വയം അറ്റസ്റ്റ് ചെയ്ത കോപ്പി എന്നിവ സഹിതം 2016 മെയ് 30നു മുമ്പായി ദേവലോകം കാതോലിക്കേറ്റ് & എം.ഡി സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫീസിൽ ലഭിക്കേണ്ടതാണ്.

Sd/- മാനേജർ.



# ഹൂസോയോ എന്ത്? എപ്പോൾ?

ഫാ. ഡോ. റ്റി. ജെ. ജോഷ്വ

നമ്മുടെ സഭാപരമായ അനുഷ്ഠാന ജീവിതത്തിൽ മുമ്പ് അപൂർവ്വമായി കേട്ടിരുന്നതും ഇന്നു സർവ്വസാധാരണവുമായിത്തീർന്നിട്ടുള്ള ഒരുപദമുണ്ട്-ഹൂസോയോ. ആ സുറിയാനി പദത്തിന് *പാപമോചനം* എന്നർത്ഥം. അത് എന്ത് എന്നും, എപ്പോൾ പ്രയോഗിക്കപ്പെട്ടു എന്നും മനസ്സിലാക്കേണ്ടത് ഇന്നിന്റെ ആവശ്യമായി വന്നിരിക്കുന്നു.

പരിശുദ്ധാത്മാവിന്റെ ഒരു വലിയ പ്രവർത്തനം പാപബോധം വരുത്തുന്നതാണ് (യോഹ. 16:8). ആത്മാവ് ഒരു വിശ്വാസിയിൽ പ്രവർത്തിച്ച് പാപബോധവും പശ്ചാത്താപവും ഉളവാക്കുന്നു. ജീവിതത്തിൽ ചെയ്യാൻ പാടില്ലാത്തതു ചെയ്തതിനെപ്പറ്റിയും, ചെയ്യേണ്ട ധർമ്മങ്ങൾ വിസ്മരിച്ച് കൃത്യവിലോപം വരുത്തിയതിനെപ്പറ്റിയും പശ്ചാത്താപമുണ്ടാകുന്നു. തുടർന്ന് ദൈവത്തിന്റെയും സമൂഹത്തിന്റെയും പ്രതിനിധി ആയ പട്ടക്കാരന്റെ മുമ്പിൽ ഏറ്റു പറയുന്നു. അതു കേട്ടശേഷം പട്ടക്കാരൻ ചെറിയ കൗൺസലിങ്ങു നൽകുന്നു. പാപപ്രവണതകളെ അതിജീവിപ്പാനും, ജയജീവിതത്തിനുതകുന്നതുമായ പ്രബോധനങ്ങളായിരിക്കും. ചില പ്രായശ്ചിത്തവും നിർദ്ദേശിക്കപ്പെടാം. തുടർന്ന് തലയിൽ കൈ വച്ചു നടത്തുന്ന പ്രഖ്യാപനവും ആശംസയുമാണ് *ഹൂസോയോ* എന്നറിയപ്പെടുന്നത്. അതിൽ, ഏറ്റുപറഞ്ഞവയും, ഏറ്റുപറയാൻ വിസ്മരിച്ചുപോയ സകല പാപങ്ങൾക്കും, ലഭ്യമായ പൗരോഹിത്യാധികാരത്താൽ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെ നാമത്തിൽ സകല ബന്ധനങ്ങളിൽ നിന്നും ശിക്ഷകളിൽ നിന്നും നിരോധനങ്ങളിൽ നിന്നും മോചനം പ്രഖ്യാപിക്കുകയും നൽകുകയുമാണ്.

**കുമ്പസാരത്തിൽ ഏറ്റു പറഞ്ഞവയ്ക്കും**, ഏറ്റു പറയാൻ വിസ്മരിച്ചുപോയതുമായ സകല പാപങ്ങൾക്കുമാണ് മോചനം നൽകുന്നതായി വ്യക്തമായി പറയുന്നത്. ഏറ്റുപറച്ചിൽ നടന്നിട്ടില്ലാത്തപ്പോൾ ഈ പ്രഖ്യാപനത്തിന്റെ പ്രസക്തി എന്താണ്? ഏറ്റുപറച്ചിൽ നടത്താതെ ഹൂസോയോ നൽകുന്ന രീതി പിതാക്കന്മാർക്ക് അജ്ഞാതമായിരുന്നു. അങ്ങനെ നൽകുന്ന പതിവുണ്ടായിരുന്നെങ്കിൽ അതിനു യോജിച്ച വാക്കുകളുമായി അവർ *ഹൂസോയോ* രൂപപ്പെടുത്തുമായിരുന്നു. ഇന്ന് ഏറ്റുപറച്ചിൽ കൂടാതെ മോചന പ്രഖ്യാപനം നടത്തുമ്പോൾ, അതിനനുസരണമായി ഒരു ഹൂസോയോ രൂപപ്പെടുത്താൻ ആരാധനാ പരിഷ്ക്കരണ കമ്മിറ്റിക്ക് കഴിയട്ടെ എന്നു ഞാൻ ആശംസിക്കുന്നു!.

ഏതായാലും ഏറ്റുപറച്ചിൽ കൂടാതെ മോചനം ലഭിക്കുന്നതായി തിരുവെഴുത്തു സാക്ഷ്യപ്പെടുത്തുന്നില്ല. മോചനത്തിനുള്ള ഏക വ്യവസ്ഥ ഏറ്റുപറച്ചിൽ തന്നെ. പട്ടക്കാരനോട് കുമ്പസാരം നടത്തുന്ന പതിവില്ലാത്ത ആംഗ്ലിക്കൻ സഭയിലും മറ്റും ജനങ്ങൾ പൊതുവായി അനുതാപത്തിന്റെ പ്രാർത്ഥന ഏറ്റു ചൊല്ലുന്നു. അതിനുശേഷം പട്ടക്കാരൻ എല്ലാവർക്കുമായി മോചന പ്രഖ്യാപനം നടത്തുന്ന രീതി തുടരുന്നു. അവിടെയും ഏറ്റു പറച്ചിൽ ഇല്ലാതെ മോചനമില്ല എന്നു വ്യക്തം.

പഴയ നിയമ സാക്ഷ്യങ്ങൾ കാണുക: പാപം ചെയ്ത ആഖാൻ ജനനേതാവായ യോശുവായുടെ മുമ്പാകെ നിൽക്കുമ്പോൾ അദ്ദേഹം നിർദേശിക്കുന്നു: "മകനേ, യിസ്രായേലിന്റെ ദൈവമായ യഹോവയ്ക്കു മഹത്വം കൊടുത്ത് അവനോടു ഏറ്റു പറയുക, നീ എന്തു ചെയ്തു എന്നു പറയുക; എന്നോടു മറച്ചു വയ്ക്കരുത്" (യോശുവ. 7:19) ആഖാൻ ദൈവത്തോടാണ് ഏറ്റുപറയേണ്ടത്; എന്നാൽ അതു യോശുവായുടെ സാന്നിധ്യത്തിൽ ആണെന്നു വ്യക്തം, കുമ്പസാരത്തിൽ ഒരു വിശ്വാസി ദൈവത്തോടു ഏറ്റു പറയുന്നു; പട്ടക്കാരന്റെ സാന്നിധ്യത്തിൽ എന്നുമാത്രം, "തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവനു ശുഭം വരികയില്ല; അവയെ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കുന്നു" (സദൃ. 28:13). പുതിയ നിയമത്തിൽ യോഹന്നാൻ ശ്ലീഹാ വ്യക്തമാക്കുന്നു: നമ്മുടെ പാപങ്ങളെ ക്ഷമിച്ച്, സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം ദൈവം വിശ്വസ്തനും നീതിമാനുമാകുന്നു (1 യോഹ. 1:9). ഇവിടെയെല്ലാം ഏറ്റു പറച്ചിലിനെ തുടർന്ന് മോചനം നൽകുന്നതായിട്ടാണ്.

**വിശുദ്ധ കുർബാനയിൽ** എല്ലാ വിശ്വാസികളുടേയും അനുതാപത്തിന്റെ ഏറ്റുപറച്ചിൽ നടത്തുന്ന ശ്രദ്ധേയമായ ഹൂസോയോ പ്രാർത്ഥന പട്ടക്കാരൻ ചൊല്ലുന്നു: എങ്കിലോ പുണ്യമാക്കുന്നവനും വെടിപ്പാക്കുന്നവനും എന്നായിരുന്നു പഴയ പരിഭാഷയിൽ ആ പ്രാർത്ഥന തുടങ്ങിയത്. പുതിയ പരിഭാഷയിൽ "പാപപരിഹാരം നൽകുന്നവനും വെടിപ്പാ

ക്കുന്നവനും" എന്നും പറഞ്ഞ് ആരംഭിക്കുന്നു. അത് കുർബാനയോടു ബന്ധപ്പെട്ടുള്ള പ്രാർത്ഥന ആയതിനാൽ കുർബ്ബാനയുള്ള അവസരത്തെ സന്ധ്യാപ്രാർത്ഥനയിലും, പ്രഭാത പ്രാർത്ഥനയിലും പ്രുമിയോൻ-സെദ്റായോടു ചേർത്തു ചൊല്ലുന്നു. കുർബാനയിൽ പ്രുമിയോനും സെദ്റാക്കും ഇടയിൽ ഈ അനുതാപ പ്രാർത്ഥന ചേർത്തിരിക്കുന്നു. സെദ്റായുടെ അന്ത്യത്തിൽ പട്ടക്കാരൻ പാപമോചനം പ്രഖ്യാപിക്കുന്നു. "കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും രണ്ടു ലോകങ്ങളിലും എന്നേക്കും നാം പ്രാപിക്കുമാറാകട്ടെ". ഈ സന്ദർഭത്തിൽ ചില മേല്പട്ടക്കാരും അവരെ കണ്ടിട്ട് ചില പട്ടക്കാരും പടിഞ്ഞാറോട്ട് തിരിഞ്ഞ് ജനങ്ങളുടെമേൽ റൂശ്മാ ചെയ്തു പാപമോചനം നൽകുന്ന് അർത്ഥവത്തായി തോന്നി ചെയ്യുന്നതുമാണ്. ഇവിടെ ഓർക്കാനുള്ളത് കുർബാനയിലെ സെദ്റായുടെ അന്ത്യത്തിൽ മാത്രമല്ല ഏതു സന്ദർഭത്തിൽ ചൊല്ലുന്ന സെദറായുടെയും സമാപന വാക്കുകളായി ചൊല്ലുന്നതാണ്. അപ്പോഴെങ്ങും റൂശ്മാ ചെയ്യാറില്ല. അതുകൊണ്ട് കുർബാനയിൽ മാത്രം ചെയ്യുന്ന ഇക്കാര്യം അനുഷ്ഠാന ക്രമങ്ങളിൽ എങ്ങും പ്രസ്താവിച്ചിട്ടില്ലാത്ത ഒന്നാണ്. അഥവാ റൂശ്മാവേണമെന്നുണ്ടെങ്കിൽ, പാപപരിഹാര പ്രാർത്ഥന (എങ്കിലോ പുണ്യമാക്കുന്നവനും...) യുടെ അവസാനത്തിൽ ആയിരുന്നാൽ പ്രസക്തമാകുമായിരുന്നു.

**കുർബാന സ്വീകരിക്കാനുള്ള** ഒരുക്കമായി രണ്ടു കാര്യങ്ങൾ മാത്രമാണ് ഇന്നുള്ള വിശ്വാസികൾ ധരിച്ചു വച്ചിട്ടുള്ളത്. ഒന്ന്, പ്രഭാത ഭക്ഷണം കഴിക്കരുത്; രണ്ട്, അച്ചൻ "തലയ്ക്കു പിടിക്കണം", എത്രയോ അബദ്ധ ജഡില ധാരണയാണിത്. അച്ചൻ തലയ്ക്കു പിടിച്ച് ഒരു മന്ത്രം ചൊല്ലിയാൽ മതി എല്ലാ ഒരുക്കവുമായി എന്നാണ്. പെസഹാ ദിവസം ഹൂസോയോ പ്രാപിച്ച് കുർബ്ബാന അനുഭവിച്ച ശേഷം ഉയിർപ്പു ദിവസം വരുമ്പോഴും ഹൂസോയോ ആവശ്യപ്പെട്ട് ജനം വരുന്നു. പാപത്തിന്റെ പ്രലോഭനത്തിൽ പെടാൻ സാഹചര്യമില്ലെങ്കിൽ തന്നെയും, പിന്നെയും ഹൂസോയോ ആവശ്യപ്പെടുന്നത് അത് ഒരു മന്ത്രം പോലെ പ്രവർത്തിക്കുമെന്ന ധാരണയിൽ നിന്നാണ്. തലേ ദിവസം രാത്രി മുതൽ കുർബാന സ്വീകരിക്കാനുള്ള ഒരുക്കമാരംഭിക്കണം. വ്രത മനുഷ്ഠിച്ചാവണം അതു ചെയ്യേണ്ടത്. അനുതാപത്തിന്റെ മസുമൂറാകൾ ചൊല്ലിയും മറ്റും ഹൃദയം രാജാധിരാജാവായ കർത്താവിനെ ഉചിതമായി സ്വീകരിക്കുവാൻ തക്കവണ്ണം ഒരുക്കണം. പൗലോസ് അപ്പോസ്തൊലന്റെ വാക്കുകൾ ശ്രദ്ധിക്കുക. "അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ എല്ലാം, കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാരൻ ആകും. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും, ഈ പാനപാത്രത്തിൽ നിന്നു കുടിക്കുകയും ചെയ്യാൻ. തിന്നുകയും കുടിക്കുകയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു. ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു; അനേകരും നിദ്രകൊള്ളുന്നു (1 കൊരി. 11:27-30).

**അപ്പോസ്തോലിക കാലത്ത്** അത്താഴം കഴിഞ്ഞ ശേഷമായിരുന്നു കർത്തൃമേശ അനുഷ്ഠിച്ചത് (1 കൊരി. 11:33-34). കർത്താവും അത്താഴം കഴിഞ്ഞ ശേഷമാണ് കുർബാന സ്ഥാപിച്ചത്. എന്നാൽ രണ്ടാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ കുർബാന പ്രഭാതത്തിൽ അർപ്പിക്കുകയും ഉപവാസത്തോടെ അതിൽ പങ്കു ചേരുന്ന പതിവുണ്ടാകയും ചെയ്തു. കുർബാനയോടുള്ള ആദരവും ഭക്തിയും വർദ്ധിച്ച അനുഭവമുണ്ടായി. വിശ്വാസപോരാട്ടക്കാർക്കും രക്തസാക്ഷികൾക്കും വിശുദ്ധ കുർബാനാനുഭവം ശക്തിദായകമായിരുന്നു.

കുർബാന അനുഭവം ഇന്ന് സാധാരണമായിത്തീർന്നിട്ടുണ്ട്. നല്ലതു തന്നെ. പക്ഷേ സംഭവിച്ചിരിക്കുന്ന അപകടം വളരെ വലുതാണ്. ലാഘവത്തോടും ആവശ്യം വേണ്ട ആത്മീയ ഒരുക്കത്തോടുമല്ല സ്വീകരിക്കുന്നത് എന്നാണ്. കത്തോലിക്കാ സഭയിൽ ഒരു വർഷം മുഴുവൻ ദിവ്യകാരുണ്യ വർഷമായി പ്രഖ്യാപിച്ച് വിവിധ മാർഗ്ഗങ്ങളിൽ കൂടി വി. കുർബാനയോടുള്ള ഭക്തിയും ബന്ധവും വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കുകയുണ്ടായി. ഏതായാലും നമ്മുടെ സഭയുടെ കൗദാശികവേദശാസ്ത്രം ഉൽക്കൃഷ്ടവും അതുല്യവും എന്ന് നാം അവകാശപ്പെട്ടാലും, വിശ്വാസികളുടെ ആത്മിക ജീവിതത്തിൽ വിശുദ്ധ കുർബ്ബാന നിർണ്ണായക സ്വാധീനവും ശക്തി സ്രോതസ്സുമായി അംഗീകരിക്കപ്പെടണം. ■


## മലങ്കരസഭാ മാസിക

- മലങ്കരസഭാ മാസികയിലേക്ക് വരിസംഖ്യ, പരസ്യം ഇനത്തിൽ ബാങ്കിൽ പണം നിക്ഷേപിക്കുന്നവർ 0481-2573234 എന്ന നമ്പരിൽ വിളിച്ചറിയിക്കണം.

[Bank -S.B.T Devalokam,
Account Name & Number
- MALANKARA SABHA
(57017053203)
IFSC Code - SBT R 0000820]

- എല്ലാ മാസവും 10-ന് മലങ്കരസഭാ മാസിക കോട്ടയത്തു നിന്നും പോസ്റ്റു ചെയ്യുന്നു.
- ഏതെങ്കിലും കാരണവശാൽ മാസിക ലഭിക്കാതെ വരുന്നവർ അതതു പോസ്റ്റാഫീസുമായി ബന്ധപ്പെടണം.
- മലങ്കരസഭാ മാസിക സംബന്ധമായ പരാതികൾ രാവിലെ 10 മുതൽ 4 വരെ 0481-2573234 എന്ന നമ്പറിൽ അറിയിക്കാവുന്നതാണ്.
- ലേഖനങ്ങൾ പേജ്മേക്കറിൽ (pmd) ML-TT Revathy Font ൽ അയച്ചു തരണം. A4 മൂന്നു പേജിൽ കവിയരുത്.
- പരസ്യപേജ് ലേ-ഔട്ട് ചെയ്ത് PDF-ൽ അതതുമാസം 25-നു മുമ്പ് നൽകണം.
- സൺഡേസ്ക്കൂൾ കേന്ദ്രതല സമ്മാനാർഹരുടെ ഫോട്ടോയോടൊപ്പം വികാരിയുടെ കത്ത് നിർബന്ധമായും ഉണ്ടായിരിക്കണം.

Malankara Sabha Masika
Catholicate Aramana
Devalokam, Kottayam-686004

malankarasabha1946@gmail.com
sabhamasika@yahoo.com

## മലങ്കരസഭ മാസിക

### വരിസംഖ്യ

| | |
|---|---|
| ഒറ്റപ്രതി | : ₹ 15 |
| ഒരുവർഷം | : ₹ 180 |
| രണ്ട് വർഷം | : ₹ 360 |
| 6 വർഷം | : ₹ 1000 |
| വിദേശത്തേക്ക്: | |
| ഒരു വർഷം | : ₹ 2000 |

Malankara Sabha Magazine
Devalokam Kottayam-04;
Ph:0481-2573234, 9947804477

# പാർസി സിൻഡ്രോം ബാധിച്ച സുറിയാനി ക്രിസ്ത്യാനികൾ

■ ഫാ. പി. എ. ഫിലിപ്പ്
(മിനിസ്ട്രി ഓഫ് ഹ്യൂമൻ എംപവർമെന്റ്)

"ക്രിസ്തു ശിഷ്യനായ മാർത്തോമ്മാ ശ്ലീഹായുടെ സുവിശേഷീകരണഫലമായി ക്രിസ്തു വർഷം ഒന്നാം നൂറ്റാണ്ടു മുതൽ കേരളത്തിൽ ഒരു പ്രബല ക്രൈസ്തവ സമൂഹം വളർന്ന് വന്നിരുന്നു. രണ്ടു സഹ സ്രാബ്ദങ്ങൾ കേരളത്തിന്റെ സാമ്പത്തിക- സാംസ്കാരിക- സാമൂഹ്യ - രാഷ്ട്രീയ മേഖലകളി ലെല്ലാം നിർണ്ണായക സ്വാധീന മുണ്ടായിരുന്ന ഈ ക്രൈസ്തവ സമൂഹം ഇരുപതാം നൂറ്റാണ്ടു മുതൽ ക്ഷയിക്കുവാൻ തുടങ്ങി. 22-ാം നൂറ്റാണ്ടിന്റെ അന്ത്യ ത്തോടെ ഈ ക്രൈസ്തവ സമൂഹം നിശേഷം ഇല്ലാതായിത്തീരുന്നു".

ഇരുന്നൂറോ മുന്നൂറോ വർഷങ്ങൾക്കു ശേഷം കേരള ചരിത്രമെഴുതുന്നവർ ഈ രീതിയിൽ ഒരു പ്രസ്താവം നടത്തിയേക്കാം. സുറിയാനി ക്രിസ്ത്യാനികളുടെ ഇന്നത്തെ വളർച്ചാനിരക്ക് സൂക്ഷമമായി പഠിച്ചാൽ ഇതിൽ ഒട്ടും അതിശയോക്തിയില്ല എന്നു പറയേണ്ടി വരും. അംഗസംഖ്യ യിൽ ഏറ്റവും ചെറിയ ഒരു മതവിഭാഗമാണ് ഭാരതത്തിലെ പാഴ്സികൾ. സൗരാഷ്ട്രിയൻ മതവിശ്വാസികളായ ഇറാൻ വംശജ രാണ് ഈ കൂട്ടർ. 15-ാം നൂറ്റാണ്ടിൽ പേർഷ്യയിൽ മുസ്ലീങ്ങൾ നടത്തിയ മതപീഢയുടെ ഫലമായി നാടുവിട്ട് ഓടി ഇൻഡ്യയിൽ എത്തിയവരാണ് ഇപ്പോ ഴത്തെ പാഴ്സി കളുടെ പൂർവ്വികർ. 15,16 നൂറ്റാണ്ടുകളിൽ യൂറോപ്പ്യൻമാർ ഇൻഡ്യയിൽ ആരംഭിച്ച ഫാക്ടറി കളിൽ ജോലി തേടിയാണ് അവർ എത്തിയത്. സൗരാ ഷ്ട്രിയൻ മതവിശ്വാസവും ആചാരങ്ങളും അവർ തലമുറകളായി പിന്തുടരുകയും ചെയ്തു. കഠിനാ ധ്വാനവും കർമ്മശേഷിയും കൊണ്ട് പാഴ്സികളിൽ അധികം പേരും വിദ്യാസമ്പന്നരും ധനാഢ്യരും വ്യവ സായ പ്രമുഖരുമൊക്കെ ആയി തീർന്നു. ഇന്ത്യാ ചരിത്ര ത്തിലെ ചില മഹാരഥൻമാർ ഈ ഗണത്തിൽ പ്പെട്ടവരായിരുന്നു. ദാദാഭായ് നവറോജി, സർ ദൊറാബ്ജി റ്റാറ്റാ, എ. ഗോദ്റജ് , നാനി പൽക്കിവാല, എഫ്. എസ്. നരിമാൻ തുടങ്ങിയ പ്രമുഖരൊക്കെ പാഴ്സി മതക്കാരാണ്. മുംബായ്, സൂററ്റ് ദേശങ്ങളിലാണ് പ്രധാനമായും ഇവർ കൂടുതൽ വളർന്നത്. 1941 ലെ സെൻസസ് അനുസരിച്ച് ഇന്ത്യയിൽ 1,14000 പാഴ്സികൾ ഉണ്ടായിരുന്നു. പാഴ്സികൾ അധികവും പണക്കാരും വിദ്യാസമ്പന്നരുമായതിനാൽ മക്കൾക്ക് ഉന്നതവിദ്യാഭ്യാസം നൽകുവാനും വിദേശ രാജ്യങ്ങളിൽ അയച്ച് പഠിപ്പിക്കുവാനും കഴിഞ്ഞു. 97% സ്ത്രീസാക്ഷരതയുള്ള ഒരു വിഭാഗമായതിനാൽ വിദ്യാസമ്പന്നരായ യുവതികൾ പഠനആവശ്യം മുൻ നിറു ത്തിയോ, ഉദ്യോഗപരമായ കാരണങ്ങളാലോ അവിവാഹി തരായി ജീവിക്കുവാനോ, വിവാഹം കഴിക്കുന്നത് താമസിപ്പിക്കുവാനോ ശ്രമിക്കുന്നവരാണ്. പ്രത്യുൽപ്പാദ നശേഷി കൂടുതലുള്ള ചെറുപ്രായത്തിൽ യുവതികൾ വിവാഹിതരാകാത്തതിനാൽ ജനനനിരക്ക് വളരെ കുറഞ്ഞുവരുന്നു. അതുകൊണ്ട് തന്നെ കുടുംബങ്ങളിൽ കുട്ടികളുടെ എണ്ണം വളരെ കുറയുന്നു. 2001 സെൻസസ് അനുസരിച്ച് 69601 പാഴ്സികളേ ഇന്ത്യയിലുള്ളൂ. 2020 ആകുമ്പോഴേക്ക് അത് കേവലം 23000 ആകുമെന്നാണ് ജനസംഖ്യാ വിദഗ്ധർ കണക്കുകൂട്ടുന്നത്.

**കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ ഗതിയും** ഏതാണ്ടിതുപോലെയാണ്. സാമ്പത്തിക- സാമൂഹിക- സാംസ്കാരിക രംഗങ്ങളിലെല്ലാം ഉന്നതനിലവാരം പുലർത്തുന്ന സുറിയാനിക്രിസ്ത്യാനിയുടെ ഭാവി അത്ര ശോഭനമല്ല എന്നാണ് ജനസംഖ്യാ കണക്കുകൾ വ്യക്തമായ സൂചന നൽകുന്നത്. അനതി വിദൂരഭാവിയിൽ മുൻപ് സൂചിപ്പിച്ച 'പാർസി സിൻഡ്രോം' ശക്തമായി ബാധിക്കുമെന്ന് ഉറപ്പ്. 2011 ലെ സെൻസസ് അനുസരിച്ച് കേരളത്തിൽ സുറിയാനി ക്രിസ്ത്യാനികൾ കൂടുതൽ താമസിക്കുന്ന ജില്ലകളിൽ പുരുഷൻമാരെക്കാൾ കൂടുതൽ സ്ത്രീകളു ണ്ടായിരുന്നു. ഇതിന്റെ അർത്ഥം ഓരോ ഇടവകയിലും പുരുഷൻമാരേക്കാൾ കുടുതൽ സ്ത്രീകൾ ഉണ്ടെന്നാണ്. രണ്ടാമതായി, വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ എന്നീ മേഖലകളിൽ സുറിയാനി ക്രിസ്ത്യാനികൾ ബഹുദൂരം മുമ്പിലാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ജനങ്ങൾ ആരോഗ്യമുള്ളവരും വിദ്യാസമ്പന്നരും ആവുന്ന തോടൊപ്പം തന്നെ വിദ്യാഭ്യാസ - ആരോഗ്യമേഖലയിലെ പ്രമുഖ സ്ഥാപനങ്ങളിൽ പലതും സുറിയാനി ക്രിസ്ത്യാനി കളുടെതാണ്. ഇതൊക്കെ നല്ല കാര്യങ്ങളാണെങ്കിലും ഇന്നത്തെ രീതിയിൽ സ്ഥിതിഗതികൾ മുന്നോട്ടുപോയാൽ നമ്മെ അലോസരപ്പെടുത്തേണ്ട ഒരു യഥാർത്ഥ്യം സുറിയാനി ക്രിസ്ത്യാനികൾ എന്ന വർഗ്ഗം ഒന്നോ രണ്ടോ നൂറ്റാണ്ടുകൾക്കുള്ളിൽ കേരളത്തിൽ കുറ്റിയറ്റു പോകുമെന്ന താണ്. ജനനനിരക്ക് വളരെ കുറയുന്നു എന്നത് ആശങ്കാ ജനകമാണ്. ജനന നിരക്ക് ഏറ്റവും താഴ്ന്ന് ദമ്പതികൾക്ക് 1.7 കുട്ടി എന്ന നിലയിൽ എത്തി നില്ക്കുന്നു. ഇത് നെഗടീവ് വളർച്ചാ നിരക്കാണ്. ശരാശരി രണ്ടു കുട്ടികൾ എങ്കിലും ഒരു കുടുംബത്തിൽ ഉണ്ടെങ്കിൽ മാത്രമെ



തൽസ്ഥിതിയെങ്കിലും തുടരാനാകു. സ്ത്രീ വിദ്യാഭ്യാസവും സ്ത്രീകൾക്കുള്ള തൊഴിൽ അവസരങ്ങളും തജ്ജന്യമായ സ്വാതന്ത്ര്യബോധവും സുരക്ഷിതത്വവും വർദ്ധിച്ചതോടു കൂടി വിവാഹം, കുടുംബം എന്നീ സങ്കൽപങ്ങളോടുള്ള സമീപനം തന്നെ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുകയാണ്. പലരും അവിവാഹിതരായി ശിഷ്ടകാലം കഴിക്കാനാഗ്രഹിക്കുന്നു. വിവാഹിതരിൽ തന്നെ ഒരു ന്യൂനപക്ഷമെങ്കിലും കുട്ടികൾ വേണ്ട എന്നു ചിന്തിക്കുന്നവരാണ്. ആധുനിക ഭക്ഷണക്രമം മൂലവും മരുന്നുകളുടെ അമിതമായ ഉപയോഗം മൂലവും പ്രത്യുൽപ്പാദനശേഷി തന്നെ ഇല്ലാതായ ദമ്പതികൾ ഒരു വലിയ കൂട്ടരുണ്ട്. ഇതിന്റെയെല്ലാം ആകെത്തുക കുടുംബങ്ങളിൽ കുട്ടികളുടെ എണ്ണം ആശങ്കാജനകമായി കുറയുന്നു എന്നതാണ്.

**കേരളത്തിൽ സുറിയാനി ക്രിസ്ത്യാനികളുടെ എണ്ണം** കുറയാ നുള്ള മറ്റൊരു കാരണം ജോലിക്കും പഠനത്തിനുമായി കേരളം വിട്ടുപോകുന്ന പുത്തൻ തലമുറയാണ്. ഉന്നതവിദ്യാഭ്യാസ നിലവാരം പുലർത്തുന്ന കേരളീയർക്ക് തദനുസരണമായ തൊഴിൽ അവസരങ്ങൾ ഇവിടെ ലഭിക്കുന്നില്ല എന്നത് നഗ്നസത്യമാണ്. കൂടാതെ കേരളത്തിലെ ഒടുങ്ങാത്ത അഴിമതിയും അടങ്ങാത്ത വർഗ്ഗീയതയും അരക്ഷിതത്വബോധവും യുവതലമുറയെ ഈ നാടുവിട്ട് പോകുവാൻ നിർബ്ബന്ധിതരാക്കുന്നു. നമ്മുടെ നാട്ടിൽ ചെറുപ്പക്കാരുടെ എണ്ണം നന്നേ കുറഞ്ഞു വരുന്നു എന്നത് നമ്മുടെ പള്ളികളിലെ ആരാധനകളും യോഗങ്ങളും ശ്രദ്ധിച്ചാൽ നന്നായി മനസ്സിലാകും. 2011 ലെ സെൻസസ് അനുസരിച്ച് കേരളത്തിന്റെ സുറിയാനി ക്രിസ്ത്യാനികളുടെ ആകെ സംഖ്യ 30.21 ലക്ഷമാണ്. ഇത് 2031 ആകുമ്പോഴേക്ക് 28.51 ലക്ഷം ആവുമെന്ന് കണക്ക് കൂട്ടുന്നു. 2011–31 ലെ വളർച്ചാനിരക്ക് പ്രതിവർഷം നെഗറ്റീവ് 0.19% ആയിരിക്കുമെന്നും ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ കേരള ജനസംഖ്യയുടെ 9.5% ആയിരുന്ന സുറിയാനി ക്രിസ്ത്യാനികൾ 2031 ഓടെ കേവലം 8.4% ആയി കുറയുമെന്നും കണക്കാക്കപ്പെടുന്നു. കേരളത്തിൽ നിന്ന് ജോലി തേടി വിദേശത്തേക്ക് താല്ക്കാലികമായി പോയിട്ട് കുറെ വർഷങ്ങൾക്ക് ശേഷം തിരികെയെത്തുന്നവരേക്കാൾ കൂടുതലാണ് ഉദ്യോഗാർത്ഥം പല രാജ്യങ്ങളിലും ദേശങ്ങളിലും പോയി അവിടെതന്നെ സ്ഥിരതാമസ മാക്കുന്നവർ. അവർ തിരിച്ചെത്തുന്നില്ല എന്നതിനെക്കാൾ, അവരുടെ അനന്തരതലമുറകളെല്ലാം തന്നെ അവിടെ സ്ഥിരതാമസമാക്കുന്നവരാണ് എന്നതാണ് നമ്മെ ബാധിക്കുന്ന പ്രധാന പ്രശ്നം.

**ഏറ്റവും രസകരമായ സംഗതി** സുറിയാനി ക്രിസ്ത്യാനികൾക്കിടയിൽ വൃദ്ധരുടെ സംഖ്യ വളരെ വർദ്ധിക്കുന്നു എന്നതാണ്. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭത്തിൽ 4% വൃദ്ധരാണ് ഈ സമുദായത്തി ലുണ്ടായിരുന്നതെങ്കിൽ, നൂറ്റാണ്ട് അവസാനിക്കുമ്പോൾ അത് 10% ആയിരുന്നു. 21–ാം നൂറ്റാണ്ടിൽ ആദ്യത്തെ 25 വർഷത്തിനിടയിൽ വൃദ്ധരുടെ നിരക്ക് 25% ആയിരിക്കും. അമ്പതു വർഷം മുമ്പ് സുറിയാനി ക്രിസ്ത്യാനികളുടെ ജനസംഖ്യയിൽ 40% 15 വയസ്സിൽ താഴെയുള്ള കുട്ടികളായിരുന്നുവെങ്കിൽ അടുത്ത അമ്പതു വർഷത്തിനിടയിൽ 15 വയസ്സിൽ താഴെയുള്ള കുട്ടികൾ 15% വും 60 വയസ്സിനുമുകളിൽ പ്രായമുള്ളവർ 35% വും ആയിരിക്കും. ജനസംഖ്യയിലെ ഈ അസന്തുലിതത്വം എല്ലാ ജീവിതമേഖലകളേയും ബാധിക്കുമെന്നതിൽ സംശയമില്ല. വൃദ്ധ മന്ദിരങ്ങൾ ഉണ്ടാക്കുന്നതിലും സുറിയാനി ക്രിസ്ത്യാനികൾ തന്നെയാണ് മുൻപന്തിയിൽ. സംസ്ഥാനത്തെ ഏതാണ്ട് 150 ഓളം വൃദ്ധ മന്ദിരങ്ങളിൽ 50% ത്തിലേറെയും സുറിയാനി ക്രിസ്ത്യാനികൾ തിങ്ങി പാർക്കുന്ന കോട്ടയം, പത്തനംതിട്ട ജില്ലകളിലാണ്. ഈ ജില്ലകളിൽ 95% വൃദ്ധമന്ദിരങ്ങളെയും നേതൃത്വം നല്കുന്നത് സുറിയാനി ക്രിസ്ത്യാനികൾ തന്നെയാണ്. ഇവയിൽ ചിലതൊക്കെ ലാഭക്കൊതിയോടെയും വാണിജ്യാടിസ്ഥാനത്തിലും നടത്തുന്നവയാണ്. ഇതൊക്കെയാണ് നമുക്ക് മുമ്പിലുള്ള സത്യങ്ങളെങ്കിൽ ഈ യഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളുവാൻ സഭ സന്നദ്ധമായിട്ടുണ്ടോ ? കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ അനേകം ദേവാലയങ്ങൾ പൊളിച്ച്, കോടികൾ മുടക്കി വിശാലമായ ആലയങ്ങൾ പണിതതായി നാം കാണുന്നു. എന്നാൽ പള്ളി വലുതായതല്ലാതെ സഭ വലുതാവുന്നുണ്ടോ എന്ന് നാം ചിന്തിക്കേണ്ടതല്ലേ ? ഒരോ ഇടവകയിലും അംഗസംഖ്യ എത്ര വർദ്ധിക്കുന്നുണ്ട്? പ്രജനനത്തിലൂടെ സഭയുടെ അംഗസംഖ്യ എത്ര വർദ്ധിക്കുന്നു ?. ഓർത്തഡോക്സ് വിശ്വാസം സ്വീകരിച്ച് സഭയിലേക്ക് വരുന്നവർ എത്ര? ജോലി സംബന്ധമായി ഭാരതത്തിലെ മറ്റു സ്ഥലങ്ങളിലേക്കും വിദേശങ്ങളിലേക്കും പോകുന്നവർ അധികവും സഭയ്ക്ക് നഷ്ടപ്പെടുകയല്ലേ? ചില വർഷങ്ങൾക്കുള്ളിൽ കേരളത്തിലെ ക്രിസ്ത്യാനികളുടെ വൃദ്ധജനസംഖ്യ 40% ത്തോളം ആകുമെന്നിരിക്കെ ഇവരെ സംരക്ഷിക്കത്തക്കവിധം വേണ്ട സംവിധാനങ്ങളെപ്പറ്റി സഭ ആലോചി ക്കണ്ടേതല്ലേ?. വൃദ്ധരായ മാതാപിതാ ക്കളെ ഉപേക്ഷിച്ച് കടന്നു കളയുന്ന മക്കളെപ്പറ്റി എത്രയോ കഥകളാണ് നാം കേൾക്കുന്നത്? മറ്റാരുടെയും തുണയും ആശ്രയവുമില്ലാതെ ഒറ്റയ്ക്കു ജീവിക്കുന്ന വൃദ്ധർ അനുഭവിക്കുന്ന യാതനകളെപ്പറ്റി സഭ അറിയുന്നുണ്ടോ ? പാഴ്സി സിൻഡ്രം ബാധിച്ചിരിക്കുന്ന സുറിയാനി ക്രിസ്ത്യാനികൾ ചരിത്ര ത്തിൽ ഒരു പുരാവസ്തുവായി അവ ശേഷിക്കുമോ എന്ന് കാലം തെളിയി ക്കേണ്ടിയിരിക്കുന്നു. ■

# സമഗ്ര സൗഖ്യം കൗദാശിക വേദശാസ്ത്രം

പരമ്പരാഗതമായി രോഗവും സൗഖ്യവും ദൈവബോധ വുമായി ബന്ധിപ്പിച്ചാണ് മനുഷ്യർ കണ്ടിരുന്നത്.




■ ഫാ. യൂഹാനോൻ ജോൺ
(മാർ കുറിയാക്കോസ് ആശ്രമം, മൈലപ്ര)

**2016** മലങ്കര ഓർത്തഡോക്സ് സഭയുടെ സമഗ്ര സൗഖ്യ വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ആരോഗ്യ ത്തെക്കുറിച്ചും, സൗഖ്യത്തെക്കുറിച്ചും, സമഗ്രതയെ സംബന്ധിച്ചും സഭാംഗങ്ങളിൽ വ്യക്തമായ ദർശനം രൂപപ്പെടുവാനായിട്ടാണ് ഈ വർഷാചരണം.

സമകാലീന സാഹചര്യമാണ് ഈ വിഷയത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നത്. കാർഷിക വൃത്തിയിൽ ജീവിച്ചിരുന്ന മനുഷ്യസമൂഹം വ്യവസായ വിപ്ലവത്തിലൂടെയും ടെക്നോളജി വികസനത്തിലൂടെയും വളരെ വ്യത്യസ്തമായ ജീവിത രീതികൾ ആവിഷ്ക്കരിച്ചു തുടങ്ങി. കായിക വ്യായാമത്തെക്കാൾ ബൗദ്ധിക വ്യായാമത്തിൽ അടിസ്ഥിതമായ ജോലികളിലാണ് ഏർപ്പെടേണ്ടിവരുന്നത്. അതിനാൽ സ്വാഭാവിക, ശാരീരിക, മാനസിക പ്രവർത്തനങ്ങൾക്ക് മാറ്റങ്ങൾ ഉണ്ടായി. ജീവിതശൈലി രോഗങ്ങൾ അതിന്റെ ഫലമാണ്. 'വയറുനിറയ്ക്കാൻ വേണ്ടി ഓടുന്നവരും', 'വയറു കുറയ്ക്കാൻവേണ്ടി ഓടുന്നവരും' എന്ന രണ്ട് അന്തരം മനുഷ്യർക്കിടയിൽ കാണാൻ കഴിയും. സേവന-ശുശ്രൂഷ നിലപാടുകളിൽ നിന്നും സാമ്പത്തിക ലാഭ വ്യവസ്ഥിതിയിലേക്ക് മാറിയ ആധുനിക വൈദ്യശാസ്ത്ര മേഖല രോഗികളെ വ്യക്തികളായി കാണാതെ ഉപഭോക്താവായി മാത്രം തരം താഴ്ത്തുന്നു. ആതുര ശുശ്രൂഷാലക്ഷ്യത്തോടെയുള്ള മിഷൻ ഹോസ്പിറ്റലുകളുടെ സ്ഥാനത്ത് മരുന്നു വിപണിയുമായി കൈകോർത്തു നിൽക്കുന്ന കമ്പോളവത്കൃത മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ ഉയരുന്നു. ഇതിനിടയിൽ ആരോഗ്യത്തെക്കുറിച്ചും, സൗഖ്യത്തെക്കുറിച്ചും, സൗന്ദര്യത്തെക്കുറിച്ചും തെറ്റായ പഠിപ്പിക്കലുകൾ വ്യാപകമാകുന്നു. കമ്പോള ചൂഷണത്തിനുള്ള ആകർഷക പദങ്ങളായി 'ആരോഗ്യം', 'സൗന്ദര്യം' എന്നിവ മാറ്റപ്പെടുന്നു. ലാഭേച്ഛയിൽ അടിസ്ഥാനപ്പെടുത്തിയ സങ്കല്പങ്ങളാണ് പ്രചരിപ്പിക്കപ്പെടുന്നത്. 'രോഗശാന്തി ശുശ്രൂഷ' എന്ന പേരിൽ ജനാകർഷക ബാനറുകളിൽ നവീന സഭകൾ വികലമായ തത്വങ്ങൾ പ്രചരിപ്പിക്കുന്നു. സമഗ്രമായ വ്യക്തിസൗഖ്യത്തെ നിരാകരിക്കുന്ന ഇത്തരം പ്രവണതകൾക്ക് നടുവിലാണ് പരിശുദ്ധ സഭ ഈ ദർശനം ഉന്നയിക്കുന്നത്.

**രോഗവും സൗഖ്യവും** ദൈവബോധ വുമായി ബന്ധിപ്പിച്ചാണ് മനുഷ്യർ കണ്ടിരുന്നത്. ഈജിപ്ഷ്യൻ മിഥോളജിയിൽ 'ഐസിസ്' എന്ന ദേവതയാണ് സൗഖ്യം നൽകുന്നത്. ചൈനീസ് പാരമ്പര്യ വൈദ്യം മതചിന്തകളുമായി ചേർന്നതായിരുന്നു. ഭാരതീയ പാരമ്പര്യത്തിൽ വൈദ്യവും, വൈദികവും ഒരേ കുടുംബത്തിൽ നിന്നാണ് പ്രാപിച്ചിരുന്നത്. അഥർവവേദത്തിൽ സൗഖ്യത്തിനായുള്ള മന്ത്രങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. യഹൂദ സമൂഹത്തിൽ "തൽമൂദ് വൈദ്യം" (Talmudic Medicine) എന്ന ചികിത്സാതത്വങ്ങളുടെ അടിസ്ഥാനത്തിൽ യഹൂദ റാബിമാർ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ആദിവാസി ഗോത്രങ്ങളുടെ ട്രൈബൽ മെഡിസിൻ പ്രകൃതിയുമായി ബന്ധപ്പെടുത്തിയും ചിന്തിച്ചിരുന്നു. അസുഖങ്ങൾ




ഉണ്ടാകുമ്പോൾ മാജിക്കിലും ആഭിചാര ക്രീയകളിലും ശരണപ്പെടുന്ന മാനുഷിക രീതികൾ പഴയ കാലത്ത് പ്രബലമായിരുന്നു. അന്ധവിശ്വാസങ്ങളിൽ നിന്ന് ചികിത്സാ സമ്പ്രദായത്തെ വിമോചിപ്പിച്ചത് ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവായ ഗ്രീക്ക് ചിന്തകൻ ഹിപ്പോക്രാറ്റസ് ആയിരുന്നു. ശാരീരിക രോഗങ്ങൾക്ക് കാരണം ശരീരത്തിന്റെ അസന്തുലിതാവസ്ഥയും അനുപാതരാഹിത്യവുമാണെന്ന് അദ്ദേഹം തന്റെ സിദ്ധാന്തങ്ങളിലൂടെ വ്യക്തമാക്കി. 17-ാം നൂറ്റാണ്ടിലുണ്ടായ പാശ്ചാത്യ പ്രബുദ്ധത (Western Enlightenment) ബാഹ്യശക്തിയിലുള്ള ആശ്രയത്തിന് പകരം മനുഷ്യയുക്തിയിൽ അധിഷ്ഠിതമായി ജീവനെയും ശരീരത്തെയും ആരോഗ്യത്തെയും കാണുവാൻ മനുഷ്യർക്ക് പ്രേരണ നൽകി. അതിന്റെ ഫലമായി ഉളവായതാണ് ആധുനിക വൈദ്യശാസ്ത്രം. ന്യൂറോ, സയൻസ്, നാനോ മെഡിസിൻ, അവയവ മാറ്റ ശസ്ത്രക്രിയകൾ തുടങ്ങിയ അത്യാധുനിക ചികിത്സാരീതികളിലൂടെ വൈദ്യശാസ്ത്രം കുതിപ്പ് തുടരുന്നു. ഈ കുതിപ്പിനിടയിൽ 'ജീവൻ', 'വ്യക്തി', 'ആരോഗ്യം' ആദിയായവയെ സംബന്ധിച്ചുള്ള സമഗ്രമായ ദർശനങ്ങൾ പലപ്പോഴും നഷ്ടമാകുന്നു. ഇവിടെയാണ് സഭയുടെ സമഗ്രസൗഖ്യദർശനം പങ്കു വയ്ക്കുന്നത്.

എന്താണ് സമഗ്രമായ ആരോഗ്യം? വ്യക്തിയുടെ ശാരീരിക (Physical), മാനസിക(Phychological), സാമൂഹിക (Social), ആത്മിയ (Spiritual) തലങ്ങളുടെ സുസ്ഥിതിയാണ് (WELL BEING) 'സമഗ്രാരോഗ്യം' എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. വ്യക്തിയെ ആത്മാവ്, ശരീരം, മനസ് എന്നീ മൂന്നു ഘടകങ്ങളായി വേർതിരിച്ച് വിശകലനം ചെയ്തിരിക്കുന്നു. മനുഷ്യന്റെ ആളത്വത്തെ അപ്രകാരം വേർപിരിക്കാൻ കഴിയില്ലെങ്കിലും വിശകലനം ചെയ്യാൻ സഹായകമാണ്. ഉത്തരാധുനിക ചിന്തയിൽ മനുഷ്യന്റെ ശരീരവും മനസും സാമൂഹ്യ നിർമ്മിതിയാണ്. അതിനാൽ വ്യക്തിയുടെ സാമൂഹിക ആരോഗ്യം (Social Health) വളരെ സംഗതമാണ്.

**സമഗ്രസൗഖ്യ ദർശനത്തിന്** നാല് വേദശാസ്ത്ര അടിത്തറയാണ് ഓർത്തഡോക്സിയിൽ സൂചിപ്പിക്കുന്നത്.

1. മനുഷ്യാവതാരം (The Incarnational) , 2. ത്രിത്വദർശനം (The Trinitarian), 3. കൗദാശികത (The Sacramental), 4. രഹസ്യാത്മകത (The Mystagogical).

മനുഷ്യാവതാരം ചെയ്ത ക്രിസ്തുയേശു പരമ വൈദ്യനായാണ് (The Physician par excellence) മനുഷ്യ സമൂഹ മുമ്പിൽ സ്വയം വെളിപ്പെടുത്തിയത്. ക്രിസ്തുവിന്റെ വാക്കുകളും, നോട്ടവും, സ്പർശവുമൊക്കെ വ്യക്തികൾക്ക് സൗഖ്യദായകമായിരുന്നു. വ്യക്തികളുടെ പ്രായ-വർഗ-ലിംഗ-സമൂഹ്യ പദഭേദങ്ങൾ കണക്കിലെടുക്കാ തെയാണ് ക്രിസ്തു സൗഖ്യം നൽകിയത്. യേശുക്രിസ്തു മുറിവേറ്റ സൗഖ്യദായകനായിരുന്നു (Wounded Healer). അവൻ സ്വയം മുറിവേറ്റും മുറിയ്ക്കപ്പെട്ടും സൗഖ്യം നൽകുക യായിരുന്നു. ക്രിസ്തു വ്യക്തികളുടെ മാത്രമല്ല, സാമൂഹ്യ വേദനകൾ (Social Pain) തിരിച്ചറിഞ്ഞ് ദൈവരാജ്യമൂല്യ ങ്ങൾക്കൊത്ത സമൂഹ നിർമ്മിതി നടത്തിയ സാമൂഹ്യ വൈദ്യൻ (Social Healer) കൂടിയായിരുന്നു. മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിന്റെ സൗഖ്യദായക ലക്ഷ്യത്തിൽ വീഴ്ച കൂടാതെ നിലകൊള്ളേണ്ട 'സൗഖ്യദായക സമൂഹമാണ്' (Healing Community) പരിശുദ്ധ സഭ. വ്യക്തികളുടെയും സമൂഹത്തി ന്റെയും മുറിവുണക്കുന്ന ഇടമാകണം ഇടവക. യേശു ക്രിസ്തുവിന്റെ നസ്രേത്ത് വിജ്ഞാപനം (വി.ലൂക്കോസ് 4:18,19; യെശയ്യാവ് 61:10) സഭ ലോകത്തിനു നൽകേണ്ട വ്യക്തി-സാമൂഹ്യ സൗഖ്യ പദ്ധതിയുടെ വിളംബര പത്രികയാണ്. വ്യക്തിയും, സമൂഹവും രോഗാതുരമാകുന്ന വേളയിൽ ക്രിസ്തു നൽകുന്ന 'സമൃദ്ധമായ ജീവൻ' പകർന്നു നൽകേണ്ട കർത്തൃ ശരീരമാണ് പരിശുദ്ധ സഭ. സുവിശേഷം ആരോഗ്യകരമായ ജീവനുവേണ്ടിയുള്ള (Sound & Healthy Life) ആഹ്വാനമാണ്. പ്രതിസന്ധികളിൽ പതറിപോകാത്ത ആരോഗ്യകരമായ വിശ്വാസം (Healthy Faith) വീണ്ടെടുക്കണമെന്ന് യേശു ക്രിസ്തു ശിഷ്യരോട് ആഹ്വാനം ചെയ്യുന്നുണ്ട് (യോഹ.16:33). കഷ്ടതയ്ക്കും, പീഢനങ്ങൾക്കും, രോഗങ്ങൾക്കും, സഹനത്തിനും മൂല്യം (Value of Christian Suffering) നൽകുന്ന സൗഖ്യപദ്ധതിയാണ് യേശുക്രിസ്തു മുന്നോട്ടുവച്ചത്. ശരീരം ദുർബലപ്പെടുമ്പോഴും ആത്മശക്തികൊണ്ടും, ആരോഗ്യമുള്ള മനസ്സു കൊണ്ടും ആ സാഹചര്യങ്ങളെ നേരിടുവാൻ പ്രാപ്ത മാക്കുന്ന ക്രിസ്തീയ ജീവിതശൈലി ആവിഷ്കരിക്കുവാൻ സുവിശേഷം ദിശാബോധം നൽകുന്നു. പുറമേയുള്ള ശരീരം ക്ഷയിക്കുമ്പോഴും "അകമേയുള്ള മനുഷ്യൻ" (Inner Being) വിശ്വാസത്തിലൂടെ (Sound Faith) കരുത്താർജ്ജി ക്കുന്നതായി പൗലോസ് അപ്പോസ്തലൻ സാക്ഷ്യം നൽകുന്നു. രോഗഭീതിയും കഷ്ടതകളുടെ ആധിക്യവും അതിജീവിക്കാൻ 'ക്രിസ്തുവിന്റെ തേജസ്' (Glorification through Glory of Christ) മുന്നിൽ കണ്ടുകൊണ്ട് ജീവിക്കാൻ പൗലോസ് ശ്ലീഹാ പ്രബോധിപ്പിക്കുന്നു (റോമർ 8:18,19).

**ആത്മശരീര മനസുകളുടെ** ഏകീകൃത വ്യവസ്ഥയാണ് (Integrated System) മനുഷ്യവ്യക്തി. ആ ഏകികൃത വ്യവസ്ഥിതിക്ക് ഉണ്ടാകുന്ന ശിഥിലീകരണമാണ് (Disintegration) അസ്വസ്ഥതകൾക്കും അസുഖങ്ങൾക്കും കാരണമായി തീരുന്നത്. ത്രിത്വദർശനാധിഷ്ഠിതമായ വ്യക്തിപദം (Trinitarian Personhood) ആർജ്ജിക്കേണ്ടതിന്റെ പ്രാധാന്യം ജുർഗൻ മോൾട്ട്മാൻ, ബിഷപ് ജോൺ സിസുലാസ്, ഡോ.ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തുടങ്ങിയ ആധുനിക വേദശാസ്ത്രജ്ഞർ പ്രമാണികരിക്കു ന്നുണ്ട്. ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളുടെ യോജിപ്പും വ്യതിരിക്തതയും വ്യക്തിയുടെ ഉള്ളിലും (withing individual) വ്യക്തികൾ തമ്മിലും (between individuals) നിലനിർ ത്തേണ്ട സവിശേഷ പ്രകൃതമാകണമെന്ന് അവർ സമർത്ഥിക്കുന്നു. ത്രിത്വസ്നേഹം (Trinitarian Love), ത്രിത്വസ്വാതന്ത്ര്യം (Trinitarian Freedom), ത്രിത്വസംസർഗം (Trinitarian Communion), ത്രിത്വാന്തര പങ്കുവയ്ക്കൽ (Trinitarian Sharing), ആദിയായവ മനുഷ്യബന്ധങ്ങളിൽ

നിലനിർത്തേണ്ട സാമൂഹ്യ സൗഖ്യ ഉപാധികളാണ്. ദൈവ സ്വരൂപവും, സാദൃശ്യവും ലഭ്യമായിരിക്കുന്ന മനുഷ്യർ ആ സ്വരൂപത്തിലും സാദൃശ്യത്തിലും വളരുന്നത് ത്രിത്വസ്വഭാവ സവിശേഷതകൾ ജീവിതത്തിൽ പാലിക്കപ്പെടുമ്പോഴാണ്.

ഓർത്തഡോക്സിയിൽ സുപ്രധാനമായതാണ് കൗദാശിക വീക്ഷണം. വിശുദ്ധ കൂദാശകൾ വ്യക്തിയുടെയും സമൂഹത്തിന്റെയും, നവീകരണത്തിനും സൗഖ്യത്തിനും വേണ്ടി നിർവ്വഹിക്കപ്പെടുന്ന അജ്ഞേയമായ ആചാരക്രമമാണ്. പങ്കാളിത്തപരമായ കൗദാശിക ജീവിതത്തിന് ഓർത്തഡോക്സ് സഭ വളരെ പ്രാധാന്യം നൽകുന്നു. ശരീരവും, മനസും, ആത്മാവും ഒരുപോലെ കൂദാശകളുടെ സ്വീകർത്താക്കളാണ് (Receivers of Holy Sacraments), ആത്മ-ശരീര-മനസുകളുടെ സുസ്ഥിതിയും സൗഖ്യവുമാണ് കൂദാശകളുടെ ലക്ഷ്യം.

**മനുഷ്യന്റെ അന്തരാത്മാവിന്റെ** (Inner being), ശിഥിലികരണാവസ്ഥകളെ വിശുദ്ധ കൂദാശകൾ ഉദ്ഗ്രഥനത്തിലേക്ക് (Integration) നയിക്കുന്നു. അകമേ യുള്ള മനുഷ്യന്റെ ശിഥിലീകരണാവസ്ഥകളെയാണ് (Disintegration) പൗരസ്ത്യ സഭകൾ പാപമായി കരുതുന്നത്. വി. കൂദാശ കളിലൂടെ വ്യക്തിസൗഖ്യം സംപ്രാപ്യമാകുന്നു.

ദൈവ-മനുഷ്യ-പ്രകൃതി (God-Human-Nature) ബന്ധങ്ങളുടെ വീണ്ടെടുപ്പാണ് കൂദാശകളുടെ ഉദ്ദേശ്യമെന്ന് പൗരസ്ത്യപിതാക്കന്മാർ പറഞ്ഞു തരുന്നു. ബന്ധങ്ങളിലൂടെയാണ് വ്യക്തിയും വ്യക്തിത്വവും വളർച്ച പ്രാപിക്കുന്നത്. മനുഷ്യന്റെ ദൈവബന്ധവും, സഹജീവികളോടും, സഹമാനവരോടും ഉള്ള ബന്ധവും, പ്രകൃതിയോടുള്ള കരുതലും ഓർത്തഡോക്സ് ആത്മീയതയിൽ ഒഴിച്ചുകൂടാനാവാത്തതാണ്. ഡോ.പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത തന്റെ രചനകളിൽ 'പ്രകൃതിയുടെ കൗദാശികത' (The Sacramentality of nature) എന്ന ആശയത്തിലൂടെ സ്പഷ്ടമാക്കുന്നത് ഈ അനുപേക്ഷണീയ ദർശനമാണ്. ആംഗലേയ ഭാഷയിൽ മനുഷ്യവ്യക്തിയെ സംബന്ധിക്കുന്ന രണ്ട് വാക്കുകൾ ഉപയോഗിക്കുന്നു. ഒന്ന് 'Individual' (വ്യതിരിക്തതയുള്ള ആൾ), മറ്റൊന്ന് 'Person' (സമ്പർക്കമുള്ള വ്യക്തി). സാമൂഹ്യ ബന്ധങ്ങളിലൂടെയാണ് ഒരു ഇൻഡിവിജുവൽ പേഴ്സണായി മാറുന്നത്. അർത്ഥവത്തായ ബന്ധങ്ങളിലൂടെ (Meaningful Relationships) മാത്രമേ വ്യക്തിത്വത്തിൽ പൂർണത കൈവരിക്കാനാകൂ. എല്ലാ വിശുദ്ധ കൂദാശകളും വീണ്ടെടുപ്പിന്റെ കൂദാശകളാണ്. നഷ്ടപ്പെട്ടുപോയ എല്ലാ ജൈവബന്ധങ്ങളുടെയും വീണ്ടെടുപ്പ്. വേദപുസ്തക-ക്രൈസ്തവ ദർശനങ്ങളിൽ സൗഖ്യം (Healing), വീണ്ടെടുപ്പ് (Redemption), സമാധാനം (Peace) തുടങ്ങിയവ അനുബന്ധിച്ചുള്ള പദങ്ങളാണ്. പഴയനിയമത്തിൽ 'സമാധാനം' എന്നർത്ഥമാക്കുന്ന 'ശാലോം' (ഹീബ്രു), പുതിയനിയമത്തിൽ ക്രിസ്തു ആദ്യശിഷ്യസമൂഹത്തിന് പ്രദാനം ചെയ്യുന്ന 'ശ്ലോമോ' (അരാമ്യ) എന്നിവ വ്യക്തി-സാമൂഹ്യ-ദൈവബന്ധങ്ങളിലെ സുതാര്യതയാണ് വിളിച്ചറിയിക്കുന്നത്. സംപൂർണതയിലേക്കും (Wholeness), സുസ്ഥിതിയിലേക്കും (Well being) വ്യക്തിയെയും സമൂഹത്തെയും നയിക്കുന്ന വ്യവസ്ഥിതിയാണ് 'വേദപുസ്തക -ശാലോം'. ഈ വ്യവസ്ഥിതിയെ ലക്ഷ്യമാക്കിയുള്ള പരിവർത്തിക്കുന്ന സമൂഹമാണ് (Transforming Community) വി.സഭ.


A User-Friendly Church Operations and Accounting Suite

HA MANAHEL
CHRISTIAN CHURCH SOFTWARE

Ha Manahel is a software developed to suite the demands of Companies Act 2013. With modifications to satisfy the increasing and developing demands, we now bring to you the revised Version 6 with Double Entry Book Keeping. Data entry at a single point provides access to variety of reports related to church activities. All the certificates, member based reports and financial reports available. Financial statement as per the Malankara Orthodox Diocese will be generated automatically. No internet facility is required to operate.

Facilities available in Ha Manahel :
■ Membership Register ■ Cash/Day Book ■ General Ledger ■ Journal Entries ■ Balance Sheet ■ Trial Balance ■ Profit & Loss/Income & Expenditure ■ Receipts & Payments ■ Financial Statements ■ Fixed Asset Register ■ Cash Flow Statement ■ Anniversaries Alerts ■ Parish Register ■ Church Service Register ■ Endowment register ■ Stock Register ■ Church Directory ■ Member Volunteer Information ■ Multi-Conditional Search ■ Individual Giving Statement ■ Members Dues List ■ Voters List ■ Blood Group List ■ Prayer request Register ■ Registers for Baptism , Marriage, Death, Confirmation, Premarital Counseling ■ Certificates ■ Cemetry Allotment ...

Phone 09446431460 / 09447046957 / 09495673797
E-mail hamanahel@gmail.com / sales@hamanahel.com Website : hamanahel.com
HM Software Solution, Kottayam Road, Mallappally 689585
Kothamangalam, Ernakulam 686691

A few installed Orthodox churches:
Niranom Orthodox Church, Mallappally Kaipatta Orthodox Church, Panayampala Orthodox Church, Kaviyoor Sleeba Orthodox Church, Kunkiripetty Cathedral, ... (106 installations)

ഒരാളിനെ ക്രിസ്തുവുമായും സഭയുമായും ബന്ധുത്വത്തേലക്ക് (Relational) നയിക്കുകയും ക്രിസ്തു വിൽ പുതിയ വ്യക്തിത്വം നൽകപ്പെടുകയും ചെയ്യുന്ന കൂദാശയാണ് വി.മാമോദിസാ. വിശുദ്ധ മൂറോനഭിഷേകത്തിലൂടെ പരിശുദ്ധാത്മകൃപ വ്യക്തിയിൽ അനുഭവവേദ്യമായി തുടങ്ങുന്നു. വി.മാമോദിസാ, വി.മൂറോനഭിഷേകം, വി.കുർബ്ബാനാനുഭവം എന്നീ ത്രിവിധ കൂദാശകളിലൂടെ വ്യക്തി ത്രിത്വാധിഷ്ഠിത ജീവിതത്തിന് തുടക്കം കുറിക്കുന്നു. യേശുക്രിസ്തുവിന്റെ സൗഖ്യസ്പർശനത്തിന്റെ ആവർത്തന അടയാളവും (Repeated Symbol) ആവർത്തിച്ചുള്ള അനുഭവവുമാണ് (Repeating Experience) വി.കുർബ്ബാന. 'അമർത്ത്യതയുടെ ദിവ്യഔഷധം' (Medicine of Immortality) എന്ന് വി.കുർബ്ബാനയെക്കുറിച്ച് സഭാപൈതൃകം ഉദ്ഘോഷിക്കുന്നു.

ആരോഗ്യകരമായ ദാമ്പത്യ ജീവിതത്തിനായി മണവാളനെയും മണവാട്ടിയെയും ശുദ്ധീകരിക്കുകയും പ്രതിജ്ഞയിലൂടെ ഉറപ്പിക്കുകയും കിരീടം വാഴ്വിലൂടെ അവകാശം നൽകുകയും ചെയ്യുന്ന കൂദാശയാണ് വിവാഹ ശുശ്രൂഷ. വ്യക്തിക്കും, കുടുംബത്തിനും തുല്യപ്രാധാന്യം നൽകുന്ന ആഹ്വാനങ്ങളാണ് കൂദാശ ക്രമത്തിലുള്ളത്. ദൈവവിശ്വാസം, പരസ്പര വിധേയത്വം, പരസ്പരാശ്രി തത്വം, ഉപാധികളില്ലാത്ത സ്നേഹം തുടങ്ങിയവ ഉൾക്കൊള്ളുന്ന ആരോഗ്യകരമായ കുടുംബം (Healthy Family) വിവാഹിതർക്ക് ഉണ്ടാകേണ്ടതിനായി വിവാഹ കൂദാശയിൽ പ്രാർത്ഥിക്കുന്നു. സഭയും, ക്രിസ്തുവും തമ്മിലുള്ള ആത്മബന്ധത്തിന്റെ കീർത്തനങ്ങളാണ് ആലപിക്കുന്നത്. ഈ ആത്മബന്ധത്തിന്റെ രീതികളാണ് (Modes) സൗഖ്യമുള്ള കുടുംബത്തിനായി ആവിഷ്കരിക്കേ ണ്ടത്. ആരോഗ്യമുള്ള കുടുംബത്തിൽനിന്ന് മാത്രമേ സമഗ്രതയുള്ള വ്യക്തികൾ രൂപപ്പെടുകയുള്ളു.

**വ്യക്തിയുടെ ആന്തരിക മുറിവുകളെ** (Inner Wounds) സൗഖ്യപ്പെടുത്തുന്ന കൂദാശയാണ് വി.കുമ്പസാരം. നിരാശ, കുറ്റബോധം, അസൂയ, വിദ്വേഷം, ആകുലത തുടങ്ങിയവ വ്യക്തിത്വത്തെ തകിടം മറിക്കുന്ന ആന്തരിക ദുഃശക്തികളാണ്. വി.കുമ്പസാരത്തിലൂടെ അവയിൽ നിന്നുള്ള വീണ്ടെടുപ്പാണ് സാധ്യമാകുന്നത്. ആന്തരിക മുറിവുകൾ മൂലം വ്യക്തികൾക്ക് പലപ്പോഴും വികലവും, അബലവുമായ സ്വയരൂപമാണ് (Poor Self-image) തോന്നുന്നത്. അവയെ അപനിർമ്മിച്ച് ദൈവവിശ്വാസവും, ആത്മവിശ്വാസവും നേടി ആത്മാഭിമാനത്തോടെ ജീവിക്കാൻ വി.കുമ്പസാരം അവസരം ഒരുക്കുന്നു. കേവലം ഏറ്റുപറച്ചി ലിന്റെ കർമ്മത്തെക്കാളുപരി ദൈവാത്മാവ് ഇറങ്ങിവന്ന് വ്യക്തിയുടെ മനസിനെയും ശരീരത്തെയും നിർമ്മലീകരി ക്കുകയും ശക്തീകരിക്കുകയും ചെയ്യുന്ന സൗഖ്യദാന കൂദാശയാണ് ഓർത്തഡോക്സ് വിശ്വാസത്തിൽ വി.കുമ്പസാരം.

രോഗികൾക്ക് ആത്മ-ശരീര-മനസുകളുടെ സൗഖ്യത്തിനായി പ്രത്യേകം നൽകപ്പെടുന്ന കൂദാശയാണ് വി. തൈലാഭിഷേകം. പഞ്ചേന്ദ്രിയങ്ങളുടെയും ബോധേന്ദ്രിയങ്ങളുടെയും ശക്തിപ്പെടുത്തലും വീണ്ടെടുപ്പുമാണ് തൈലാഭിഷേക കൂദാശയുടെ ഉദ്ദേശ്യം. ഭവ2നകൂദാശയിൽ ക്രിസ്തു വീട്ടിലേക്ക് വരുന്നതാണ് പ്രധാനചിന്ത. സക്കായിയുടെ വീട്ടിലേക്ക് ക്രിസ്തു വന്നപ്പോൾ അവന്റെ ദൈവ -മനുഷ്യബന്ധങ്ങൾക്ക് വീണ്ടെടുപ്പ് ഉണ്ടാകുന്ന ഭാഗമാണ് ഭവനകൂദാശയിലെ ഏവൻഗേലിയോൻ. ഭൗതിക വസ്തുക്കളെ വാഴ്ത്തുന്നതോടൊപ്പം ആരോഗ്യപരമായ സാമൂഹ്യ-ആത്മിയ ബന്ധങ്ങൾ നവീകരിക്കുന്നതിനുള്ള അവസരമാണ് ഭവനകൂദാശ.

സഭയുടെ എല്ലാ വിശുദ്ധ കൂദാശകളും ഇങ്ങനെ സമഗ്രസൗഖ്യത്തിലേക്കുള്ള മാർഗ്ഗങ്ങളാണ്. അർത്ഥവും പൊരുളും മനസിലാക്കി കൗദാശിക ജീവിതം നയിക്കുമ്പോൾ സഭയിലൂടെയുള്ള നിരന്തര സൗഖ്യാനുഭവം തിരിച്ചറിയാൻ സാധിക്കും.

സമഗ്രസൗഖ്യ ദർശനത്തിലുള്ള നാലാമത്തെ വേദശാസ്ത്രാടിസ്ഥാനം രഹസ്യാത്മകതയാണ്. ദൈവം, പ്രപഞ്ചം തുടങ്ങിയ യാഥാർത്ഥ്യങ്ങളെ മനസിലാക്കാനുള്ള മനുഷ്യയുക്തിയുടെയും ബുദ്ധിയുടെയും പരിമിതിയെ യാണ് രഹസ്യാത്മകത എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. ഭാഗികമായ അറിവുകൾ മാത്രമേ മനുഷ്യർക്ക് ലഭ്യമാകുന്നുള്ളു. അറിവിന്റെ പൂർണതയും യാഥാർത്ഥ്യങ്ങളുടെ പൊരുളും ദൈവത്തിൽ മാത്രമാണ്. മനുഷ്യന്റെ യുക്തി എല്ലാ ജീവജാലങ്ങളും ഏറ്റവും ഫലപ്രദമായി വിനിയോഗിക്കാൻ വേണ്ടിയാണ് നല്കപ്പെട്ടിരിക്കുന്നത്. എന്നാൽ യുക്തിക്ക് അതീതമായ വസ്തുതകളെയും അംഗീകരിക്കേണ്ട തായുണ്ട്. ആധുനിക അറിവുകൾ എല്ലാം തിയറികളിലൂടെയാണ് രൂപപ്പെടുത്തുന്നത്. അനാട്ടമി, ഫിസിയോളജി, ന്യൂറോളജി ഇവയൊക്കെ പല തിയറികളി ലൂടെ മനുഷ്യരുടെ ചികിത്സാ സമ്പ്രദായങ്ങളെ സഹായിക്കുന്നതാണ്. പക്ഷെ ഇന്നത്തെ ചില തിയറികൾ വരുന്ന വർഷങ്ങളിൽ മാറിയെന്നിരിക്കാം. എന്നാലും മനുഷ്യയുക്തിയിലൂടെ പ്രവർത്തിക്കുന്ന ദൈവചൈതന്യത്തെ തിരിച്ചറിയാൻ സാധിക്കണം.

**സൗഖ്യം എന്ന പ്രക്രിയ ഒരു മിസ്റ്ററിയാണ്.** എല്ലാത്തിലും ദൈവകൃപയാണ് പ്രവർത്തിക്കുന്നത്. മരുന്നു നിർമ്മിക്കാനായി സസ്യല താദികളെയും മറ്റു വിഭവങ്ങളെയും ക്രമീകരി ച്ചുതന്നിരിക്കുന്നത് ദൈവത്തിന്റെ കരവിരു താണ്. ഓരോന്നിനും അതാതിന്റേതായ ഗുണങ്ങളും ഭേദശക്തിയും നൽകിയിരിക്കു ന്നത് ദൈവമാണ്. അവയൊക്കെ കൃത്യമായ അളവിൽ ചേർത്ത് മരുന്നുണ്ടാക്കാൻ ബുദ്ധിശക്തി നൽകിയിരിക്കുന്നത് ദൈവമാണ്. കൃത്യമായ ചികിത്സാ വിധികൾ നടത്തി നിർദ്ദേശങ്ങൾ നൽകാൻ വൈദ്യന്റെ ഓർമ്മയിൽ ക്രിയാത്മകമാകുന്നത് ദൈവ ചൈതന്യം തന്നെയാണ്. മരുന്നിനും ചികിത്സാ രീതികൾക്കും അനുസരിച്ച് ശരീരം പ്രതികരിക്കുന്നതും ദൈവത്തിന്റെ അദൃശ്യമായ ക്രിയാത്മക ശക്തിയാണ്. ചികിത്സ കൊണ്ട് പ്രയോജനമില്ല എന്ന് പറയപ്പെട്ടവർ സൗഖ്യത്തോടെ ജീവിക്കുന്ന അനുഭവങ്ങൾ ലോകത്തിലുണ്ട്. മരുന്നു കൂടാതെ വിശുദ്ധരുടെ സാമീപ്യത്തിലും കബറിടത്തിൽ നിന്നും സൗഖ്യം ലഭ്യമായ വരുമുണ്ട്. വിശുദ്ധ കൂദാശകളിലൂടെ സൗഖ്യാനുഭവം നേടിയവരുമുണ്ട്.

രോഗം വന്നിട്ട് ഭേദമാകുന്നത് മാത്രമല്ല സൗഖ്യം. രോഗം വരാതെ ആരോഗ്യത്തോടെ യിരിക്കുന്നത് ദൈവത്തിന്റെ സൗഖ്യാ നുഭവം ഉള്ളതുകൊണ്ടാണ്. രോഗം ഭേദമായില്ലെങ്കിലും ദൈവസൗഖ്യം അനുഭവവേദ്യ മായിരിക്കുന്ന വ്യക്തികളെയും നമുക്കു കാണാം. സൻമനോഭാവത്തോടും സമചിത്ത തയോടും രോഗങ്ങളെയും വേദനകളെയും സ്വീകരിച്ച് സഹന ത്തിന്റെ മാർഗ്ഗം കൊണ്ട് അതിനെ അതിജീവിക്കുന്നതും സൗഖ്യാ നുഭവം തന്നെയാണ്. ശാരീരിക ആരോഗ്യ ത്തോടെ ജീവിച്ചിട്ടും സൗഖ്യം ആസ്വദിക്കാത്ത വരുമുണ്ടാകും.


സൗഖ്യത്തെക്കുറിച്ചുള്ള സമഗ്രമായ കാഴ്ചപ്പാടുകളാണ് നാം രൂപീകരിക്കേണ്ടത്. അനുദിനം അനു നിമിഷം നാം ദൈവത്തിൽ നിന്നുള്ള സൗഖ്യം അനുഭവിച്ചു കൊണ്ടേയിരിക്കുന്നു എന്ന ആഴമായ ചിന്ത നിലനിർ ത്താൻ നമുക്ക് സാധിക്കണം.

■



# പുസ്തകശാല

## വി. സുവിശേഷങ്ങൾ
കോനാട്ട് എബ്രഹാം കശീശ





ബൈബിളിലെ നാലു സുവിശേഷങ്ങളുടെ പൗരസ്ത്യ വ്യാഖ്യാനം. സുറിയാനി പിതാക്കന്മാരുടെ വേദവ്യാഖ്യാനങ്ങൾ അടിസ്ഥാനമാക്കി രചിച്ചരിക്കുന്നു. മുഖവുര ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, അവതാരിക: ഫാ. ഡോ. റ്റി. ജെ. ജോഷ്വ, എം.ഒ. സി. പബ്ലിക്കേഷൻസ്, കോട്ടയം, പേജ്–646, വില: 350

## വാകത്താനത്തിന്റെ ചരിത്രം
പ്രൊഫ. കെ. എം. കുര്യാക്കോസ്




വാകത്താനം ഗ്രാമത്തിന്റെ സമഗ്രചരിത്രം. വേറിട്ട ചരിത്രാഖ്യാന സമ്പ്രദായം രചനയ്ക്ക് സ്വീകരിച്ചിരിക്കുന്നു. വിസ്മൃതമായ നിരവധി വസ്തുക്കളുടെ സമാഹാരം. പൊതുസമൂഹത്തിനും ഗവേഷകർക്കും അത്യധികം ഉപകാരപ്രദം. അവതാരിക: ഡോ. എം. ആർ രാഘവ വാര്യർ. രത്നം പബ്ലിക്കേഷൻസ്, വാകത്താനം, പേജ്. 432, വില: 300.

## പാർസി മതവും...
വി.ഐ. മാത്യൂസ് കോർഎപ്പിസ്ക്കോപ്പാ





ബൈബിളിലെ വിവിധ മതങ്ങൾ, സംസ്ക്കാരങ്ങൾ, ആത്മീയത, ജനങ്ങൾ എന്നിവയെക്കുറിച്ചുള്ള സമഗ്ര അന്വേഷണം. വ്യത്യസ്ത വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും ഉറവ വെളിപ്പെടുത്തുന്നു. എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം, പേജ് 200, വില:140.

## നേർക്കാഴ്ചകൾ
തോമസ് നീലാർമഠം




മനുഷ്യ ജീവിതത്തിന്റെ നേരും നെറിയും അവതരിപ്പിക്കുന്നു. ജീവിതസ്പർശിയായ കൊച്ചു കൊച്ചു സംഭവങ്ങൾ ഹൃദയസ്പർശിയായ ഭാഷയിൽ. ഇതിലെ പല സംഭവകഥകളും വേദന പകരുന്ന അനുഭവങ്ങളാണ്. അവതാരിക ഡോ. പോൾ മണലിൽ, വിതരണം: കമ്മ്യൂണിറ്റി ലീഡർഷിപ്പ് ഫൗണ്ടേഷൻ കോട്ടയം, പേജ് –98, വില. 100.






# വേദധ്യാനം

## ഫാ.ഈ.പി.ജേക്കബ് ഇലഞ്ഞിക്കൽ

ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്
മെത്രാപ്പോലീത്ത

പുണ്യശ്ലോകനായ ദിവ്യശ്രീ ഇലഞ്ഞിക്കൽ ഇ.പി. ജേക്കബ് കത്തനാർ ഇന്നേക്ക് ഏതാണ്ട് എട്ടു പതിറ്റാണ്ടു കൾക്ക് മുമ്പ് എഴുതിയ ധ്യാനപഠനങ്ങളുടെ സമാഹാരമാണ് *വേദധ്യാനം.*

ആരാധനാവർഷത്തിലെ ഓരോ ഞായറാഴ്ചയ്ക്കുമായി ക്രമീകരിച്ചിരിക്കുന്ന വേദവായനകളിൽ പുതിയനിയമപാഠങ്ങളിൽ ഒന്ന് എടുത്ത് ആ ദിവസത്തെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടുള്ള ധ്യാനപ്രസംഗങ്ങളാണ് ഓരോ ലേഖനവും. സഭയുടെ വേദശാസ്ത്ര നിലപാടും വിശ്വാസ പാരമ്പര്യവും അടിസ്ഥാനമാക്കിയാണ് ധ്യാനചിന്തകൾ രൂപപ്പെടുത്തിയിരിക്കുന്നത്. അയത്നലളിതമായ സംവേദനക്ഷമത ഈ പഠനങ്ങളുടെ സവിശേഷതയാകുന്നു. ക്രിസ്തീയ ജീവിതത്തിൽ വരാവുന്ന പ്രതിസന്ധികളും പ്രശ്നങ്ങളും ആഴമായി വിവേചിച്ചറിയാനുള്ള പരിശുദ്ധാത്മ നൽവരം സിദ്ധിച്ച ഒരു ആത്മീകൻ ഈ പഠനങ്ങൾക്ക് പിമ്പിൽ തെളിഞ്ഞു വരുന്നു.

ഗണിതശാസ്ത്രത്തിലും (ബി.എ.) നിയമത്തിലും (ബി.എൽ.) വേദശാസ്ത്രത്തിലും (ബി.ഡി.) അധ്യാപനത്തിലും (എൽ.റ്റി.) ബിരുദങ്ങൾ നേടിയ ഒരാളെന്ന നിലയിൽ ഗ്രന്ഥകർത്താവിന്റെ വൈജ്ഞാനികാടിത്തറ പ്രവിശാലമാകുന്നു. വായനയും അന്വേഷണവും നിലനിർത്തിയും ദൈവാനുഭവം ഉറപ്പുവരുത്തിയും അജപാലനം നിറപടിയായി നിർവ്വഹിച്ചും കൊണ്ടുള്ള പൗരോഹിത്യ ശുശ്രൂഷാജീവിതത്തിൽ നിന്നും ഉയിർകൊള്ളുന്നവയാണ് ഈ പഠനങ്ങളെല്ലാം. ഓരോ വേദഭാഗവും വിശകലനം ചെയ്തു വികസിപ്പിക്കുമ്പോൾ ജീവിതത്തിന്റെ വൈവിധ്യമാർന്ന സന്ദർഭങ്ങളും സന്ധികളും സൂക്ഷ്മമായി തിരിച്ചറിഞ്ഞും അവയോട് ചേർന്ന് വരുന്ന വേദവചനങ്ങൾ യുക്തമായി തിരഞ്ഞെടുത്തും പാകപ്പെടുത്തിയടുത്ത പ്രബോധനങ്ങൾ ഹൃദയസ്പർശിയായിത്തീരുന്നു. വേദവാക്യങ്ങൾ യഥോചിതം അനായാസം ഉപയോഗിക്കാനുള്ള ലേഖകന്റെ വേദപരിചയവും വഴക്കവും ഈ ധ്യാനചിന്തകളെ ശ്രദ്ധേയമാക്കുന്നു.

പരീക്ഷ, പോരാട്ടം, കഷ്ടത എന്നിവയുടെ സൂക്ഷ്മതലങ്ങൾ യേശുതമ്പുരാന്റെ ജീവിതത്തിൽ നിന്ന് പഠിച്ചും മനുഷ്യജീവിതത്തിൽ കണ്ടറിഞ്ഞും ഗ്രന്ഥകർത്താവ് നൽകുന്ന വിവരണങ്ങൾ നമ്മുടെ തന്നെ ആത്മീക ജീവിതത്തിന്റെ വെളിപ്പെടുത്തലുകളായി നാം തിരിച്ചറിയുന്ന സന്ദർഭങ്ങൾ ഈ ഗ്രന്ഥത്തിൽ ഉടനീളം കാണാം. ഈ ലേഖനങ്ങളിലെല്ലാം അന്തർധാരയായി വരുന്ന ഒരു പിടി പ്രമേയങ്ങളുണ്ട്: വിശുദ്ധി, വിനയം, സ്നേഹം, സമർപ്പണം (പ്രതിഷ്ഠ), ദൈവാശ്രയം, ക്രിസ്തുവിലുള്ള അടിമത്തം (ദാസ്യത്വം), അനുതാപം, ഇത്യാദി. ക്രിസ്തീയ ജീവിതത്തിന്റെ മർമ്മത്തിലേക്ക് ഉൾപ്രവേശിക്കാൻ സഹായകമായ താക്കോൽ വാക്കുകളാണിവ. ഗ്രന്ഥകാരന്റെ ആത്മീക അനുഭവത്തിലേക്ക് തുറന്നുവരുന്ന വാതിലുകൾ നമ്മുടെതന്നെ ആദ്ധ്യാത്മീക ലോകത്തേക്കും കൂടിയുള്ള പ്രവേശനമാണെന്നും നാം അറിയുന്നു. ഇങ്ങനെയൊരു വായനാനുഭവം ഈ ഗ്രന്ഥത്തിന്റെ സവിശേഷതയാകുന്നു.

അനുതാപം (അധ്യായം 12), വി. കുമ്പസാരം (അധ്യായം 46), പൗരോഹിത്യ ശുശ്രൂഷ (അധ്യായം 48), സാഹോദര്യത്വം (അധ്യായം 49), പ്രാർത്ഥനാജീവിതം (അധ്യായം 50), പ്രതിഷ്ഠാജീവിതം (അധ്യായം 57) എന്നിങ്ങനെ കുറേ വിഷയങ്ങൾ സവിസ്തരം പ്രതിപാദിക്കുന്ന അധ്യായങ്ങളും ഈ ലേഖനസമാഹാരത്തെ മൂല്യവത്താക്കുന്നു.

ഈ ലേഖനങ്ങൾ വെറും ബുദ്ധിപരമായ പഠനങ്ങളല്ല. ആദ്ധ്യാത്മീകാനുഭവത്തിന്റെ പങ്കുവയ്ക്കലുകൾ കൂടിയാകുന്നു. നിരന്തരമായ അനുതാപത്തിലൂടെ ജീവിതത്തെ പാകപ്പെടുത്തിയെടുക്കുന്ന ഒരു ഭക്തനേയും, നന്നായി സത്യകുമ്പസാരം നടത്തി ജീവിതം സ്ഫുടം ചെയ്തെടുക്കുന്ന ഒരു കുമ്പസാരപിതാവിനേയും, അനുഷ്ഠാനത്തേയും ജീവിതത്തേയും വിശുദ്ധിയിൽ ചേർത്തിണക്കിയ ഒരു പുരോഹിത ശ്രേഷ്ഠ

നേയും, സ്വാർത്ഥം വിട്ട് സ്നേഹ സാഹോദര്യത്തിലേക്ക് ജീവിതം തിരിച്ചുവിട്ട ഒരു തീർത്ഥാടകനേയും, ദൈവസംസർഗ്ഗത്തിലൂടെ ജീവിതവിശുദ്ധിയും ജീവിതവിശുദ്ധിയിലൂടെ ദൈവസംസർഗ്ഗവും കണ്ടെത്തിയ ഒരു ദൈവപുരുഷനേയും സ്വയത്തിന്റെ അടിമത്വത്തിൽ നിന്ന് വിടുതൽ പ്രാപിച്ച് ക്രിസ്തുവിന് അടിമയായി ആത്മാർപ്പണം ചെയ്ത ഒരു സമർപ്പിതനേയും ഈ ഗ്രന്ഥത്തിൽ നാം കണ്ടുമുട്ടുകയും അദ്ദേഹത്തോട് ചേർന്ന് നടക്കുകയും സംവദിക്കുകയും ചെയ്യുന്നു.

*വേദധ്യാനം* വായന പൂർത്തിയാക്കി വീണ്ടും താളുകൾ തിരിക്കുമ്പോൾ അടിവരയിട്ടു ഒത്തിരിവരികൾ നമ്മുടെ കൺമുമ്പിൽ തെളിയുന്നു. "നമ്മുടെ ജീവിതത്തെ പൂർണമായി കർത്താവിങ്കൽ സമർപ്പിച്ചിട്ട് തന്റെ അടിമത്വം നാം സ്വീകരിച്ചിട്ടുണ്ടോ?" (അദ്ധ്യായം 1); "വിശുദ്ധ ജീവിതം നയിക്കുന്നവർ ലൗകീക കഷ്ടതകളിൽ നിന്ന് ഒഴിവു സമ്പാദിച്ചവരല്ല... നമ്മെ ശുദ്ധീകരിക്കുന്നതിനും, തന്നിലേക്ക് നമ്മേ, കൂടുതലായി അടുപ്പിക്കുന്നതിനുമായി ദൈവത്തിൽ നിന്നയയ്ക്കപ്പടുന്ന ദൂതന്മാരാണ് ചില കഷ്ടതകൾ. പോരാട്ടം, ശ്രേഷ്ടത പ്രാപിക്കുന്നതിന് അത്യാവശ്യമാണ്." (അദ്ധ്യായം 3); "ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങളെ അധികമധികമായി പ്രാപിക്കുന്തോറും നമ്മുടെ ഒന്നുമില്ലായ്മയുടെ ബോധം ദൃഢപ്പെട്ടുകൊണ്ടിരിക്കും. (അദ്ധ്യായം 5); "സഭയിൽ സംഭരിക്കപ്പെട്ടിരിക്കുന്ന ദൈവശക്തി നമ്മിലേക്കൊഴുകുന്ന ജീവനാഡികളാണ് കൂദാശകൾ" (അദ്ധ്യായം 8); യഥാർത്ഥ അനുസരണം എന്നത് ദൈവേഷ്ടത്തിന് നമ്മെത്തന്നെ പൂർണമായി വിധേയരാക്കുകയും അതിനെതിരായി വരുന്ന സകലത്തേയും നിരാകരിക്കുകയും നമ്മെ ആക്കിവെച്ചിരിക്കുന്ന സാഹചര്യങ്ങളിൽ പിറുപിറുപ്പ് കൂടാതെ ജീവിച്ച് നമ്മുടെ ചുമതലകളെ ദൈവത്തിന് ഒരു കാഴ്ചയെന്ന നിലയിൽ സ്നേഹത്തിലും വിശ്വസ്തതയോടും കൂടി നിവർത്തിക്കുകയും ചെയ്ക എന്നുള്ളതാണെന്ന് നമ്മുടെ കർത്താവ് തന്റെ ദൃഷ്ടാന്തം മൂലം നമ്മെ ഉപദേശിച്ചിരിക്കുന്നു." (അദ്ധ്യായം 10); "വിശുദ്ധിയിലുള്ള വളർച്ചയുടെ ഒരു വലിയ ലക്ഷണം വർദ്ധിച്ചുവരുന്ന ആത്മീയ ദാഹവും ദൈവമുമ്പാകെയുള്ള വിനയവുമാകുന്നു" (അദ്ധ്യായം 12); "മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന സ്നേഹത്തിന്റെ പ്രേരണയിൽ നിന്നുണ്ടാകുന്നതാകയാൽ മരിച്ചവരും നാമും ക്രിസ്തുവിൽ ഒന്നാണെന്നുള്ള ബോധം നമ്മിൽ വളരുന്നു." (അദ്ധ്യായം 18); "വിശ്വാസത്തിൽ നിന്ന് ഉത്ഭൂതമാകുന്ന സമാധാനം കഷ്ടത കൂടാതെ പ്രാപ്യമല്ല." (അദ്ധ്യായം 22); "നമ്മുടെ പരമ ലാക്ക് നാമെല്ലാവരും ഒരുമിച്ച് ഒരു കുടുംബം എന്ന നിലയിൽ ഒരു ഉയർന്ന സാമൂഹ്യ പശ്ചാത്തലത്തിൽ പരസ്പരം ദൈവത്തിൽ ഒന്നായിത്തീരുക എന്നുള്ളതാണെന്ന് ഒരിക്കലും വിസ്മരിച്ചുകൂടാത്തതാകുന്നു. രക്ഷ സാമൂഹ്യമാണ്." (അദ്ധ്യായം 43). ഇങ്ങനെ തിരഞ്ഞെടുത്ത് ആവർത്തിച്ച് മനനം ചെയ്യാവുന്ന ധാരാളം ചിന്താശകലങ്ങൾ ഈ ഗ്രന്ഥത്തെ സംപുഷ്ടമാക്കുന്നു; വായന സാർത്ഥകവും ആനന്ദദായകവുമാക്കുന്നു. ■

# എൻ.സി.സി. അസംബ്ലി ജബൽപ്പൂരിൽ

**ജബൽപ്പൂർ:** ഇന്ത്യയിലെ സഭകളുടെ ദേശീയ കൂട്ടായ്മയായ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ 28-ാ മതു ചതുർവാർഷിക അസംബ്ലി ജബൽപ്പൂരിൽ ഏപ്രിൽ 27 മുതൽ 30 വരെ നടന്നു. WCC പ്രസിഡന്റ് ചാങ് സാംഗ് മുഖ്യപ്രഭാഷണം നടത്തി. 'നീതിയുള്ള സാകല്യ സമൂഹത്തിലേക്ക്' എന്ന വിഷയത്തിൽ നടന്ന സമ്മേളനത്തിൽ ഇന്ത്യയുടെ വിവിധ സഭകളിൽ നിന്നും 500 ലധികം പ്രതിനിധികൾ പങ്കെടുത്തു.

ജബൽപ്പൂർ ക്രൈസ്റ്റ് ചർച്ച് ഗേൾസ് സീനിയർ സെക്കൻട്രിസ്ക്കൂളിൽ നടന്ന സമ്മേളനം ഏപ്രിൽ 30-ന് സമാപിച്ചു. നാലു വർഷം കൂടുമ്പോഴാണ് എൻ.സി.സി. അസംബ്ലി നടക്കുന്നത്.

മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് ഫാ. ഡോ. റെജി മാത്യു (സെക്രട്ടറി, കെ.സി.സി.), ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ (ചീഫ് എഡിറ്റർ, മലങ്കരസഭ മാസിക), ഫാ. അശ്വിൻ ഫെർണാണ്ടസ് (സെക്രട്ടറി, എക്യുമെനിക്കൽ റിലേഷൻസ്), ഫാ. ജോർജ് വർഗീസ് (കൽക്കട്ട), ഡോ. സാറാമ്മ വർഗീസ് (പ്രസിഡന്റ്, AICCW), സൂസൻ ജേക്കബ് ചെന്നൈ (CCA), പ്രൊഫ. മേഴ്സി ജോൺ (നാഗ്പൂർ സെമിനാരി), ഡീക്കൻ സാജൻ സി. മാത്യു, ബാംഗ്ലൂർ, ജെറി വർഗീസ് ഡൽഹി, എലിസബത്ത് മാത്യു, രൂത്ത് മാത്തൻ മുള്ളണ്ട് (മുംബൈ) ഫാ. ഡോ. ഫിലിപ്പ് കുരുവിള (എൻ.സി.സി.), ഫാ. തോമസ് നൈനാൻ ഡൽഹി (എൻ.സി.സി.) എന്നിവർ പങ്കെടുത്തു.

എൻ.സി.സി.യുടെ പുതിയ ഭാരവാഹികൾ (2016-2020): പ്രസിഡന്റ് : ബിഷപ്പ് ഡോ. പി. സി. സിങ്ങ് (ജബൽപ്പൂർ ബിഷപ്പ്, സി.എൻ.ഐ. ഡപ്യൂട്ടി മോഡറേറ്റർ), വൈസ് പ്രസിഡന്റുമാർ: റവ. ഡോ. രത്നാകർ സദാനന്ദ, ഏലിയാമ്മ തോമസ് (ഡൽഹി), ലിജു കുര്യാക്കോസ് മൂലയിൽ (കോട്ടയം), റവ. ഡോ. അഗസ്റ്റിൻ ജയകുമാർ (ട്രഷറാർ) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ജനറൽ സെക്രട്ടറി ഡോ. റോജർ ഗ്രേക്ക് വാർഡാണ്.

എൻസിസി എക്സിക്യൂട്ടീവിലും അസംബ്ലിയിലും 33% ശതമാനം വീതം സ്ത്രീകൾക്കും യുവാക്കൾക്കും പ്രാതിനിധ്യം നൽകും. കുട്ടികൾ, ഭിന്നലിംഗക്കാർ, ഭിന്നശേഷിക്കാർ എന്നിവർക്ക് എൻ.സി.സി. അസംബ്ലിയിൽ ഇപ്രാവശ്യം പ്രാതിനിധ്യം നൽകി.


ഇന്ത്യയിലെ പുതിയ രാഷ്ട്രീയ പശ്ചാത്തലത്തിൽ സഭകൾ നീതിയോടെ എല്ലാവരേയും ഉൾക്കൊള്ളുവാനുള്ള സമീപനം വളർത്തണമെന്ന് അസംബ്ലി ആഹ്വാനം ചെയ്തു. സ്ത്രീകൾ, കുട്ടികൾ, ദലിതർ, ആദിവാസികൾ, അംഗഹീനർ, ഭിന്നലിംഗർ, ഭിന്നശേഷിക്കാർ എന്നിവർക്ക് നീതിപൂർവ്വമായ അംഗീകാരവും സ്ഥാനവും സഭകൾ നൽകണമെന്നും സാകല്യ സമൂഹത്തിന്റെ സുസ്ഥിതിക്കായി പൊതു സമൂഹവും സഭയും കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കണമെന്നും ഉദ്ബോധിപ്പിച്ചു.

ഫാ. അശ്വിൻ ഫെർണാണ്ടസ്, ഡോ. സാറാമ്മ വർഗീസ് എന്നിവരെ എൻ.സി.സി.ഐ.യുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുത്തു. അടുത്ത അസംബ്ലി 2020-ൽ നടക്കും.

# HOLY SPIRIT MEDITATION

# പരിശുദ്ധാത്മ ധ്യാനം

ഫാ. ഡോ. ജോർജ്ജി ജോസഫ്, അടൂർ




**പെന്തിക്കോസ്തിയുടെ അനുഭവങ്ങളിലായിരിക്കുന്ന സഭയ്ക്ക് പരിശുദ്ധാത്മ ബോധത്തിലേക്കുയരുവാൻ ഒരു ധ്യാനരീതി**

ഈശ്വരനെ അന്വേഷിക്കുന്ന ഒരാൾ തന്റെ ബാഹ്യ നേത്രങ്ങളെ ബന്ധിച്ചുകൊണ്ട് ആന്തരീക നേത്രങ്ങളിലൂടെ നോക്കണമെന്ന് പിതാക്കൻമാർ പറയുന്നു. ധ്യാനം ഇതിന് നമ്മെ സഹായിക്കുന്ന ഉത്തമ ഉപാധിയാണ്. പ്രാർത്ഥനയിൽ ധ്യാനാത്മകമായി ദൈവത്തോട് ഒപ്പമായിരിക്കുക എന്നതാണ് ഒരുവന്റെ ആത്മീകസാധന.

വാചിക പ്രാർത്ഥനയിലൂടെയും ചിന്തകളിലൂടെയും മാനസിക വ്യാപാരങ്ങളെ നിയന്ത്രിച്ച് അകകണ്ണുകളെ തുറക്കുന്ന പ്രക്രിയയാകുന്നു ധ്യാനം. വി. ലൂക്കോ 2:19 – ൽ മറിയ...... സംഗ്രഹിച്ചു ധ്യാനിച്ചുകൊണ്ടിരുന്നു എന്ന് സൂചിപ്പിക്കുന്നത് ഇതാണ്.

സങ്കീ. 1:2 – ൽ .......... രാപകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ എന്ന് പറയുമ്പോൾ എപ്പോഴും തുടർന്നു പോകാവുന്ന പ്രക്രിയയായി ഇതിനെ മനസ്സിലാക്കണം.

### ധ്യാനം, ശരീരം, മനസ്സ്

ചിന്തകളേയും വിചാരങ്ങളേയും കടിഞ്ഞാണിട്ട് കെട്ടി നിർത്തുകയല്ല ധ്യാനത്തിൽ സംഭവിക്കുന്നത്. പഞ്ചേന്ദ്രിയങ്ങളിൽ നിന്നും മനസിനെ മോചിപ്പിച്ച് ആന്തരീകമായി അന്വേഷിക്കുന്നതാണ് ധ്യാനം. വികേന്ദ്രീകരണത്തിൽ നിന്ന് കേന്ദ്രീകരണത്തിലേക്ക് സാവധാനം മനസ്സിനെ എത്തിക്കുക (from deconcentration to concentration) എന്നതാണ് ധ്യാനത്തിന്റെ രീതി.

### ധ്യാനം – മനോ ശാരീരിക വ്യതിയാനങ്ങൾ

ധ്യാനത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ ഒരാൾ കടന്നുപോകുമ്പോൾ മനോ ശാരീരിക വ്യതിയാനങ്ങൾ (Psycho Pathological) അയാളിൽ സംഭവിക്കുന്നു. ഒരാളുടെ ലോക വിചാരങ്ങളെ അടച്ച് ദൈവാനുഭവത്തെപ്പറ്റി മാത്രം ബോധമുള്ളവനായി തീരുന്നതാണ് ധ്യാനം. അഷ്ടാംഗ യോഗയിൽ ഏഴാം ഘട്ടമായി ധ്യാനത്തെ കരുതുന്നു. ഒരാളുടെ മനസ്സിന്റെയും ശരീരത്തിന്റെയും പ്രവർത്തനങ്ങളിൽ അടിസ്ഥാനമായ ചിന്തകളെ (Thoughts) ശരിയായി മനസ്സിലാക്കുവാൻ ധ്യാനം സഹായിക്കുന്നു.

### ധ്യാനത്തിന്റെ പ്രയോജനങ്ങൾ

ധ്യാനം ജീവിതചര്യയാക്കുന്ന ഒരാൾക്ക് ആന്തരീക സമാധാനം, സന്തോഷം എന്നീ നല്ല വികാരങ്ങളെ അനുഭവിക്കുവാൻ സാധിക്കും. തലച്ചോറിലെ Antesior cingulate cortex (ACC), Prefrontal Cortex Hippocampus എന്നിവിടങ്ങളിൽ Grey matter ന് വ്യത്യാസം വരികയും അത് ബൗദ്ധിക നിയന്ത്രണം, വികാര നിയന്ത്രണം, ഓർമ്മ, പഠനം, ശ്രവണശേഷി എന്നിവയെ ഗുണപരമായി സ്വാധീനിക്കുകയും ചെയ്യുന്നു. ഇതു മുഖാന്തിരം മനോശാരീരിക ആത്മീക തലങ്ങളിൽ ആ വ്യക്തിയ്ക്ക് വ്യതിയാനം സംഭവിക്കുന്നു. Carnegie metton university യിലെ ഡയറക്ടറും മനശാസ്ത്ര വിഭാഗം Assistant Professor BbDr. J. David Creswell ബുദ്ധ സന്യാസിമാരിൽ നടത്തിയ പഠനങ്ങളിൽ ഇത് തെളിഞ്ഞിട്ടുണ്ട്. തലച്ചോറിലെ അമിഗ്ഡലയുടെ വലിപ്പം കുറയുന്നതോടെ പ്രശ്നങ്ങളെ തന്മയത്വത്തോടെ നേരിടാനും അതിജീവിക്കാനും ശേഷി നേടുന്നു. വ്യക്തി കേന്ദ്രീകൃതമായ ചിന്തയിൽ നിന്നും മാറി സമൂഹ സ്നേഹം, പരജീവിസ്നേഹം എന്നിവ ആ വ്യക്തിയിൽ ഉടലെടുക്കുന്നതായി അദ്ദേഹം പറയുന്നു.

### ധ്യാനത്തിനായുള്ള തയ്യാറെടുപ്പ്

രാവിലെയും വൈകുന്നേരവുമാണ് ധ്യാനത്തിന് നല്ല സമയം. പരിശീലിച്ച് കഴിഞ്ഞാൽ എപ്പോൾ വേണമെങ്കിലും ഒരാൾക്ക് ധ്യാനത്തിലാകാം. ഉണർന്ന ഉടനെ അത്യാവശ്യ പ്രഭാത കൃത്യങ്ങൾക്ക് ശേഷം ധ്യാനത്തിൽ ഏർപ്പെടാം. രാവിലെ 6 മണിക്ക് മുൻപാണ് നല്ല സമയം. ഉറങ്ങുന്ന

തിനു മുൻപ് വൈകുന്നേരവും ധ്യാനത്തിലേർപ്പെടാം. ഭക്ഷണത്തിന് 1 മുതൽ 2 മണിക്കൂർ ഇടനേരം പാലിക്കുന്നത് നല്ലത്.

**ധ്യാനക്രമം**

ധ്യാനക്രമം പ്രധാനമായും പത്ത് ഘട്ടങ്ങളിലൂടെ കടന്നുപോകുന്നു.

**1. ജീവിത പരിചയം**

തല ഉയർത്തി നട്ടെല്ല് നിവർത്തി ഇരിക്കുന്നു. (പത്മാസനത്തിലോ, ശാരീരിക പ്രശ്നമുള്ളവർക്ക് കസേരയിലോ) ചുറ്റുപാടുകൾ, ചിന്തകൾ എന്നിവയെ ശ്രദ്ധിക്കുന്നു.

**2. ശ്വസനം**

ശ്വാസ നിശ്വാസ പ്രക്രിയയെ ശ്രദ്ധിക്കുന്നു. (Deep breathing ,Abdominal Belly breathing) സാവധാനം ഗാഢമായി ശ്വസിക്കുന്നു. ആദിയിൽ ദൈവം ഊതിയ ശ്വാസത്തെ സങ്കൽപ്പിക്കുന്നു. (10 മുതൽ 15 തവണ വരെ ആകാം)

**3. ശരീര പരിചയം**

ശിരസ്സ് മുതൽ പാദം വരെ ശ്രദ്ധിക്കുക. വിചാരങ്ങളെയും വികാരങ്ങളേയും ശ്രദ്ധിക്കുക. അവയെ അംഗീകരിക്കുക.

**4. ദൈവാവബോധം**

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്വങ്ങളെ കുറിച്ച് ചിന്തിക്കുക. വി. വേദ പുസ്തകത്തിലൂടെയും മറ്റും മനസ്സിലാക്കിയ കാര്യങ്ങൾ ഉൾക്കൊള്ളുക.

**5. പരിശുദ്ധാത്മബോധം**

പരിശുദ്ധാത്മ ഫലങ്ങളെക്കുറിച്ച് ബോധതലത്തിൽ കൊണ്ടുവരിക(Gal 5:21) ഓരോ ഫലങ്ങളേയും പറ്റി ആഴത്തിൽ മനസ്സിലാക്കുക

**6. പരിശുദ്ധാത്മ ഫലങ്ങൾ - ക്രിയ**

പരിശുദ്ധാത്മാവിന്റെ ഓരോ ഫലങ്ങളേയും പറ്റി ചിന്തിക്കുക. ഓരോ ഫലങ്ങളേയും ശ്വസനക്രിയയുമായി ബന്ധപ്പെടുത്തുക. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ മുകളിൽ നിന്ന് പറന്നിറങ്ങുന്നതായും പ്രകാശം വെള്ളയോ, ഇളം നീലയോ ശിരസ് മുതൽ പാദം വരെ വ്യാപിക്കുന്നതായും ധ്യാനിക്കുക.

ദീർഘമായ ശ്വാസം (ഘട്ടം 2 നോക്കുക) സാവധാനം ഉള്ളിലേക്കെടുക്കുമ്പോൾ മനസ്സിലിങ്ങനെ പറയുക.

ഞാൻ ശ്വസിക്കുമ്പോൾ സ്നേഹം എന്നിൽ നിറയുന്നു. നിശ്വസിക്കുമ്പോൾ ഇങ്ങനെ പറയുക.

ഞാൻ നിശ്വസിക്കുമ്പോൾ സ്നേഹം എന്നിൽ നിറയുന്നു ഇങ്ങനെ ഓരോ ഫലങ്ങളേയും (സന്തോഷം, സമാധാനം, ദീർഘക്ഷമ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയ ജയം) മൂന്ന് പ്രാവശ്യം വീതം ആവർത്തിക്കുക. ഒരു ഫലം മാത്രമായും പലപ്രാവശ്യം ആവർത്തിച്ച് ക്രിയയുടെ ഭാഗമാക്കി ചെയ്യാം. പിന്നീട് അടുത്തതിലേക്ക് പോകാം.

**7. നിരീക്ഷണം**

ഓരോ ഫലങ്ങളെയും ക്രിയയിൽ അടുത്ത് കണ്ടത്, ഈ ഘട്ടത്തിൽ അവയോടുള്ള ആഭിമുഖ്യം വിചാര വികാരങ്ങളുമായി ചേർത്ത് നിരീക്ഷിക്കുക മാത്രം ചെയ്യുക.

**8. സമർപ്പണം - പ്രകൃതി**


പ്രകൃതി, സസ്യങ്ങൾ, ജീവജാലങ്ങൾ, ചുറ്റുപാടുകൾ എന്നിവയെ പരിശുദ്ധാത്മ ഇടപെടലിനായി സമർപ്പിക്കുക.

**9. സമർപ്പണം - സ്വയം**


ലഭിച്ചിട്ടുള്ള ശരീരം, ആരോഗ്യം തുടങ്ങിയവയേയും ജീവിതത്തെയും പരിശുദ്ധാത്മ ഇടപെടലിനായി സമർപ്പിക്കുക.

**10. കൃതജ്ഞത സമർപ്പണം**

ലഭിച്ചിട്ടുള്ള സകലതിനും നന്ദി പറയുക. നാളെകൾ, ഇന്നലെകൾ എന്നിവയിൽ നിന്നും മാറി ഇന്ന് ഇപ്പോൾ ലഭിച്ചിട്ടുള്ളതിന് ദൈവത്തിന് നന്ദി പറയുക. അതാത് ദിവസം ചെയ്യുവാൻ പോകുന്ന കാര്യങ്ങളെ മനസ്സിൽ കാണുക. (രാവിലെ) ഇന്ന് ചെയ്ത നല്ല കാര്യങ്ങളെ മനസ്സിൽ കാണുക. (വൈകിട്ട്) അല്പ സമയം ആ ബോധത്തിൽ തുടരുക. ഒരു ചെറു പുഞ്ചിരിയോടെ കണ്ണുകൾ തുറക്കുക. രണ്ട് കരങ്ങളും കൂട്ടിതിരുമ്മി രണ്ട് കണ്ണുകളിലും വയ്ക്കുക. മുഖം കൈകൾ കൊണ്ട് തിരുമ്മുക. സാവധാനം എഴുന്നേൽക്കുക.




**ആരോഗ്യത്തെക്കുറിച്ച് ജനങ്ങളിൽ ഇക്കാലഘട്ടങ്ങളിൽ അവബോധം വർദ്ധിച്ചു വരുന്നു. ഭാരതത്തിന്റെ യോഗ ലോകമാകമാനം അംഗീകരിക്കപ്പെടുമ്പോൾ ഇതിന് പ്രസക്തിയേറുന്നു.**




ഇവിടെ വിവരിച്ചിരിക്കുക ധ്യാനക്രിയ ഏതെങ്കിലും ആരാധനക്കോ, കൂദാശകൾക്കോ പകരമാകുന്നില്ല. അവയിലേക്കുള്ള ഒരുക്കം മാത്രമാണ് ഇത്. തുടർച്ചയായി 21 ദിവസം രാവിലെയും വൈകിട്ടു ഈ ധ്യാനം പരിശീലിച്ചാൽ ജീവിതത്തിൽ ശാരീരിക മാനസിക ആത്മീക തലങ്ങളിൽ മാറ്റങ്ങൾ സംഭവിക്കുന്നത് അറിയുവാൻ കഴിയും. തുടർന്ന് എല്ലാ ദിവസങ്ങളിലും ഇത് പരിശീലിക്കുന്നത് നല്ലതാണ്.

ആരോഗ്യത്തെക്കുറിച്ച് ജനങ്ങളിൽ ഇക്കാലഘട്ടങ്ങളിൽ അവബോധം വർദ്ധിച്ചു വരുന്നു. ഭാരതത്തിന്റെ യോഗ ലോകമാകമാനം അംഗീകരിക്കപ്പെടുമ്പോൾ ഇതിന് പ്രസക്തിയേറുന്നു. പൗരസ്ത്യ ആരാധന - വിശ്വാസ പാരമ്പര്യങ്ങളിൽ ഓർത്തഡോക്സ് സൈക്കോതെറപ്പി (orthodox psycho therapy) വളരെ ശക്തമായ പഠന പ്രയോഗങ്ങൾക്ക് വിധേയമാകുമ്പോൾ ഈ ധ്യാനക്രിയയ്ക്ക് പ്രസക്തിയേറുന്നു. ■

# ഫാ. ഡോ. റ്റി. ജെ. അലക്സാണ്ടർ



തിരുവനന്തപുരത്തുള്ള പതിമൂന്നു എപ്പിസ്ക്കോപ്പൽ സഭകളിലെ ബിഷപ്പന്മാരുടെയും വൈദികരുടേയും സന്യസ്തരുടേയും കൂട്ടായ്മയാണ് തിരുവനന്തപുരം ക്ലർജി ഫെലോഷിപ് (T.C.F). ആരംഭകാലം മുതൽ ഈ സംഘടനയ്ക്ക് ആതിഥ്യം നല്കുന്നതു വൈ.എം.സി.യെ ആണ്.

ആദ്യമായിട്ടാണ് ഓർത്തഡോക്സ് സഭയിലെ ഒരു വൈദികൻ ഈ പ്രസ്ഥാനത്തിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുന്നത്. കഴിഞ്ഞ 66 വർഷങ്ങളായി തലസ്ഥാനത്തു പ്രവർത്തിക്കുന്ന ക്രിസ്തീയ അത്മായ ഐക്യസംഘടനയായ യുണൈറ്റഡ് ക്രിസ്ത്യൻ മൂവ്മെന്റിന്റെ (U.C.M.) ആത്മീയ ഉപദേഷ്ടാവുമാണ്.

തിരുവനന്തപുരത്തു എത്തിച്ചേരുന്ന യാചകരെ എല്ലാം പുനരധിവസിപ്പിച്ച് ആഹാരം നൽകാനുള്ള സിറ്റി കോർപ്പറേഷന്റെ സാക്ഷാത്ക്കാരം പദ്ധതി 2014 മാർച്ചു മുതൽ ഏറ്റെടുത്തു ഓർത്തഡോക്സ് സഭയുടെ പേരിൽ ഇപ്പോഴും നടത്തുന്നതും ഫാ. ഡോ. റ്റി. ജെ. അലക്സാണ്ടർ ആണ്.

06-04-2016-ൽ വൈ.എം.സി.എ. ഹാളിൽ കൂടിയ T.C.F. ന്റെ വാർഷിക സമ്മേളനത്തിൽ മാർത്തോമ്മ തിരുവനന്തപുരം-കൊല്ലം ഭദ്രാസനാധിപൻ ജോസഫ് മാർ ബർന്നബാസ് തിരുമേനി, കേരളാ മുഖ്യമന്ത്രിയുടെ ഉപദേഷ്ടാവ് ജിജി തോംസൺ ഐ.എ.എസ്., സി.എസ്.ഐ. ചർച്ചിന്റെ ഫാ. ഡോ. ജേക്കബ് വർഗീസ്, ദീപിക പത്രത്തിന്റെ റസിഡന്റ് എഡിറ്റർ ഫാ. ഡോ. ജോൺ അരീക്കൽ, ക്നാനായ സഭയിലെ ഫാ. തോമസ് ജേക്കബ്, വൈ.എം.സി.എ. പ്രസിഡന്റ് ശ്രീ. കെ.വി. തോമസ് തുടങ്ങിയവർ അദ്ദേഹത്തിനു ആശംസകൾ അർപ്പിച്ചു.

Advt.


# വിജയികൾ



സൺഡേ സ്ക്കൂൾ ഒൻപതാം ക്ലാസ്സ് മത്സര പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ശ്രുതി സൂസൻ ജോർജ് പനയമ്പാല സെന്റ് മേരീസ് ഇടവകയിൽ കടുത്താനേത്ത് ജോർജ് ജേക്കബിന്റെയും ദീപ ഏബ്രഹാമിന്റെയും മകൾ.



അഖില മലങ്കര സൺഡേ സ്ക്കൂൾ ജൂനിയർ വിഭാഗം പ്രസംഗ മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ സ്നേഹ ബിജു. കണ്ണാറ സെ. ജോർജ് സൺഡേ സ്ക്കൂൾ വിദ്യാർത്ഥി. ബിജു എം.കെ. യുടെയും ലിംസി ബിജുവിന്റെയും മകൾ.



അഖില മലങ്കര സൺഡേ സ്ക്കൂൾ സീനിയർ വിഭാഗം പൊതുവിജ്ഞാനത്തിൽ ഒന്നാം സ്ഥാനം നേടിയ സ്നേഹ മരിയ അബ്രഹാം. കണ്ണാറ സെ. ജോർജ് സൺഡേസ്ക്കൂൾ വിദ്യാർത്ഥി. എം.പി. ഏബ്രഹാമിന്റെയും ആനി ഏബ്രഹാമിന്റെയും മകൾ.



അഖില മലങ്കര സൺഡേ സ്ക്കൂൾ സീനിയർ വിഭാഗം പൊതുവിജ്ഞാനത്തിൽ രണ്ടാം സ്ഥാനം നേടിയ നീനു ജേക്കബ്. കണ്ണാറ സെ. ജോർജ് സൺഡേസ്ക്കൂൾ വിദ്യാർത്ഥി. ജേക്കബ് എം. പി.യുടെയും ഗ്രേസി ജേക്കബിന്റെയും മകൾ.

# ഉപദർശനം

പെന്തിക്കോസ്തിക്കു ശേഷം വരുന്ന പെരുന്നാളുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ശ്ലീഹാ നോമ്പിന്റെ അവസാനം ജൂൺ 29-നു ആചരിക്കുന്ന പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ.

സഭാപാരമ്പര്യത്തിൽ അപ്പസ്തൊലന്മാരുടെ കൂട്ടത്തിൽ അതുല്യമായ സ്ഥാനമാണ് പത്രോസ് പൗലോസ് ശ്ലീഹന്മാർക്ക് നൽകപ്പെടുന്ന്. വി. കുർബാനയിൽ 4-ാം തുബ്ദേനിൽ "ശ്ലീഹന്മാരിൽ തലവന്മാരായ മാർ പത്രോസ് പൗലോസ്" എന്ന വിശേഷണമാണുള്ളത്. വി. പത്രോസിന് മാത്രം നൽകുന്ന വിശേഷണമല്ലത്. ഏകവചനമല്ല, ബഹുവചനമാണ് ഉപയോഗിച്ചിരിക്കുന്നത്. സുറിയാനിയിൽ "റീശൈ ശ്ലീഹെ മോർ പത്രോസ് മാർ പൗലോസ്" എന്നാണ്. 'റീശൈ' ബഹുവചനമാണ്. "റീശോ" ഏകവചനവും. 'റീശോ' എന്നാൽ തലവൻ, അദ്ധ്യക്ഷൻ, മുമ്പൻ, പ്രധാനി, പ്രഭു, പ്രമുഖൻ, ഒന്നാമൻ എന്നെല്ലാമാണ് അർത്ഥം. സാഹചര്യമനുസരിച്ച്, സന്ദർഭത്തിന് യോജ്യമായി വരുന്ന അർത്ഥമാണ് ഓരോ പ്രയോഗത്തിനും നൽകപ്പെടുന്നത്. ഏക തലവൻ മുഖ്യ ഭരണകർത്താവ് ഇങ്ങനെയുള്ള പ്രയോഗങ്ങൾ വി. പത്രോസിന് നൽകുന്നത് അർത്ഥശൂന്യമാണ്.

വി. യോഹന്നാൻ എഴുതുന്നതു പോലെ "ഞങ്ങൾ കേട്ടതും സ്വന്ത കണ്ണുകൊണ്ട് കണ്ടതും, നോക്കിയതും, കൈ തൊട്ടതുമായ ജീവന്റെ വചനമായ യേശുക്രിസ്തുവിനെയാണ് വി. പത്രോസ് സാക്ഷിച്ചത്. കർത്താവ് ജീവിച്ചിരുന്നപ്പോൾ തന്നെ അവനാൽ തിരഞ്ഞെടുക്കപ്പെട്ടവനായിരുന്നു പത്രോസ്. "തന്നോടുകൂടെ ഇരിപ്പാനും പ്രസംഗിക്കേണ്ടതിന് അയപ്പാനും ഭൂതങ്ങളെ പുറത്താക്കേണ്ടതിന് അധികാരം ഉണ്ടാക്കുവാനും പന്തിരുവരെ നിയമിച്ചു. ശീമോന് പത്രോസ് എന്ന് പേരിട്ടു" (വി. മർക്കോസ് 3:14,15,16). എന്നാൽ തികച്ചും വ്യത്യസ്തമായ തരത്തിലായിരുന്നു വി. പൗലോസിനെ വിളിച്ചത്. യേശുക്രിസ്തുവിന്റെ ഉയിർപ്പിനുശേഷം ക്രിസ്തീയ സമൂഹം രൂപപ്പെട്ടപ്പോൾ അവരെ നിഗ്രഹിക്കുവാൻ അധികാര പത്രവുമായി ഇറങ്ങിപ്പുറപ്പെട്ടവനായിരുന്നു ശൗൽ. ഈ ശൈലിനെയായിരുന്നു കർത്താവ് പൗലോസായി തിരഞ്ഞെടുത്തത്. ഈ ശ്രേഷ്ഠവിളിയെപ്പറ്റി പൗലോസ് സാക്ഷിക്കുന്നു: "...ഞാൻ ഏതുമില്ല എങ്കിലും അതിശ്രേഷ്ഠത

# മാർ പത്രോസ്, മാർ പൗലോസ് ശ്ലീഹന്മാർ

## റവ. ജോണി ജോർജ് കോറെപ്പിസ്ക്കോപ്പാ



യുള്ള അപ്പോസ്തലന്മാരിൽ ഒട്ടും കുറഞ്ഞവനല്ല. അപ്പൊസ്തലന്റെ ലക്ഷണങ്ങൾ പൂർണ്ണ സഹിഷ്ണുതയിലും അടയാളങ്ങളാലും അത്ഭുതങ്ങളാലും വീര്യപ്രവൃത്തികളാലും നിങ്ങളുടെ ഇടയിൽ വെളിപ്പെട്ടുവന്നുവല്ലൊ." (2 കൊരി. 12:11,12).

ശിഷ്യത്വത്തിന്റെ പാതയിൽ നടക്കുകയും അനുദിനം ആത്മീയരീതിയിൽ വളരുകയും ചെയ്തവരായിരുന്നു പത്രോസും പൗലോസും. "ആത്മീയത"യെ രണ്ടു തരത്തിൽ വേർതിരിച്ച് ചിന്തിക്കാറുണ്ട്. 1. പുരുഷാരത്തിന്റെ ആത്മീയത 2. ശിഷ്യത്വത്തിന്റെ ആത്മീയത. അഞ്ചപ്പവും രണ്ടുമീനും കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചതിനു ശേഷം തന്നെ അന്വേഷിച്ച് പിൻതുടർന്നവരായ പുരുഷാരത്തോട് കർത്താവ് പറയുന്നത്, "നിങ്ങൾ അടയാളം കണ്ടതു കൊണ്ടല്ല, അപ്പം തിന്ന് തൃപ്തരായതു കൊണ്ടത്രെ എന്നെ അന്വേ ഷിക്കുന്നത്" (വി. യോഹ. 6:26). ഇവിടെ കർത്താവിനെ അന്വേഷിക്കുന്നത് അപ്പത്തിനുവേണ്ടിയാണ്; സ്വാർത്ഥ കാര്യലാഭത്തിനാണ്. തന്റെ രക്തവും മാംസവും അനുഭവിക്കുന്നവൻ നിത്യജീവൻ പ്രാപിക്കും എന്ന കർത്താവിന്റെ പ്രബോധനം ഉൾക്കൊള്ളാൻ സാധിക്കാതെ ശിഷ്യന്മാരിൽ പലരും പിൻവാങ്ങിപ്പോയി (വി. യോഹ. 6:66). ഇതാണ് പുരുഷാരത്തിന്റെ ആത്മീയത. യാക്കോബും യോഹന്നാനും യേശുവിന്റെ വലത്തും ഇടത്തും ഇരിപ്പാനുള്ള ആഗ്രഹം പ്രകടിപ്പിക്കുമ്പോഴും പത്രോസ് ശ്ലീഹാ തന്റെ സ്വന്തം സുരക്ഷിതത്വം മുൻനിർത്തി കർത്താവിനെ തള്ളിപ്പറയുമ്പോഴും പുരുഷാരത്തിന്റെ ആത്മീയതയാണ് അവരെ ഭരിച്ചിരുന്നത്. എന്നാൽ, പിന്നീട് പത്രോസ് ശ്ലീഹാ തെറ്റു തിരുത്തുകയും കർത്താവിന്റെ പാദങ്ങൾ ചുംബിച്ച് തലകീഴായി ക്രൂശിക്കപ്പെട്ട് മരിക്കാൻ ആഗ്രഹിക്കുകയും ചെയ്തു.

പൂർണ്ണമായി ശിഷ്യത്വത്തിന്റെ ആത്മീയ പദവിയിൽ എത്തിച്ചേർന്നു. പൗലോസ് ശ്ലീഹാ യേശുക്രിസ്തുവിനാൽ തെരഞ്ഞെടുക്കപ്പെട്ട നാൾ മുതൽ ശിഷ്യത്വത്തിന്റെ പാതയിൽ നടന്നവനാണ്. മരണത്തെപ്പോലും തൃണവൽക്കരിച്ചുകൊണ്ട് അവൻ സുവിശേഷ പ്രവർത്തനം നടത്തിയത്. ഇതാണ് വി. പത്രോസിനേയും വി. പൗലോസിനേയും അപ്പോസ്തലന്മാരുടെ തലവന്മാരാക്കിയത്. ■

## പ്രിൻസിപ്പാൾ



സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളജ് പ്രിൻസിപ്പാളായി നിയമിതയായ ഡോ. ഷേബാ എം. ജോസഫ്. കുമ്പഴ കൈപ്പനാലിൽ പ്രൊഫ. കെ.എം. സണ്ണിയുടെ സഹധർമ്മിണി. പരേതനായ എം.റ്റി. ജോസഫ് കോർ എപ്പിസ്ക്കോപ്പായുടെ മകൾ.

## യൂണിവൈ ദേശീയ പ്രസിഡന്റ്



വൈ.എം.സി.എ. സർവ്വകലാശാല വിഭാഗമായ യൂണിവൈയുടെ ദേശീയ ചെയർമാനായി നിയമിതനായ നിമേഷ് തോമസ് കോവിലകം. കുട്ടംപേരൂർ മാർ ഗ്രിഗോറിയോസ് ഇടവകാംഗവും എം.ജി.ഒ.സി.എസ്.എം. സെൻട്രൽ കമ്മറ്റി യംഗവുമാണ്.

22nd Death Anniversary
13-03-2016



**P. O. ZACHARIAH**
PUTHENPURACKAL
PIRAVANTHOOR, PATHANAPURAM

11th Death Anniversary
27-05-2016



**KURIAN ZACHARIAH (THAMPY)**
PUTHENPURACKAL
PIRAVANTHOOR, PATHANAPURAM

# 48th Death Anniversary, 23-05-2016

# MRS. REBECCAMMA CHACKO

**(Nee Elachi, Ottathyckal, Pallom)**

## Vettikkad House

**Chennamkary, Alappuzha Dist.**

10-9-1897



23-5-1968

"Favour is deceitful, and beauty is vain;
but a woman that feareth the Lord she shall be praised"
Proverbs 31:30

## പ്രത്യാശയുള്ള കുടുംബാംഗങ്ങൾ

1. Late Mrs. Sosamma Varghese - Late Mr. P.A. Varghese
2. Late Mrs. Annamma David - Late Dr. D. Y. David
3. V. C. Joseph - Late Mrs. Rachel Joseph
4. Late Mr. V. C. Jacob - Mrs.Mariamma Jacob
5. Mrs. Pennamma George - Late Mr. George V. Ninan
6. V. Baby Jacob - Mrs. Deenamma Baby
7. Late Mr. Jacob Chandy - Mrs. Sosamma Chandy

and Grand Children and Great - grandchildren

## വിജയികൾ



അഖില മലങ്കര സൺഡേ സ്ക്കൂൾ സഹ പാഠ്യ മത്സര ത്തിൽ ഒന്നാം സ്ഥാനം നേടിയ എബ്രഹാം വി. ഷാജൻ. കണ്ട നാട് ഭദ്രാസനത്തിലെ കണ്ടനാട് സെ. മേരീസ് സൺഡേസ്ക്കൂൾ വിദ്യാർത്ഥിയും വൈശ്യംപറമ്പിൽ ഷാജൻ വി. വർഗീസിന്റെയും ലാലി ഷാജന്റെയും പുത്രനുമാണ്.



അഖില മലങ്കര സൺഡേ സ്ക്കൂൾ സീനി യർ വിഭാഗം വേദവാക്യ മത്സ രത്തിൽ രണ്ടാം സ്ഥാനവും, 2015-2016 ഏഴാം ക്ലാസ്സ് മത്സര പരീക്ഷയിൽ A+ ഗ്രേഡും നേടിയ ക്രിസ്റ്റിൻ വർഗീസ്. കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ കിഴുമുറി സെ. ജോർജ് സൺഡേ സ്ക്കൂൾ വിദ്യാർത്ഥിയും പുള്ളിയിൽ ഫാ. വർഗീസ് പി. വർഗീസിന്റെയും അനു വർഗീസിന്റെയും പുത്രനു മാണ്.



സൺഡേ സ്ക്കൂൾ മല ബാർ സോൺ ജൂണിയർ പ്രസംഗ മത്സ രത്തിൽ ഒന്നാം സ്ഥാനം നേടിയ അനുഷ സണ്ണി. സുൽത്താൻ ബത്തേരി സെന്റ് മേരീസ് കത്തീ ഡ്രൽ കുരുമോളത്ത് സണ്ണിയുടെ മകൾ.



സൺഡേ സ്ക്കൂൾ മല ബാർ സോൺ സബ് ജൂണിയർ വിഭാഗം പ്രസംഗ മത്സര ത്തിന് ഒന്നാം സ്ഥാനം നേടിയ അലീന അന്ന ഏലിയാസ്. സുൽത്താൻ ബത്തേരി സെന്റ് മേരീസ് കത്തീ ഡ്രൽ ചുണ്ടാട്ട് സി.വി. ഏലിയാ സിന്റെ മകൾ.



**മർത്ത്മറിയം വനിതാ സമാജം :** മലങ്കര ഓർത്തഡോക്സ് സഭ മർത്തമ റിയം വനിതാ സമാജം സമ്മേളനം പാമ്പാടി മാർ കുര്യാക്കോസ് ദയറായിൽ ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് ഉദ്ഘാടനം ചെയ്യുന്നു. ഡോ. യൂഹാ നോൻ മാർ തേവോദോറോസ്, ഫാ. ഡോ. ടി. ജെ. ജോഷ്വ, ഇ. കെ. ജോർജ് കോർ എപ്പിസ്ക്കോപ്പ, ഫാ. മാത്യു വർഗീസ്, അക്കാമ്മ പോൾ, പ്രൊഫ. മേരി മാത്യു, ഫാ. മാത്യു കെ. ജോൺ, ഫാ. വി.എം. എബ്രഹാം, റീനി തോമസ് എന്നിവർ സമീപം.



**ബാലസമാജം:** അഖില മലങ്കര ബാലസമാജം നേതൃത്വ പരിശീലന ശില്പശാല കാട്ടൂർ സെ. മേരീസ് വലിയ പള്ളിയിൽ ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു. ഡോ. ജോഷ്വ മാർ നിക്കോ ദിമോസ് മെത്രാപ്പോലീത്താ, ഫാ.ഷൈജു കുര്യൻ, ഫാ.ജെയിംസ് മർക്കോസ്, ഫാ.കെ.എ.ചെറിയാൻ, ജേക്കബ് തോമസ്, ആനി ജോൺ, ഷൈജു ജോൺ, എം.എ. മത്തായിക്കുട്ടി, അഡ്വ.ജെയ്സി കരിങ്ങാട്ടിൽ, ഫാ.ഗീവർഗീസ് പൊന്നോല തുടങ്ങിയവർ സമീപം.




**ബസ്ക്യാമ അസോസിയേഷൻ:** അഖില മലങ്കര ഓർത്തഡോക്സ് ബസ്ക്യാമ അസോസിയേഷൻ ക്യാംപ് പരുമലയിൽ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു. ഡോ. ജോഷ്വ മാർ നിക്കോദിമോസ്, തോമസ് മാർ അത്താനാസിയോസ് തുടങ്ങിയ മെത്രാപ്പോലീ ത്തന്മാർ സമീപം.




**അഖില മലങ്കര ശുശ്രൂഷക സംഘം:** വാർഷിക ക്യാംപ് പരുമലയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ഡോ. മാത്യൂസ് മാർ തിമോത്തിയോസ്, ഡോ. റോയി എം. മാത്യു മുത്തൂറ്റ്, ഫാ. എം.സി. കുര്യാക്കോസ്, പ്രൊഫ. ബാബു വർഗീസ് എന്നിവർ സമീപം.

പ|രി|സ്ഥി|തി

**JUNE-5**

# പാരിസ്ഥിതിക ചൂഷണത്തിന്റെ പ്രത്യാഘാതങ്ങൾ



പ്രകൃതിയെ ചൂഷണം ചെയ്യാതെ, തിരിച്ചു ലഭിക്കാത്ത വിഭവങ്ങളുടെ മിതമായ ഉപയോഗവും, സൗരോർജം, കാറ്റ് തുടങ്ങിയ സൗജന്യ വിഭവങ്ങളുടെ പരമാവധി ഉപയോഗവും ഈ ഭൂമിയുടെ ദീർഘദൂര ഭാവിക്ക് ആവശ്യമാണ്. അനിയന്ത്രിമായ പ്രകൃതിവിഭങ്ങളുടെ ഉപയോഗം നാളെയുടെ നിലനിൽപ്പിനെ ബാധിക്കുമെന്നുള്ള സത്യം ലാത്തൂർ ജില്ലയിലൂടെ വ്യക്തമാക്കുന്നു.



■ ഫാ. ഡോ. മീഖായേൽ സഖറിയ
(ജനറൽ സെക്രട്ടറി, MOSC ഇക്കോളജിക്കൽ കമ്മീഷൻ)

മഹാരാഷ്ട്രയിലെ ലാത്തൂർ ജില്ല ഇന്ത്യയിലെ ഭക്ഷ്യധാന്യ ഉല്പാദനത്തിൽ ഒട്ടും പുറകിൽ അല്ല. പൊതുവേ ഹരിത നിറമുള്ള ഇവിടുത്തെ ഗ്രാമങ്ങൾ കരിമ്പ്, ചോളം, സൊയാബീൻ, പരുത്തി തുടങ്ങിയവയ്ക്ക് പേരുകേട്ട സ്ഥലങ്ങളാണ്. 1993 – ൽ ഏകദേശം 10,000 പേരുടെ മരണത്തിനിടയാക്കിയ ഭൂകമ്പത്തിനു ശേഷം ഈ സ്ഥലത്തേക്ക് ലോക ശ്രദ്ധ തിരിച്ചു വന്നത് കഴിഞ്ഞ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ അനുഭവപ്പെട്ട കൊടുംവരൾച്ച മൂലമാണ്. ഇവിടെയുള്ള ഗ്രാമങ്ങളിൽ, കുടിക്കുവാൻ പോലും വെള്ളമില്ലാത്തതിനാൽ ട്രെയിനുകൾ വഴിയായി എത്തുന്ന കുടിവെള്ളത്തെ ആശ്രയിക്കേണ്ട അവസ്ഥയാണ് നിലനിൽക്കുന്നത്. 100 അടി താഴ്ചയുള്ള കുഴൽ കിണറുകളിൽ പോലും വെള്ളമില്ലാത്തത് ഒട്ടു മിക്ക ഗ്രാമങ്ങളെയും വരണ്ട കൃഷിയിടങ്ങളാക്കി മാറ്റിയപ്പോൾ കടക്കെണി മൂലം ആത്മഹത്യചെയ്യുന്നവരും അന്യ ഗ്രാമങ്ങളിലേക്കും നഗരങ്ങളിലേക്കും പാലായനം ചെയ്യുന്നവരും അനുദിനം വർദ്ധിച്ചിട്ടുണ്ട്. താപനില വർദ്ധിച്ചതു മൂലം സൂര്യ താപമേറ്റ് മരിക്കുന്നവരുടെയും, പകർച്ചവ്യാധി മൂലം മരിക്കുന്നവരുടെയും എണ്ണവും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ഇവിടെ അനുഭവപ്പെടുന്ന കൊടും വരൾച്ച, ഭക്ഷ്യവസ്തുക്കൾക്കു വേണ്ടി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളത്തിലും പ്രതിഫലിക്കുമെന്നതിൽ സംശയമില്ല. കേരളം ഉൾപ്പെടുന്ന സംസ്ഥാനങ്ങളിൽ വർഷംതോറും കുറയുന്ന ഭൂഗർഭ ജലത്തിന്റെ അളവ് ലാത്തൂരിൽ അനുഭവപ്പെടുന്ന വരൾച്ചയുമായി കൂട്ടി വായിക്കുന്നത് ഭൂഗർഭ ജലത്തിന്റെ ദുർവിനിയോഗം തടയുന്നതിനും നഷ്ടപ്പെട്ട ജലത്തെ തിരികെ നിറയ്ക്കുന്നതിനും സഹായിച്ചേക്കാം.

### അനിയന്ത്രിതമായ ഉപയോഗം വരുത്തിവച്ച ആപത്ത്

കൃഷിക്കും കുടിവെള്ളത്തിനുമായി ഇന്ത്യയിലെ ഗ്രാമങ്ങൾ ആശ്രയിച്ചിരുന്നത് നദികളെയാണ്. കൃഷിക്ക് ആവശ്യമായ ജലത്തിന്റെ അപര്യാപ്തത ഉൾനാടൻ ഗ്രാമങ്ങളെ തരിശുനിലങ്ങളായി തന്നെയാണ് നിർത്തിയിരുന്നത്. എന്നാൽ 1980 നുശേഷം ഗവൺമെന്റ് ധനസഹായത്തോടെ രൂപപ്പെട്ട കുഴൽകിണറുകൾ, ഭൂഗർഭജലം ഉപയോഗിച്ച് തരിശുഭൂമികളെ നൂറുമേനി കൊയ്യുന്ന നിലങ്ങളാക്കി മാറ്റി. അവിടെ ഏറ്റവും അനുഗ്രഹീതമായത് ഭാരതത്തിലെ മധ്യ സംസ്ഥാനങ്ങളിൽ നാടോടി ജീവിതം നയിച്ചിരുന്ന ആയിരക്കണക്കിന് കുടുംബങ്ങൾക്ക് കൊള്ളയും കൊലപാതകവും ഉപേക്ഷിച്ച് ഉൾനാടൻ ഗ്രാമങ്ങളിൽ സ്ഥിര

താമസമാക്കാനും അവരുടെ ജീവിതത്തെ പച്ചപിടിപ്പിക്കാനും കഴിഞ്ഞു എന്നുള്ളതാണ്. ഇത് ഇന്ത്യയുടെ തന്നെ സാമ്പത്തിക വളർച്ചയ്ക്കും ഭക്ഷ്യ സുരക്ഷിതത്വത്തിനും കാരണമായിട്ടുണ്ട്.

എന്നാൽ ലാത്തൂർ പോലെയുള്ള ഗ്രാമങ്ങളിൽ പരമ്പരാഗതമായ കൃഷിയിൽ നിന്നും കരിമ്പ് മുതലായ നാണ്യവിളകളിലേക്കുള്ള ചുവടുമാറ്റം അനിയന്ത്രിതമായ ജലചൂഷണത്തിന് ഇടയാക്കി. ഒരു ചതുരശ്രകിലോമീറ്ററിൽ അനുവദനീയമായ 5 കുഴൽ കിണറുകൾക്ക് പകരം ഇവിടെയുള്ളത് 20 മുതൽ 25 വരെയാണ്. അതിൽ തന്നെ മിക്കതും അനുവദനീയമായ 200 അടി താഴ്ചയെക്കാൾ 1500 അടി വരെ താഴ്ചയുള്ളവയാണ്. ഭൂഗർഭജലത്തിന്റെ അളവ് ഓരോ വർഷവും ഭീകരമായി താഴുമ്പോഴും കൂടുതൽ ആഴത്തിലേക്ക് കുഴിക്കുവാനുള്ള പ്രവണതയും മഴക്കാലത്തെ മഴയെ വേണ്ടവിധത്തിൽ ഉപയോഗിച്ച് വീണ്ടും നിറയ്ക്കുന്നതിന് താല്പര്യം കാണിക്കാത്തതും ഈ ക്ഷാമത്തിന് കാരണമായിട്ടുണ്ട്. ഇതോടൊപ്പം വലുതും ചെറുതുമായ കമ്പനികൾ ഗ്രാമപ്രദേശങ്ങളിലെ കൃഷിയിടങ്ങൾ നികത്തി നഗരങ്ങളിലേക്ക് ആവിശ്യമായ കുടിവെള്ളത്തിനും ശീതളപാനീയങ്ങൾക്കുമായി ശക്തി കൂടിയ പമ്പുകൾ ഉപയോഗിച്ച് ഭൂഗർഭജലം വലിച്ചെടുത്തതും, കാലാവസ്ഥ വ്യതിയാനവും താപനിലയിലുണ്ടായ വർദ്ധനവും ഈ ആഘാതങ്ങൾക്ക് വ്യാപ്തി കൂട്ടുന്നവയാണ്.

### എല്ലാം നഷ്ടപ്പെട്ടവരുടെ ദുരിതജീവിതം

ബ്രിട്ടീഷ് ഇന്ത്യയിൽ സൊളാപ്പൂർ, ലത്തൂർ പ്രദേശങ്ങളിലെ നൂറുകണക്കിന് കുടുംബങ്ങളെ കുറ്റവാളി ഗോത്രങ്ങളായാണ് ആണ് കണ്ടിരുന്നത്. ഉപജീവന മാർഗ്ഗമായി കൊള്ളയും പിടിച്ചുപറിയും കൈമുതലയുണ്ടായിരുന്ന ഈ ദേശകാർക്ക് കൃഷിയിലുണ്ടായ വളർച്ച പുതിയ മാനങ്ങൾ ഉണ്ടാകുവാൻ സഹായിച്ചു. എന്നാൽ കൊടുംവരൾച്ചകൾ ഇവരുടെ സഹനശക്തിയെതന്നെ നഷ്ടപ്പെടുത്തിയിരിക്കുന്നു. 2015 ലെ കണക്കുകൾ കാണിക്കുന്നത് ഏകദേശം 1500 ൽ അധികം കർഷകർ കടകെണി മൂലം ഈ പ്രദേശങ്ങളിൽ ആത്മഹത്യ ചെയ്തിട്ടുണ്ടെന്നുള്ളതാണ്. ഗത്യന്തരമില്ലാത്ത മുംബൈ, പൂനെ പോലെയുള്ള നഗരങ്ങളിലേക്ക് ചേക്കേറുന്നവർ ഭിക്ഷാടനവും ശുചീകരണജോലിയും മാലിന്യകൂമ്പാരങ്ങളിൽ നിന്ന് പ്ലാസ്റ്റിക് കുപ്പികൾ പെറുക്കി വിറ്റും ജീവിക്കേണ്ടി വരുന്നു.

### അനിയന്ത്രിതമായ ഉപയോഗത്തിന്റെ പ്രാഥമിക ബലിയാടുകൾ

പ്രകൃതി ദുരന്തങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കുന്നത് താഴേക്കിടയിൽ കിടക്കുന്ന ആദിവാസികൾ ഉൾപ്പെടുന്ന ജനങ്ങളുടെ ജീവിതത്തെയാണ്. അവർ പട്ടിണിയിലാണ് ജീവിക്കുന്നത്. ഏറ്റവും കൂടുതൽ അന്തരീക്ഷ മലിനീകരണം ബാധിക്കുന്നത് അവരുടെ ജീവിതത്തെയാണ്. അവർ ശ്വസിക്കുന്ന വായു പോലും വിഷം നിറഞ്ഞതാണ്. കാലവസ്ഥയിലുണ്ടാകാവുന്ന തീരെചെറിയ വ്യതിയാനങ്ങൾ പോലും അവരെ ബാധിക്കും. പ്രകൃതിയോടുള്ള ഉന്നതരുടെ അവഗണനയും അതിന്റെ പ്രത്യാഘാതവും ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടി വരുന്നതും ഇവരാണ്.

ഇന്ത്യയിൽ ആകെയുള്ള ജനസംഖ്യയിൽ 30 ശതമാനം പേർ ദാരിദ്ര്യരേഖയ്ക്ക് കീഴിൽ ജീവിക്കുമ്പോൾ അവരുടെ ജീവിതവും പ്രകൃതിയുമായുള്ള ബന്ധം പ്രസക്തമാണ്. ഉപജീവനത്തിനുവേണ്ടി പൂർണ്ണമായും മണ്ണിനെ ആശ്രയിക്കേണ്ടി വരുമ്പോൾ വിളകൾ, കളകൾ, കീടങ്ങൾ, വരൾച്ച, വളപുഷ്ടിയുള്ള മണ്ണ് ഇവയൊക്കെ അവർക്ക് ജീവിതവുമായി ബന്ധപ്പെട്ട വാക്കുകളാണ്. ഇവിടെ ആവിശ്യമായുളളത് പ്രകൃതിക്ക് ഇണങ്ങുന്ന ജീവിത രീതികളാണ്. പ്രകൃതിയെ ചൂഷണം ചെയ്യാതെ, തിരിച്ചു ലഭിക്കാത്ത വിഭവങ്ങളുടെ മിതമായ ഉപയോഗവും, സൗരോർജം, കാറ്റ് തുടങ്ങിയ സൗജന്യ വിഭവങ്ങളുടെ പരമാവധി ഉപയോഗവും ഈ ഭൂമിയുടെ ദീർഘദൂര ഭാവിക്ക് ആവശ്യമാണ്. അനിയന്ത്രിതമായ പ്രകൃതിവിഭങ്ങളുടെ ഉപയോഗം നാളെയുടെ നിലനിൽപ്പിനെ ബാധിക്കുമെന്നുള്ള സത്യം ലാത്തൂർ ജില്ലയിലൂടെ വ്യക്തമാക്കുന്നു. പ്രകൃതിയുടെ ചൂഷണം പ്രാഥമികമായി ബാധിക്കുന്നത് നമ്മെക്കാൾ താണ ദാരിദ്ര്യാവസ്ഥയിൽ ജീവിക്കുന്ന ഒരു വലിയ ജനസമൂഹത്തെ ആയതുകൊണ്ട് എല്ലാവർക്കും ജീവിക്കാൻ പറ്റുന്ന ഒരു ലോകത്തെപ്പറ്റിയുള്ള തിരിച്ചറിവ് ലഭിക്കാൻ ഉതകട്ടെ.

■

## പരിസ്ഥിതി അവാർഡ്



കേരള സർക്കാർ വനംവകുപ്പിന്റെ 2015-ലെ സിറ്റിസൺ കൺസർവേറ്റർ അവാർഡ് നേടിയ ഫാ. ജിൻസ് എൻ.ബി.യും സഹധർമ്മിണി ബിൻസി പി. കുര്യാക്കോസും. വയനാട് കേന്ദ്രമാക്കി നടക്കുന്ന പരിസ്ഥിതി ബോധന പ്രവർത്തനങ്ങൾ പരിഗണിച്ചാണ് ദമ്പതികൾക്ക് അംഗീകാരം.

ഗൂഡല്ലൂർ സെന്റ് മേരീസ് ഇടവക വികാരിയും അമ്പലവയൽ സെന്റ് ജോർജ് ഇടവകാംഗങ്ങളുമാണ്. ഈ അംഗീകാരം ലഭിക്കുന്ന ആദ്യ ദമ്പതികളാണ്. ഫാ. ജിൻസ് മലയാള സാഹിത്യത്തിൽ യു.ജി.സി. - നെറ്റ് പാസ്സായിട്ടുണ്ട്. മക്കൾ: മിരൺ, എല്ലെെൻ.


## 2-ാം ചരമ വാർഷികം, (28-5-2016)



**അന്നമ്മ തോമസ്**
(കുഞ്ഞമ്മ, 70)
നെല്ലിക്കാപ്പള്ളിൽ,
ആനിക്കാട് പി.ഒ., മല്ലപ്പള്ളി

*Inserted by*
**എൻ. വി. തോമസ്**
*മക്കൾ:*
ജോളി തോമസ്,
ജോസി തോമസ്,
ജോജി തോമസ്
ജോബിൻ ഈപ്പൻ തോമസ്

മെയ് 29 ഞായറാഴ്ച, 7 മണിക്ക് മല്ലപ്പള്ളി പാതിക്കാട് സെ. പീറ്റേഴ്സ് & സെ. പോൾസ് പള്ളിയിൽ വി. കുർബ്ബാനയും ധൂപ പ്രാർത്ഥനയും ഉണ്ടായിരിക്കും.

11-ാം ചരമ വാർഷികം
04-05-2016




## സഭാകവി

# ശ്രീ. സി. പി. ചാണ്ടി, വെണ്ണിക്കുളം

**(2016 – സഭാ കവിയുടെ ജന്മ ശതാബ്ദി വർഷം)**

Inserted By: Relatives




# സൗഹൃദ ദേവാലയങ്ങൾ

■ ഫാ. ദീപു ഫിലിപ്പ് എള്ളാലയിൽ

പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് അവബോധം വരുത്തുവാനും അതിന് വേണ്ടുന്ന കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുവാനുമാണ് ജൂൺ 5 പരിസ്ഥിതി ദിനമായി ആചരിക്കുന്നത്. ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലിയാണ് 1972 മുതൽ ഈ ദിനാചരണം ആരംഭിച്ചത്. മലങ്കര ഓർത്തഡോക്സ് സഭയിലും പരിസ്ഥിതി ദിനാചരണങ്ങൾ നടത്താറുണ്ട്. ഓരോ ദേവാലയവും പരിസ്ഥിതി സൗഹൃദ ദേവാലയങ്ങൾ ആകുമ്പോഴാണ് ഈ സുന്ദരമായ സന്ദേശം യാഥാർത്ഥ്യത്തിൽ എത്തുന്നത്. അതിന് സഹായകരമായ ചില ചിന്തകൾ:

**1. ഹരിത ദേവാലയങ്ങൾ:** പ്രമുഖ പരിസ്ഥിതി ചിന്തകനായ ഡോ. കെ. പി. ജോയി *നമ്മുടെ പള്ളികൾ ഹരിത ദേവാലയങ്ങളായി മാറേണ്ടതാണെന്ന്* അഭിപ്രായപ്പെടുന്നു. തണൽ ലഭിക്കുന്നതിനും അലങ്കാരത്തിനുമായി ഉയരം കൂടിയ മരങ്ങൾ, ഫലവൃക്ഷങ്ങൾ തുടങ്ങിയവ അതിരുകളിൽ വച്ച് പിടിപ്പിക്കാവുന്നതാണ്. പൂച്ചെടികൾ, ഉദ്യാനങ്ങൾ മുതലായവ ദേവാലയത്തിന്റെ ഭംഗി വർദ്ധിപ്പിക്കുകയും വിശ്വാസികളുടെ മനസ്സ് തണുപ്പിക്കുകയും ചെയ്യും. വൃക്ഷങ്ങളുടെയും ചെടികളുടേയും പരിപാലനവും പ്രധാനമാണ്. ഒരാവേശത്തിൽ അനേകം മരങ്ങൾ നടുകയും പിന്നീട് ശ്രദ്ധിക്കാതെ ഇരിക്കുകയും ചെയ്യുന്നു എന്നതാണ് പലപ്പോഴും കണ്ടുവരുന്നത്. യുവജനപ്രസ്ഥാനം, സൺഡേസ്കൂൾ, മർത്തമറിയം വനിതാ സമാജം മുതലായ ആദ്ധ്യാത്മിക സംഘടനകൾക്ക് ഇതിന്റെ പരിപാലനം ഏറ്റെടുത്ത് നടത്തുവാൻ കഴിയും.

**2. നിറക്കൂട്ടുകൾ:** ലളിത നിറങ്ങളാണ് ദേവാലയത്തിന് യോജിക്കുന്നത്. ഭൂരിഭാഗം ദേവാലയങ്ങളിലും പുറമേ വെള്ള നിറമാണ്. മദ്ബഹാ ദേവാലയത്തിന്റെ പ്രധാന ശ്രദ്ധാ കേന്ദ്രമാണ്. ആളുകൾ ഏറ്റവും കൂടുതൽ ശ്രദ്ധിക്കുന്നതും മദ്ബഹായിലേക്കാണ്. ആകാശ നീല, പച്ച മുതലായ നിറങ്ങൾ കണ്ണിന് കുളിർമ്മയും മനസ്സിന് ഉൽസാഹവും നൽകുന്നതാണ്. എന്നാൽ കടും ചുവപ്പ് കൂടുതൽ ഉപയോഗിക്കുന്നത് കണ്ണിനും മനസ്സിനും ഗുണം ചെയ്യില്ല. സൗമ്യഭാവം ഉളവാക്കുന്ന നിറങ്ങൾ ഉപയോഗിക്കുന്നതാണ് അഭികാമ്യം.

**3. സെമിത്തേരി:** 'കോയ്മെറ്റേറിയോൺ' എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് സെമിത്തേരി എന്ന വാക്ക് ഉത്ഭവിച്ചത്. ഗ്രീക്ക് മൂലത്തിന്റെ അർത്ഥം ഉറങ്ങുവാനുള്ള മുറി എന്നാണ്. എന്നാൽ പല സെമിത്തേരികളും കാണുമ്പോൾ ഉറക്കം നഷ്ടപ്പെടും. പാശ്ചാത്യ രാജ്യങ്ങളിലെ സെമിത്തേരികൾ മനോഹരങ്ങളായ ഉദ്യാനങ്ങളായും പുൽത്തകിടികളായുമാണ് രൂപകല്പന ചെയ്തിരിക്കുന്നത്. നമ്മുടെ സെമിത്തേരികൾ കണ്ടാൽ സന്തോഷം നഷ്ടപ്പെട്ടു പോകുമെന്ന് കാലം ചെയ്ത ഗീവർഗ്ഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തമാശ രൂപേണ പറയുമായിരുന്നു. ശ്രമിച്ചാൽ മനോഹരങ്ങളായ ഉദ്യാനങ്ങളായി സെമിത്തേരികളെ മാറ്റുവാൻ സാധിക്കും. കല്ലറകൾ ഒരേ രീതിയിൽ രൂപകൽപ്പന ചെയ്യുന്നതും സെമിത്തേരികളുടെ സൗന്ദര്യം വർദ്ധിപ്പിക്കും.

**4. മാലിന്യ സംസ്ക്കരണം:** വിവാഹങ്ങളും ശവസംസ്ക്കാരങ്ങളും കഴിഞ്ഞാൽ ദേവാലയ പരിസരങ്ങൾ മാലിന്യ കൂമ്പാരങ്ങളായി മാറാറുണ്ട്. നിർദ്ദിഷ്ട സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കണം എന്ന വികാരിയുടെ അറിയിപ്പ് പലരും കേട്ടതായി ഭാവിക്കാറില്ല. പ്ലാസ്റ്റിക് ഗ്ലാസ്സുകൾ ഉപയോഗിക്കാതിരിക്കുന്നതും മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്ക്കരിക്കുന്നതും സംസ്ക്കാരമായി മാറേണ്ടതുണ്ട്. ആവശ്യമുള്ളവ മാത്രം ദേവാലയത്തിൽ ഉപയോഗിക്കുക എന്നത് ശീലമാക്കണം. പഴയ പുസ്തകങ്ങൾ, ഉപയോഗശൂന്യമായ പള്ളിത്തുണിത്തരങ്ങൾ, ഉപകരണങ്ങൾ മുതലായവ സൃഷ്ടിക്കുന്ന ഭാരം ചെറുതല്ല. പള്ളിയുടെ ആവശ്യം അറിഞ്ഞ് നേർച്ച സമർപ്പിക്കുന്നതും ആവശ്യം ഇല്ലാത്ത ഉപകരണങ്ങൾ ആവശ്യമുള്ള ദേവാലയങ്ങളിലേക്ക് നൽകുന്നതും പ്രോത്സാഹിപ്പിക്കണം. വി. ത്രോണോസിൽ പ്ലാസ്റ്റിക് പൂക്കൾ വയ്ക്കുന്ന പ്രവണത ഏറി വരുന്നുണ്ട്. ഭാഗ്യസ്മരണാർഹനായ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി ഇതിനെ ശക്തമായി അപലപിച്ചിട്ടുണ്ട്.

**5. ശബ്ദ മലിനീകരണം:** ദൈവത്തെ ഭയപ്പെടുത്തുന്ന തരത്തിലാണ് പലരും ദേവാലയത്തിൽ മൈക്ക് ഉപയോഗിക്കുന്നത്. മീശ മൈക്കിൽ മുട്ടിയാൽ മാത്രമേ ശബ്ദം ശരിയാകൂ എന്ന് വിചാരിക്കുന്ന അനേകം വൈദികരും അത്മായരുമുണ്ട്. നിർദ്ദിഷ്ട അകലത്തിൽ മൈക്രോഫോൺ വെച്ചെങ്കിൽ മാത്രമേ ശബ്ദം ശരിയായ രീതിയിൽ കേൾക്കുകയുള്ളൂ.

**6. ജല സംഭരണം:** ജല ദൗർലഭ്യം രൂക്ഷമാകുന്ന കാലമാണിത്. ദേവാലയങ്ങളിൽ ജലം സംഭരിക്കാനുള്ള കരുതൽ ഉണ്ടാവുന്നത് നല്ലതാണ്. വർഷകാലത്ത് ആവശ്യത്തിന് ജലം സംഭരിച്ചാൽ ജല ദൗർലഭ്യം ഒരു പരിധി വരെ നിയന്ത്രിക്കാൻ സാധിക്കും. ജല സംഭരണികൾ ഉണ്ടാക്കുന്നും അത് ശരിയായി പരിപാലിക്കുന്നതും മറ്റൊരു മാർഗ്ഗമാണ്. ജലത്തിന്റെ അമിതോപയോഗം നിയന്ത്രിക്കേണ്ടതും അത്യാവശ്യം തന്നെ.

**7. വൃത്തിയും വെടിപ്പും:** ദേവാലയങ്ങൾ വൃത്തിയായും വെടിപ്പായും സൂക്ഷിക്കണം. പലപ്പോഴും ദേവാലയങ്ങളിൽ ഇത് കാണുന്നില്ല. പൊടിയും മാറാലയും പിടിച്ച്, പാറ്റയും പല്ലിയും താവളമാക്കുന്ന സ്ഥലങ്ങളായി ദേവാലയങ്ങൾ മാറ്റപ്പെടുന്നു. Cleanliness is next to Godliness - എന്ന പ്രസിദ്ധമായ ചൊല്ല് പ്രസക്തമാണ്. *ദൈവമേ നിന്റെ ആലയം എത്ര മനോഹരം* എന്ന് സങ്കീർത്തനക്കാരനെ പോലെ പാടി സ്തുതിക്കുവാൻ ഇടയാകണം.

**ഉപസംഹാരം:** വരൾച്ചയും ഉഷ്ണതരംഗവും അകത്തും പുറത്തും സൃഷ്ടിക്കപ്പെടുന്ന പുത്തൻ സാഹചര്യങ്ങളിൽ പരിസ്ഥിതി സൗഹൃദ ദേവാലയങ്ങൾ അനിവാര്യമാകുന്നു. പച്ചപ്പ് നിറഞ്ഞ ഭൂമിയോട് ചേർന്നു നിൽക്കുന്ന ദേവാലയങ്ങൾ വളർന്നു വരണം. ■

## 8th Death Anniversary
## (20-05-2016)



### K. K. MATHEW
(Rtd Tahsildhar)

**Moothedathu Kondoor House**
**Kadamankulam P.O., Kallooppara**

"We shall meet on that beautiful shore"

By Sorrowing
**Sosamma Mathew** (Wife) **& Family**

## ANNAMMA SIMON

**THAZHATHU HOUSE**
**PATHANAMTHITTA**

10th Death Anniversary
03- May 2016



*"Safe in the arms of Lord Jesus Christ"*

*Inserted by*
***Sorrowing Family***


18–ാം ചരമ വാർഷികം
03–05–2016



*Inserted by*

**V.I. George & Ciji George (Manipal)**
**V.I. Thomas & Bijili Thomas (Vazhoor)**
**V.I. Jolly & Johnson Joseph (Mulanthuruthy)**

## വി.വി. ഇട്ടി (ഇട്ടിസാർ)
**സെന്റ് ജോർജ്ജ് ബാങ്കേഴ്സ്, വാഴൂർ**




എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ നവതി ആഘോഷം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. വികാരി ഫാ. പി. ഐ. വർഗീസ്, ജിജി തോംസൺ ഐ.എ.എസ്., നുവാൽസ് വൈസ് ചാൻസിലർ ഡോ. റോസ് വർഗീസ്, ഫാ. ഒ.ജെ. ജേക്കബ് എന്നിവർ പ്രസംഗിച്ചു. ട്രസ്റ്റി ഡാനിയേൽ ഉമ്മൻ കർമ്മപദ്ധതികൾ അവതരിപ്പിച്ചു. 1926-ലാണ് പള്ളി സ്ഥാപിതമായത്.



അഖില മലങ്കര യുവജന പ്രസ്ഥാനം പ്രവർത്തനോദ്ഘാടനം പ്രസിഡന്റ് യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ കാട്ടൂർ സെന്റ് മേരീസ് വലിയ പള്ളിയിൽ ഉദ്ഘാടനം ചെയ്യുന്നു. ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ, ഫാ. ഫിലിപ്പ് തരകൻ, ഫാ. പി.വൈ. ജെസ്സൻ തുടങ്ങിയവർ സമീപം.

## ലക്ഷ്യബോധമുള്ളവരാകണം നേതാക്കൾ: മാർ സെറാഫിം

**റാന്നി:** ലക്ഷ്യബോധമുള്ളവരും ശുശ്രൂഷകരുമായിരിക്കണം നേതാക്കൾ എന്നും നേതൃത്വത്തിൽ വരുന്നവർ ക്രിസ്തുവിന്റെ ശൈലി സ്വീകരിച്ച് ശുശ്രൂഷ ചെയ്യുവാൻ സന്നദ്ധരാകണമെന്നും ജനങ്ങളുടെ പ്രയാസങ്ങൾ കണ്ടറിഞ്ഞ് സഹായിക്കുന്നവരാകണമെന്നും ബാംഗ്ലൂർ ഭദ്രാസനാധിപൻ ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത ഉദ്ബോധിപ്പിച്ചു.

അഖില മലങ്കര ബാലസമാജം നേതൃത്വ പരിശീലന ക്യാമ്പ് നിലയ്ക്കൽ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ കാട്ടൂർ സെന്റ് മേരീസ് വലിയപള്ളിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു. അഖില മലങ്കര ബാലസമാജം പ്രസിഡന്റ് ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. 'ബാലസമാജത്തിന്റെ സ്വാധീനം എന്നിൽ' എന്ന വിഷയത്തിൽ ഡീക്കൻ ജിത്തു തോമസ്, ജെഫിൻ വർഗീസ്, ആഷ്ന അന്ന വർഗീസ് എന്നിവർ പ്രഭാഷണം നടത്തി.
നിലയ്ക്കൽ ഭദ്രാസന സെക്രട്ടറി ഫാ.ഷൈജു കുര്യൻ, റവ.ഫാ.ജെയിംസ് മർക്കോസ്, ഫാ.ഗീവർഗീസ് പൊന്നോല, ഫാ.കെ.എ.ചെറിയാൻ, ജേക്കബ് തോമസ്, ആനി ജോൺ, ഷൈജു ജോൺ, എം.എ. മത്തായിക്കുട്ടി തുടങ്ങിയവർ പ്രസംഗിച്ചു. അഡ്വ.ജെയ്സി കരിങ്ങാട്ടിൽ ക്ലാസ്സ് നയിച്ചു. ഉത്തര മേഖല നേതൃത്വ പരിശീലന ക്യാമ്പ് മെയ് 21-ന് ശനിയാഴ്ച 9.30 മുതൽ 3 മണി വരെ അങ്കമാലി ഭദ്രാസനാസ്ഥാനമായ ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ വച്ച് നടക്കും.

## നിയമിതനായി



പത്തനംതിട്ട ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റായി നിയമിതനായ തിരുവല്ല വളഞ്ഞവട്ടം കിഴക്ക് ഇട്ടിയംപറമ്പിൽ സജി അലക്സ്. ജില്ലാ പഞ്ചായത്ത് അംഗം, സഭാ മാനേജിംഗ് കമ്മറ്റി അംഗം, എന്നീ നിലകളിൽ പ്രവർത്തിച്ചു. ഭാര്യ ലീന സൂസൻ ഉമ്മൻ, മക്കൾ: നോഹൽ, നിക്കി.

## ബഹുമതി



ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ് പ്രസ്ഥാനത്തിന്റെ ദേശീയ ബഹുമതിയായ ഹിമാലയ വുഡ് ബാഡ്ജ് നേടിയ സീനോ ചാർളി ചുങ്കത്തറ എം.പി.എം. ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകനാണ്. ഷൊർണൂർ സെ. മേരീസ് ഇടവകാംഗം. മലങ്കര അസോസിയേഷൻ മെമ്പറും, മലബാർ ഭദ്രാസന കൗൺസിൽ അംഗവുമാണ്. ഭാര്യ: റൂബി. മക്കൾ: ബിനോ കുറിയാക്കോസ്, ബിനി മാർത്താ സീനോ.

## മലങ്കരസഭ മാസിക

മലങ്കര സഭാ മാസിക സപ്തതി പ്രമാണിച്ച് ഏലൂർ മാർ ഗ്രീഗോറിയോസ് പള്ളി മലങ്കരസഭയുടെ എഴുപതു വരിക്കാരെ ചേർത്തു. വികാരി ഫാ. എ.വി. മാത്യൂസ്, പ്രൊമോട്ടർ കൊച്ചു ജോർജ് എന്നിവർ മാസികയുടെ പ്രവർത്തനങ്ങൾക്ക് മുഖ്യ നേതൃത്വം നൽകി.

## FEED BACK - 2




**എന്തുകൊണ്ടും യോസഫ് പിതാവിന്റെ മദ്ധ്യസ്ഥതയിൽ പ്രാർത്ഥിക്കുന്നതിനും, ആ പിതാവിന്റെ നാമത്തിൽ പള്ളികൾ സ്ഥാപിക്കുന്നതിനും വേദശാസ്ത്രപരമായി തടസ്സങ്ങളൊന്നും കാണുന്നില്ല. അതേ സമയം അടുത്തകാലങ്ങളിൽ യൂദാശ്ലീഹായെ *മാർക്കറ്റിംഗ്* ചെയ്യുന്നതുപോലെ യോസേഫ് പിതാവിനെ ഉപയോഗിക്കണമെന്ന് അർത്ഥമാക്കുന്നില്ല.**

# വി: യൗസേഫ് പിതാവിന്റെ മദ്ധ്യസ്ഥത അനിവാര്യം

■ **ഫാ. ഡോ. ഒ. തോമസ്**

പുണ്യവാനായ യൗസേഫ് പിതാവിന്റെ മദ്ധ്യസ്ഥതയെപ്പറ്റി വന്ദ്യനായ ഡോ. റ്റി. ജെ. ജോഷ്വ അച്ചന്റെ ലേഖനവും അതേപ്പറ്റി ഡോ. ബാബു പോൾ എഴുതിയ ലേഖനവും (മലങ്കര സഭ ജനുവരി, ഫെബ്രുവരി ലക്കങ്ങൾ) വായിച്ചതിന്റെ വെളിച്ചത്തിലുള്ള എളിയ പ്രതികരണമാണ് ഇത്. യൗസേഫ് പിതാവിനെ ഓർക്കുന്ന രീതി സുറിയാനി പാരമ്പര്യത്തിൽ ഇല്ലാ എന്നും അത് കത്തോലിക്കാ പാരമ്പര്യത്തിൽ ഉണ്ടായതാണെന്നുമുള്ള ഡോ. ബാബുപോളിന്റെ നിഗമനങ്ങളെ എതിർക്കാൻ ഇവിടെ ശ്രമിക്കുന്നില്ല. എന്നാൽ സുറിയാനി പാരമ്പര്യത്തിലില്ലാത്തതുകൊണ്ട്, പുണ്യവാനായ യൗസേഫിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നത് വിശ്വാസത്തിനു നിരക്കാത്തതാണെന്നു സമർത്ഥിക്കാനാവുമോ എന്ന് തോന്നുന്നില്ല. കത്തോലിക്കാ സഭയിൽ കാലങ്ങളിൽ കൂടി ചേർത്ത ഒരു നല്ല കാര്യം, പിതാക്കന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്ന എല്ലാ അപ്പോസ്തോലിക സഭകളും അവരുടേതായ രീതിയിൽ ഉൾക്കൊള്ളുന്നതിൽ തെറ്റില്ല തന്നെ.

**ഒരു സഭയുടെയും** വേദശാസ്ത്രവും ആരാധനാ പാരമ്പര്യവും അതിൽ തന്നെ പൂർണ്ണമാണെന്ന് ചിന്തിക്കുന്നത് വേദശാസ്ത്രത്തിന്റെ രീതി ശാസ്ത്രത്തിന് ചേർന്നതാണെന്നു തോന്നുന്നില്ല. അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി എപ്പോഴും സ്വീകരിച്ചിരുന്ന ഒരു നിലപാടുണ്ടായിരുന്നു. ഓർത്തഡോക്സ്, കത്തോലിക്കാ, പ്രൊട്ടസ്റ്റന്റ് വേദശാസ്ത്രങ്ങളിലെ ഊന്നലുകളുടെ സംഗ്രഹമാണ് കുറച്ചുകൂടി ആധികാരികമായ ഒരു വേദശാസ്ത്രത്തിന് രൂപം നൽകാൻ സഹായകമാവുന്നത്. പണ്ഡിതനായ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനി ഒരുപടി കൂടി അപ്പുറം പോയി എന്നാണ് തോന്നുന്നത്. ആത്യന്തികമായി വേദശാസ്ത്രം ത്രിത്വത്തിലും മനുഷ്യാവതാരം ചെയ്ത പൂർണ്ണ ദൈവവും, മനുഷ്യനുമായ യേശുക്രിസ്തുവിൽ കേന്ദ്രീകൃതമായിരിക്കുമ്പോഴും, നന്മ എല്ലാം, ദൈവത്തിൽ നിന്നുമാത്രമാകയാൽ മറ്റു മതങ്ങളിലെ നന്മകൾ കൂടി വേദശാസ്ത്രത്തിൽ ഇടം തേടണമെന്ന ചിന്തയായിരുന്നു അദ്ദേഹത്തിന്റേത് എന്ന എളിയ ധാരണയാണ് ഉള്ളത്. എന്നാൽ അതിന്റെ വെളിച്ചത്തിൽ എന്തെങ്കിലും 'ഡോഗ്മാ'കൾ സൃഷ്ടിക്കണമെന്ന് അദ്ദേഹം എഴുതിയതായിട്ടു തോന്നുന്നില്ല. എന്നാൽ എവിടെയെല്ലാം നന്മകൾ ഉണ്ടോ അതു സെക്കുലർ പ്രത്യയ ശാസ്ത്രങ്ങളിൽ നിന്നായാലും സ്വീകരിക്കണമെന്ന് അഭിപ്രായപ്പെട്ടിരുന്നു. ഇങ്ങനെയൊക്കെ നോക്കുമ്പോൾ യൗസേഫ് പിതാവിന്റെ മദ്ധ്യസ്ഥതയെ അവഗണിക്കുന്നതിന് മദ്ധ്യസ്ഥ പ്രാർത്ഥനയിൽ വിശ്വസിക്കുന്ന പുരാതന സഭകൾക്ക് ന്യായീകരണം ഉണ്ടെന്നു തോന്നുന്നില്ല.

ഡോ. ബാബുപോൾ തന്നെ മറ്റൊരു ലേഖനത്തിൽ എഴുതിയിരുന്നു യേശുതമ്പുരാൻ മാതാവിനോട് "എന്റെ അമ്മയും സഹോദരന്മാരും ദൈവവചനം കേട്ടു ചെയ്യുന്നവരത്രെ (ലൂക്കോ. 8:21), എന്ന് പ്രസ്താവിച്ചതിൽ കൂടി ദൈവത്തിന്റെ മാതാവും പിതാവും, സഹോദരങ്ങളുമായിത്തീരാനുള്ള അവകാശം സാധാരണ വിശ്വാസികൾക്കു കൂടി നൽകപ്പെട്ടിരിക്കുന്നു എന്നത് ആത്യന്തികമായി ദൈവേഷ്ടം പരിപൂർണ്ണമായി അനുസരിക്കണമെന്നു മാത്രമാണ് പ്രധാനമായ ഉപാധി. ആ അർത്ഥത്തിൽ നോക്കുമ്പോഴും കന്യക മറിയാം കഴിഞ്ഞാൽ ദൈവ ഇഷ്ടം പൂർണ്ണമായി അനുസരിച്ച ആളാണ് വിശുദ്ധനായ യൗസേഫ് പിതാവ്.

**വേദപുസ്തകവും പാരമ്പര്യവു**മാണല്ലോ, വേദശാസ്ത്ര നിർമ്മിതിയുടെ ആധികാരിക അടിസ്ഥാനങ്ങളായി പൗരസ്ത്യസഭകൾ സ്വീകരിക്കുന്നത്. അങ്ങനെയെങ്കിൽ വേദപുസ്തകം വിശുദ്ധ യൗസേഫിനെ അവതരിപ്പിക്കുന്നത് എങ്ങനെയെന്നു നോക്കാം. കേവലം ഒരു മേൽനോട്ടക്കാരൻ (കെയർ ടേക്കർ) എന്ന നിലയിലല്ല, നീതിമാനായ ജോസഫിനെ വേദപുസ്തകം വെളിപ്പെടുത്തിയിരിക്കുന്നത്. അതിൽ ഏറ്റം പ്രധാന

മായത് കന്യകാ ജനനത്തെപ്പറ്റിയുള്ള വെളിപാടാണ്. കന്യകയെ തെരഞ്ഞെടുത്ത്, ഉയരത്തിൽ നിന്നുള്ള ജനനവാർത്ത നൽകിയതിന് ശേഷമല്ല, യൗസേഫിനെ കൂട്ടിച്ചേർത്തത്. മറിച്ച് യഹൂദാ പാരമ്പര്യത്തിൽ വിവാഹനിശ്ചയത്തോടുകൂടി തന്നെ കുടംബത്തിന്റെ ഉടമ്പടി ബന്ധം ആരംഭിക്കുകയാണ്. ആതരത്തിൽ യൗസേഫുമായി വിവാഹ നിശ്ചയം നടന്നതിനുശേഷമാണ് കന്യകമറിയാമിന് അരുളപ്പാടുണ്ടായത് (വി. ലൂക്കോ. 1:26). വലിയ അർത്ഥമാണ് ഇതിനുള്ളത്. ഒരു കുഞ്ഞു പിറക്കുന്നത്, കുടുംബത്തിനുള്ളിലാണ്. മാതാപിതാക്കൾ ഒരുമിച്ചു ചേർന്നാണ് കുഞ്ഞിനെ വളർത്തേണ്ടത്. പൂർണ്ണദൈവവും, പൂർണ്ണ മനുഷ്യനുമായ ക്രിസ്തു ഉയരത്തിൽ നിന്ന് ജനിച്ചു വെങ്കിലും, ഒരമ്മയുടെ മുലപ്പാൽ കുടിക്കുന്നത് ഉൾപ്പെടെയുള്ള മനുഷ്യത്വത്തിന്റെ സ്വാഭാവികമായി എല്ലാ രീതികളും ഉൾക്കൊണ്ടിരുന്നു. ദൈവം ആദ്യം കുടുംബം സൃഷ്ടിച്ചു. അതിനുള്ളിലാണ് യേശുക്കുഞ്ഞ് പിറന്നത്. ശരീരശാസ്ത്ര പ്രകാരമുള്ള സാങ്കേതിക അർത്ഥമൊഴിച്ചാൽ യൗസേഫ്, യേശുവിന്റെ പിതാവ് തന്നെയായിരുന്നു.

**വെളിപാടുകളുടെ സ്വഭാവം** കൂടിയൊന്നു പരിശോധിക്കാം. “പുരുഷനെ അറിയായ്കയാൽ ഇത് എങ്ങനെ സാധിക്കും”. എന്ന ഒരു മറുചോദ്യമെങ്കിലും (ലൂക്കോ. 1:34) കന്യകമറിയം ചോദിച്ചു. എന്നാൽ പ്രായമായ യൗസേഫ് പിതാവ് (പാരമ്പര്യ പ്രകാരം) തനിക്കു വെളിപാടുണ്ടായപ്പോൾ ഇപ്രകാരമുള്ള ഒരു ചോദ്യമേ ചോദിച്ചില്ല അതേപടി അതിനെ സ്വീകരിക്കുകയായിരുന്നു (വി. മത്തായി 1:18-24). കന്യക ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കുമെന്നുള്ള വെളിപാട്, നീതിമാനായ യൗസേഫിനല്ലാതെ മറ്റാർക്കും വേദപുസ്തകത്തിൽ നൽകിയിട്ടുമില്ല. യൗസേഫിനുള്ള വെളിപാടിന്റെ ഞായറാഴ്ചയിൽ വായിക്കപ്പെടുന്ന സെദ്റാകളിൽ യൗസേഫിനെ വാഴ്ത്തുന്നതിൽ മടികാണിച്ചിട്ടുണ്ടെങ്കിലും കന്യകാ ജനനം സംശയത്തിനതീതമായി സ്വീകരിക്കപ്പെടുവാൻ ഇടയായി എന്ന ആശയത്തിന് ഊന്നൽ നൽകിയിട്ടുണ്ട്. എന്നാൽ ദൈവമാതാവിനെ പുകഴ്ത്തിയതുപോലെ യോസഫിനെ പുകഴ്ത്താതിരിക്കാൻ അന്ത്യോഖ്യൻ പാരമ്പര്യം പ്രത്യേക ശ്രദ്ധവെച്ചിട്ടണ്ട്. ദൈവമാതാവിനും കന്യകാജനനത്തിനും കോട്ടം തട്ടാതിരിക്കാൻ യോസഫിനെ തമസ്ക്കരിക്കുകയായിരുന്നിരിക്കാം. എന്നാൽ അത്തരം തമസ്ക്കരണം കൊണ്ടൊന്നും വേദവിപരീതത്തെ ഇല്ലാതാക്കാനായിട്ടില്ല. കന്യകാജനനം ചോദ്യം ചെയ്യുന്നവരുണ്ട്. കന്യകയിൽ ജനിച്ചു എങ്കിലും പിന്നീട് മാതാവും, യോസഫും, ഭാര്യാ-ഭർത്താക്കന്മാരായി ജീവിച്ചു എന്ന് പഠിപ്പിക്കുന്നവരുണ്ട് എന്തിനധികം യേശുക്രിസ്തു പോലും മഗ്ദലന മറിയത്തെ വിവാഹം കഴിച്ചു എന്ന് എഴുത്തിലും, ദൃശ്യത്തിലും ആവിഷ്ക്കരിക്കപ്പെട്ടു. അതുകൊണ്ട് യൗസേഫിനെ ചില പാരമ്പര്യങ്ങളിൽ തമസ്ക്കരിച്ചു എങ്കിലും വേദവിപരീതികളുടെ ചിന്താഗതികളെയൊന്നും പാടേ ഇല്ലാതാക്കാൻ ആരാലും സാദ്ധ്യമല്ല. പിന്നെയും യൗസേഫ് പിതാവിലേക്കു തിരിച്ചുവരാം.

**യേശുക്രിസ്തുവിന്റെ ജനനത്തിനു** ശേഷമുള്ള എല്ലാ വെളിപാടുകളും നീതിമാനായ യോസഫിനാണ് നൽകിയത്. മിസ്രേമിലേക്കു ഓടിപ്പോകുവാനും (മത്തായി 2:13) ഹേറോദേസ് മരിച്ചതിനു ശേഷം തിരികെ വരുവാനും (വി. മത്തായി 2:20) അക്ക്ലയോസ് ബേത്ലഹേമിൽ നാടുവാഴുന്നതിൽ ഗലീലയിലെ നസ്രത്തിൽ വന്നു പാർക്കുന്നതിനുമുള്ള അരുളപ്പാടുകളെല്ലാം (വി. മത്തായി 2:22) ജോസഫിനാണ് നൽകിയത്. യേശുവിന്റെ ജനനത്തിലും വളർച്ചയിലും യോസഫിന് എന്തുവലിയസ്ഥാനമാണ് നൽകിയിരുന്നത് എന്ന് ഇവിടെയൊക്കെ വേദപുസ്തകം വ്യക്തമായി വെളിപ്പെടുത്തിയിരിക്കുന്നു. ഗർഭിണിയായ മറിയാമിനെ പേർവഴി ചാർത്തുവാൻ ബേത്ലഹേമിലേക്കു കൊണ്ടു പോകുമ്പോൾ നേരത്തെ സൂചിപ്പിച്ച ഒരു മേൽനോട്ടക്കാരന്റെ തരത്തിലല്ലാ ആകൃത്യം നിർവ്വഹിക്കുന്നത് (വി. ലൂക്കോ. 2:4). തികച്ചും ഒരു പിതാവിന്റെ ചുമതല തന്നെയാണ് നിർവ്വഹിക്കുന്നത്. കന്യകമറിയാമിന്റെ നിത്യകന്യാത്വം സംരക്ഷിച്ചുകൊണ്ടു തന്നെ മറ്റു എല്ലാ അർത്ഥത്തിലും യൗസേഫ്, യേശുക്കുഞ്ഞിന്റെ പിതാവ് തന്നെയായിരിക്കും. പുരുഷബന്ധമില്ലാത്ത മാതാവ് എന്ന് കന്യക മറിയാമിനെ വിശേഷിപ്പിക്കുന്നു പോലെ സ്ത്രീബന്ധമില്ലാത്ത പിതാവ് എന്ന് യൗസേഫിനെ വിശേഷിപ്പിക്കുന്നതിൽ യാതൊരു തെറ്റുമില്ല. മറിയാമിനെയും യൗസേഫിനെയും കുറിച്ച് പരാമർശിക്കുമ്പോൾ, അമ്മയപ്പന്മാർ എന്നു പലയിടങ്ങളിൽ വർണ്ണിച്ചിരിക്കുന്നതായി കാണാം. ആട്ടിടയന്മാർ യേശുവിനെ വന്നു കാണുന്നത് വി. ലൂക്കോസ് രേഖപ്പെടുത്തിയത് ഇങ്ങനെയാണ്. “മറിയയേയും യോസേഫിനെയും പശുത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടു.... (ലൂക്കോസ് 2:16-17). ബേത്ലഹേമിലേക്കുള്ള യാത്രയേ പരാമർശിച്ച് എഴുതിയിരിരിക്കുന്നു... തനിക്കു വിവാഹം നിശ്ചയിച്ചിരുന്ന മറിയ എന്ന ഗർഭിണിയായ ഭാര്യയോടുകൂടി (ലൂക്കോ. 2:4) പരിഛേദന കഴിക്കുവാൻ കുഞ്ഞിനെ ദേവാലയത്തിൽ കൊണ്ടുപോയപ്പോൾ... അവന്റെ അപ്പനും അമ്മയും ആശ്ചര്യപ്പെട്ടു (2:11) അവന്റെ അമ്മയപ്പന്മാർ എന്ന പ്രയോഗം ഉപയോഗിക്കുവാൻ സുവിശേഷകന്മാർ ഒരു മടിയും കാണിച്ചില്ല.

കർത്താവിന്റെ 12-ാം വയസ്സിൽ പെസഹാപ്പെരുന്നാളിൽ സംബന്ധിച്ചതിനേക്കുറിച്ച് വി. ലൂക്കോസിന്റെ വിവരണം നോക്കുക. “അവന്റെ അമ്മയപ്പന്മാർ...” ലൂക്കോസ് (2:41) അമ്മയപ്പന്മാരോ അറിഞ്ഞില്ല (2:44) ഒടുവിൽ അമ്മ അവനോടു മകനേ, ഞങ്ങളോടു ഇങ്ങനെ ചെയ്തത് എന്ത് “നിന്റെ അപ്പനും ഞാനും” വ്യസനിച്ചുകൊണ്ട് നിന്നെ തിരഞ്ഞു എന്നു പറഞ്ഞു (2:29). കന്യകാ ജനനത്തിൽ വിശ്വസിച്ചിരുന്ന സുവിശേഷകന്മാർ ഇവിടെയൊന്നും യോസേഫിനെ മാറ്റിനിർത്തുന്നതായി കാണുന്നില്ല. വേദപുസ്തകത്തിലെ ഈ വിവരണങ്ങളൊക്കെ കൂട്ടിവായിക്കുമ്പോൾ യേശുക്രിസ്തുവിന്റെ ജനനത്തിനും, വളർച്ചയ്ക്കും, കന്യകമറിയാം കഴിഞ്ഞാൽ ഏറ്റവും വലിയ പങ്കു വഹിച്ചത് നീതിമാനായ യോസേഫ് തന്നെയാണ് എന്നു കാണാം. പഴയ നിയമ പിതാക്കന്മാരേയും, ആശ്രമ പിതാക്കന്മാരേയുമൊക്കെ വിശുദ്ധന്മാരുടെ പട്ടികയിൽപെടുത്തി. അവരുടെ നാമത്തിൽ പള്ളികളുമൊക്കെ സ്ഥാപിക്കാമെങ്കിൽ, അതിനുമപ്പുറത്തുള്ള സ്ഥാനമാണ് യൗസേഫ് പിതാവിന് നൽകേണ്ടത്. യേശുക്കുഞ്ഞ് ഒരു കുടുംബത്തിനുള്ളിൽ പിറന്നതിനാൽ ‘തിരുക്കുടുംബ’ മെന്ന ആശയത്തിനും വേദവിപരീതമൊന്നും ആരോപിക്കേണ്ടതില്ല. കന്യകമറിയാമിന്റെ നിത്യകന്യാത്വത്തെ ചോദ്യം ചെയ്യപ്പെടാനാവാത്ത വിശ്വാസപ്രമാണമായി സ്വീകരിക്കുന്നതിന് യോസേഫ് പുണ്യവാളനെ തമസ്ക്കരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്തുകൊണ്ടും യോസഫ് പിതാവിന്റെ മദ്ധ്യസ്ഥതയിൽ പ്രാർത്ഥിക്കുന്നതിനും, ആ പിതാവിന്റെ നാമത്തിൽ പള്ളികൾ സ്ഥാപിക്കുന്നതിനും വേദശാസ്ത്രപരമായി തടസ്സങ്ങളൊന്നും കാണുന്നില്ല. അതേ സമയം അടുത്തകാലങ്ങളിൽ യൂദാശ്ലീഹായേ *മാർക്കറ്റ്* ചെയ്യുന്നതുപോലെ യോസേഫ് പിതാവിനെ ഉപയോഗിക്കണമെന്ന് അർത്ഥമാക്കുന്നില്ല. സ്വാഭാവികമായി അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ചു തുടങ്ങുന്ന തിൽ തെറ്റില്ല. ■

# OBITUARY



## UNNIMON-AGED 65

Mathew Philip IRS (Retd. Asst. Commissioner of Customs & Excise), Kochukadanthottil, Chengannur entered into eternal rest of Sunday April 10th 2016. The funeral rites were conducted on Friday April 15th 2016 at St. Mary's Orthodox Cathedral, Dadar and thereafter at Sewri Christian Cemetry, Mumbai. He spent over 4 decades in Mumbai and was known for his melodious voice & fine composition of hymns. He was the backbone of Mumbai Orthodox Choir. He also served as Malankara Orthodox Church's Sruthi School of Liturgical Music as the Co-ordinator. He led the Trivandrum Orthodox Choir for a few years too.

**Sorrowing family members:** Wife-Joycee Mathew (Maniyanettu Kandathil, Vallamkulam, Thiruvalla). Daughter-Jeans Susan Mathew, married to Rijo Iype Joseph (Kaduettur, Chengannur), settled in Delhi. Son-Jerry Mathew doing his higher studies in New Zealand. Grandson- Rohan.

**Siblings:** Dr. Aleyamma Simon (Lillykutty-Retd. HOD of Botany Department Catholicate College, Pathanamthitta), Late Daisykutty, Mary Philips (Leelamma-Retd. from MTNL, Mumabi), Kurien K. Philips (Kunu-Retd. from Etisalat, UAE), Annie Kuruvilla (Kochumol-Callumpurath Poovathur, Mavelikara).

# പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

**പത്തനാപുരം:-** പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 2-ാം ഓർമ്മ മെയ് 26-ന് പത്തനാപുരം മൗണ്ട് താബോർ ദയറായിൽ.

**പരുമല:-** യുയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 91-ാം ഓർമ്മ ജൂൺ 6-ന് പരുമല പള്ളിയിൽ.

**വാകത്താനം:-** ഔഗേൻ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ 9-ാം ഓർമ്മ ജൂൺ 6-ന് വള്ളിക്കാട്ടു ദയറായിൽ.

**കോട്ടയം:-** ശെമവൂൻ മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 127-ാം ഓർമ്മ ജൂൺ 11-ന് കോട്ടയം പുത്തൻ പള്ളിയിൽ.

## ഒന്നാം സ്ഥാനം



കാലിക്കറ്റ് യൂണിവേഴ്സിറ്റി കലോത്സവത്തിൽ മോണോ ആക്ടിനും മിമിക്രിക്കും ഒന്നാം സ്ഥാനം നേടിയ നെന്മാറ സെ. ജോർജ് ഇടവകയിലെ ആൻസിലിൻ എം. സാജു. മങ്കുഴിയിൽ എം. ജെ. സാജുവിന്റെ മകൾ.

## വിജയി



സൺഡേസ്ക്കൂൾ അഖില മലങ്കര മത്സരപ്പരീക്ഷയിൽ ഏഴാം ക്ലാസ്സിൽ A+നേടിയ, മുണ്ടുകുഴി സെ. കുറിയാക്കോസ് ഇടവകാംഗം കരിഷ്മ ഇ. ഗീവർഗീസ്. ഡോ. ഗീവർഗീസ് എം. തോമസിന്റെയും ബിനുവിന്റെയും മകൾ.



സൺഡേസ്ക്കൂൾ അഖില മലങ്കര മത്സരപ്പരീക്ഷയിൽ എട്ടാം ക്ലാസ്സിൽ A+നേടിയ, കുളത്തുപ്പുഴ സെ. ജോർജ് സൺഡേസ്ക്കൂൾ വിദ്യാർത്ഥി ജിയാ എൽസാ ജോബ്. മലയിൽ അയിരുകുഴിയിൽ ജോബ് ചാക്കോയുടെ മകൾ.



സൺഡേസ്ക്കൂൾ സൗത്ത് സെൻട്രൽ സോൺ ജൂനിയർ പ്രസംഗമത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ നോഹിൻ സഖറിയ വർഗ്ഗീസ്. തുമ്പമൺ സെ. മേരീസ് കത്തീഡ്രലിൽ സെ. ഗ്രീഗോറിയോസ് സൺഡേസ്ക്കൂൾ വിദ്യാർത്ഥി. മുളമൂട്ടിൽ സഖറിയ വർഗ്ഗീസിന്റെയും ബ്ലസി സഖറിയായുടെയും മകൾ.



# കാരുണ്യത്തിന്റെ കരസ്പർശവുമായി തലസ്ഥാന നഗരിയിൽ സിസ്റ്റർ സൂസൻ

**തിരുവനന്തപുരം റീജണൽ ക്യാൻസർ സെന്ററിലും മെഡിക്കൽ കോളജിലും രോഗികൾക്ക് ശ്രദ്ധകിട്ടാത്തയിടത്തും പരിഗണന ലഭിക്കാത്തയിടത്തും കാരുണ്യത്തിന്റെ കരവുമായി സൂസൻ സിസ്റ്ററുണ്ടാകും. രോഗികൾക്ക് ഒരു കൂട്ടിരിപ്പുകാരിയായി വളരെ വേഗം ചികിത്സാകാര്യങ്ങൾ ക്രമീകരിക്കാൻ സഹായങ്ങൾക്ക്: 9847953026**

■ **ഫാ. തിരുമംഗലം**

തിരുവനന്തപുരം തലസ്ഥാന നഗരിയിൽ കാരുണ്യത്തിന്റെ കരസ്പർശവുമായി മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അഭിമാനിക്കുവാൻ തക്കവണ്ണം സിസ്റ്റർ സൂസൻ പെൺകരുത്താകുന്നു. സന്യാസിനീ ജീവിതത്തിന്റെ മൂല്യങ്ങൾ മുറുകെ പിടിച്ച് കൊണ്ട് ആരോരുമില്ലാത്തവരുടെ അത്താണിയായും രോഗാതുരതകൊണ്ട് ഭാരപ്പെടുന്നവർക്ക് കൈത്താങ്ങായും പ്രവർത്തിക്കുവാൻ സിസ്റ്റർ ശ്രമിക്കുന്നു. ക്രൈസ്തവ സഭയിലെ അംഗമായത് കൊണ്ട് ഏക പക്ഷീയമായ പ്രവർത്തനമായിരിക്കും നടത്തുക എന്ന തെറ്റിദ്ധാരണമൂലം ആദ്യസമയത്ത് റീജണൽ ക്യാൻസർ സെന്ററിലും മെഡിക്കൽ കോളജിലും പ്രവർത്തിക്കുവാൻ വേണ്ട അനുമതിയും സഹകരണവും ഒന്നും ലഭിച്ചിരുന്നില്ല. എങ്കിലും തളരാതെ, രണ്ട് ഇടങ്ങളിലും നിരാശരായും വേദനിച്ചും വരുന്ന സർവ്വ മതസ്ഥരുമായ രോഗികൾക്കും ദുരിതം അനുഭവിക്കുന്നവരുമായ രോഗികളുടെ ഇടയിലും ശക്തമായി പ്രവർത്തിക്കുവാൻ സൂസൻ സിസ്റ്ററിന് സാധിച്ചു. അധികം താമസിയാതെ റീജണൽ ക്യാൻസർ സെന്ററിലും മെഡിക്കൽ കോളജിലും ഏവർക്കും പ്രിയപ്പെട്ട ഒരംഗമായി മാറാൻ സിസ്റ്ററിന് കഴിഞ്ഞു.

കഴിഞ്ഞ അഞ്ചു വർഷമായി മുഴുവൻ സമയവും സാമൂഹിക പ്രവർത്തനത്തിന് മാറ്റി വച്ചിരിക്കുകയാണ്. ജാതി മത വ്യത്യാസമില്ലാതെ എല്ലാവർക്കും സേവനം ലഭിക്കുന്നു എന്നത് ശ്രദ്ധേയമാണ്. ആർ.സി.സി. യിൽ അർബുദ ബാധിതരായി വരുന്ന രോഗികൾക്കാണ് കൂടുതലും സിസ്റ്റർ സാന്ത്വന സ്പർശമാകുന്നത്. രക്തദാനത്തിന്റെ സന്ദേശങ്ങൾ യുവാക്കളിലെത്തിക്കുകയും ആർ.സി.സി.യിലേക്ക് ആവശ്യമായ രക്തം കണ്ടെത്തുവാനുള്ള ക്രമീകരണങ്ങൾക്ക് വേണ്ട സഹായവും ചെയ്യുന്നു. മെഡിക്കൽ കോളജിൽ വരുന്ന രോഗികൾക്ക് ശ്രദ്ധ കിട്ടാത്ത സന്ദർഭങ്ങളിലും അടിയന്തിര പരിഗണന വേണ്ടവരെയൊക്കെ എത്തിക്കേണ്ട വിഭാഗങ്ങളിൽ എത്തിക്കുവാനും വേണ്ട ചികിത്സ ലഭിക്കാനുമുള്ള ക്രമീകരണങ്ങൾ ചെയ്ത് വരുന്നു. വഴിയിൽ ഉപേക്ഷിക്കപ്പെടുന്നവരെ അഗതി മന്ദിരങ്ങളിൽ എത്തിക്കുക, ചികിത്സയ്ക്ക് എത്തുന്നവർക്കും കൂട്ടിരിപ്പുകാർക്കും താമസ സൗകര്യം വിവിധ പ്രസ്ഥാനങ്ങളിൽ ക്രമീകരിക്കുക, പാവപ്പെട്ട രോഗികൾ മരിച്ചാൽ അവരുടെ മൃതശരീരം സൗജന്യമായി അവരുടെ നാട്ടിൽ എത്തിക്കാനുള്ള ക്രമീകരണങ്ങൾക്ക് സഹായിക്കുക, ചികിത്സയ്ക്ക് പ്രയാസമുള്ളവരെ വ്യക്തികൾ വഴിയോ സംഘടനകൾ വഴിയോ സഹായിക്കാൻ ശ്രമിക്കുക, അങ്ങനെ വേറിട്ട പ്രവർത്തനവുമായി സിസ്റ്റർ സമൂഹത്തിന് കാരുണ്യത്തിന്റെ മാലാഖയാകുന്നു. വേദനിക്കുന്നവർക്ക് കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും സ്പർശവും കരുതലും നൽകുന്ന ജീവകാരുണ്യ സംഘടനയായ ടോപ്പിക്കിന്റെ ഭാരവാഹി കൂടി







യാണ് 49 കാരിയായ സിസ്റ്റർ. തന്റെ സന്യാസിനീ ജീവിതത്തിന് ഒരർത്ഥമുണ്ടായത് ഇപ്പോഴാണ് എന്ന് ആനന്ദത്തോടെ സിസ്റ്റർ പങ്ക് വെക്കുന്നു. ദൈവസ്നേഹത്തിന്റെ സുവിശേഷമാകാൻ കഴിയുന്നത് സൗഭാഗ്യമായി കരുതുന്നു. കരുണ്യവും സാന്ത്വനവുമാകാൻ കഴിയുന്നത് ജീവിത നിയോഗമാണെന്ന് ഉറപ്പിക്കുന്നു.

ആയൂർ കൂരോംവിള മുളകുവിള ചാക്കോ കുഞ്ഞച്ചൻ, ചിന്നമ്മ ദമ്പതികളുടെ മകളായ സിസ്റ്റർ 1989 -ൽ തിരുവനന്തപുരം ഭദ്രാസനാധിപനായിരുന്ന ഗീവർഗീസ് മാർ ദീയസ്ക്കോറോസ് തിരുമേനി സ്ഥാപിച്ച സന്യാസിനീ മഠത്തിൽ അംഗമാവുകയും 1997-ൽ സന്യാസ വ്രതം സ്വീകരിക്കുകയും ചെയ്തു. ശ്രീകാര്യത്തുള്ള വികലാംഗ ബാലഭവനിലും ഹോളി ട്രിനിറ്റി സ്കൂളിലും 18 വർഷം ശുശ്രൂഷ ചെയ്തു. ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഊന്നൽ ഉണ്ടായപ്പോഴാണ് സ്കൂളിലെ ജോലി ഉപേക്ഷിക്കേണ്ടി വന്നത്. അങ്ങനെ പൂർണ്ണ സമയ സാമൂഹിക പ്രവർത്തകയായി. പരസ്പരം സഹായിക്കുകയം പങ്ക് വെക്കുകയും ചെയ്യുന്ന ഒരു ടീം സിസ്റ്ററെ സഹായിക്കാനുണ്ട് എന്നത് ആശ്വാസമാണ്. ടീം ഓഫ് പാലിയേറ്റീവ് ഇന്റർവെൻഷൻ ആന്റ് കെയർ എന്ന സംഘടനയിലൂടെ തന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നു. സംസ്ഥാന ആഭ്യന്തര വകുപ്പിൽ നിന്നും പ്രവാസി സംഘടനകളിൽ നിന്നും സിസ്റ്ററിന്റെ പ്രവർത്തനങ്ങളോടുള്ള ആദരസൂചകമായി അവാർഡുകൾ നൽകിയിട്ടുണ്ട്.

ഇനിയും കാരുണ്യ പ്രവർത്തനങ്ങളിൽ ദൈവത്തിന് ഉപകരണമായി കൂടുതൽ പ്രവർത്തിക്കാൻ സമർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുകയുമാണ് ലക്ഷ്യം എന്ന് സിസ്റ്റർ പറഞ്ഞു.

"ഞാൻ അനുഭവിച്ച ദൈവസ്നേഹം മറ്റുള്ളവർക്കു കൂടെ പങ്ക് വെക്കാനുള്ള അവസരമാണ് ഇത്. അപ്പോൾ ദൈവത്തിന് എന്റെ കരത്തെ വിട്ട് കൊടുക്കും ശുശ്രൂഷയ്ക്കായി എന്റെ ചെറിയ വാക്കുകൾ ദൈവത്തിന് സമർപ്പിക്കും അത് മറ്റുള്ളവർക്ക് സാന്ത്വനമാകും. നമ്മെത്തന്നെ മറ്റുള്ളവർക്ക് ചെലവഴിക്കാനാണ് ദൈവം നമ്മോടാവശ്യപ്പെടുന്നത്. നമുക്ക് വേണ്ടിയല്ലാത്ത ചെലവഴിക്കപ്പെടലിനാണ് ദൈവം പ്രതിഫലം തരിക. നമുക്ക് വേണ്ടി ചെയ്ത് തുടങ്ങുമ്പോഴാണ് നാം മടുത്ത് പോകുന്നത്. മറ്റുള്ളവർക്കു വേണ്ടിയാകുമ്പോൾ നമ്മുടെ ആനന്ദത്തിന്റെ കടൽ വലുതാകും". സിസ്റ്റർ സൂസൻ പറഞ്ഞു നിർത്തുകയാണ്. യാത്രയാവുകയാണ്; തന്റെ ജീവകാരുണ്യ വഴികളിലേക്ക്...! ■










50TH WEDDING ANNIVERSARY
(30-05-2016)



MR. P.A. ABRAHAM &
MRS. ANNAMMA ABRAHAM

With Best Wishes from

Shaji and Biju
Shibu and Julie
Ronnel, Riona
Ancy and Angel



**50–ാം ചരമ വാർഷികം**
**(05–05–2016)**



**ഈപ്പൻ ഫീലിപ്പോസ്**
**പ്ലാവന്നാൽ, കാർത്തികപ്പള്ളി**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗേ"

**സന്തപ്ത കുടുംബാംഗങ്ങൾ**


# വിദ്യാഭ്യാസ – ചികിത്സ ധനസഹായത്തിനുള്ള

## അപേക്ഷകൾ ക്ഷണിക്കുന്നു

**സാ**മ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് **"പ്ലസ് 2 മുതൽ പ്രൊഫഷണൽ/ഡിഗ്രി"** കോഴ്സുകൾക്ക് ആവശ്യമായ പഠന സഹായവും, നിർധനരായ രോഗികൾക്ക് ചികിത്സാ സഹായവും നൽകുന്നു.

**വിദ്യാഭ്യാസ ധനസഹായത്തിന് തെരഞ്ഞെടുക്കുന്നതിനുള്ള നിബന്ധനകൾ**

1) അപേക്ഷകർ പത്താം ക്ലാസ്സ് അവസാന വർഷ പരീക്ഷയ്ക്ക് 60% ൽ കുറയാതെയും മറ്റ് കോഴ്സുകൾക്ക് 50% –ൽ കുറയാതെയും മാർക്ക് ലഭിച്ചവരായിരിക്കണം.
2) സ്വയം സാക്ഷ്യപ്പെടുത്തിയ അപേക്ഷയോടൊപ്പം, പഠിക്കുന്ന കോഴ്സിന്റെയും സ്ഥാപനത്തിന്റെയും വിശദാംശങ്ങളും, ഇടവക വികാരിയുടെ ശുപാർശകത്തും, അറ്റസ്റ്റ് ചെയ്ത മാർക്ക്ഷീറ്റും സമർപ്പിക്കേണ്ടതാണ്.

**ചികിത്സാ സഹായം ലഭ്യമാകുന്നതിനുള്ള നിബന്ധനകൾ**

1) അപേക്ഷകർ സ്വയം സാക്ഷ്യപ്പെടുത്തിയ അപേക്ഷയോടൊപ്പം ഇപ്പോൾ ലഭ്യമാകുന്ന ചികിത്സയുടെ വിവരങ്ങളും സമർപ്പിക്കണം.
2) അപേക്ഷകൾ ഇടവക വികാരി സാക്ഷ്യപ്പെടുത്തിയതും അപേക്ഷകന്റെ രോഗവിവരങ്ങൾ വിവരിക്കുന്നതുമായിരിക്കണം.

Note:-

- *മുകളിൽ പ്രതിപാദിച്ചിരിക്കുന്ന രണ്ട് സഹായങ്ങൾക്കും ഇതര മതസ്ഥരായവർക്കും അപേക്ഷിക്കാവുന്നതാണ്.*
- അപേക്ഷകൾ പൂർണ്ണമായ മേൽവിലാസത്തോടുകൂടി 'Bank A/c Details, IFSC Code' സഹിതം (ഫോൺ നമ്പർ ഉൾപ്പെടെ) താഴെപ്പറയുന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.
- 2016 ജൂലൈ 31 വരെ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

**Advertiser**
**C/o Charity Care**
**Danem Plantations**
**Anapara P.O., Vithura-Trivandrum**
**Kerala, Pin-695551**



# Breaking The Word

**2016 *മെയ് 29***

**പെന്തിക്കോസ്തിക്ക് ശേഷമുള്ള രണ്ടാം ഞായർ**

**വി: മത്താ. 10:5–16**

വിശ്വഗുരുക്കന്മാരിൽ *സമൂഹ്യക്ഷേമത്തെ* ഇത്രമേൽ ഗൗരവ്വമായി പരിഗണിച്ച ഒരു ഗുരു യേശുവിനെ പോലെയുണ്ടാവുമോ? ഈ വേദഭാഗത്ത് യേശുക്രിസ്തു തന്റെ 12 ശിഷ്യന്മാരെ പ്രേക്ഷിതദൗത്യങ്ങൾ ഏൽപ്പിക്കുകയാണ്. രോഗത്തിലും ദാരിദ്ര്യത്തിലും കഴിയുന്ന ജനതയുടെ *നിത്യനിലനിൽപ്പിനായി* ആണ് യേശു അവരെ അയയ്ക്കുന്നത്. ചാൾസ് ജോൺസന്റെ വരികൾ ഒരുമാത്ര ഈ പന്തിരു ശിഷ്യന്മാരെ കുറിക്കുവാൻ പോന്നതാണ് എന്ന് തോന്നുന്നു. 'I have found them, beyond all others, filled with that very light which makes all things new' . ശിഷ്യന്മാർക്ക് ഈ നിയോഗങ്ങളിലൂടെയുണ്ടാകുന്ന ജീവിതാനുഭവം സാമൂഹ്യനേട്ടത്തിന് കാരണമാകുന്നതിനാൽ അത് ആത്മീയവെളിച്ചമായിരുന്നു. സമൂഹത്തിന് ഒരു പാരസ്പര്യതയുണ്ട്. അറിവിന്റെയും അറിവില്ലായ്മായുടെയും; ഉറക്കത്തിന്റെയും ഉണർവ്വിന്റെയുമൊക്കെ പാരസ്പര്യമാണ് അത്.

# വേദബോധനം

**ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ, കുന്നംകുളം**

നമ്മെയും ഈ നിയോഗങ്ങൾ പിൻഗമിക്കുന്നുവെന്ന് ചിന്തിച്ചാൽ ഉചിതമായിരിക്കും. നമ്മിലെ നന്മകൾ കാലത്തെ അതിലംഘിക്കുന്നതാവണം. കാലത്തെ അതിലംഘിച്ച് നിലനിൽക്കുന്ന നന്മയാണ് സമൂഹത്തിന്റെ നേട്ടം.

**1. ഉറങ്ങുന്നവർക്കായി ഉണർന്നിരിക്കാനൊരു കൂട്ടം.**

*ശ്രീദേവി. കർത്താ* എന്ന എഴുത്തുകാരി വിവരണമിങ്ങനെയുണ്ട്- *ഒരു വൃക്ഷനിബിഢമായ കൊച്ചുതടാകം; ആ ജലാശയത്തിലേക്ക് ശിഖരങ്ങൾ നീട്ടി നിൽക്കുന്ന ആ കൊച്ചു കാട്ടിനു മുകളിൽ സദാ ജാഗരൂകരായി ചുറ്റി പറന്ന് കൊണ്ടിരിക്കുന്ന ഒരു സംഘം കൃഷ്ണപരുന്തുകൾ ഉണ്ടായിരുന്നു. ഇതിൽ കുറച്ചുപേർ ജലാശയത്തിലേക്ക് മുങ്ങി ഇരതേടുമ്പോൾ മറ്റുള്ളവ ആകാശത്തിൽ പറന്ന് കൊണ്ടിരിക്കുന്നു. കാരണം അവർക്കറിയാം തങ്ങളുടെ വർഗ്ഗസഞ്ചയത്തിന്റെ നിലനിൽപ്പിന് ആധാരമാണ് ഈ ജാഗ്രതയെന്ന്. പ്രാവിനെപോല നിഷ്കളങ്കതയും പാമ്പിന്റെ ജാഗ്രതയുമായി ക്രിസ്തു അയയ്ക്കുന്നത് ഉറങ്ങുന്നവർക്കും,ഇരതേടുന്നവർക്കും വേണ്ടിയുള്ള കാവൽ മാത്രമായിരുന്നുവോ?*

*പക്ഷികൾക്ക് ജന്മസിദ്ധമാണ് ജാഗ്രതയെങ്കിൽ ദൈവീകസമൂഹം എത്രമാത്രം ഗൗരവത്തോടെ പ്രേക്ഷിത ശുശ്രൂഷയെ കാണേണ്ടതുണ്ട് എന്ന് നാം ചിന്തിക്കണം.*രാജ്യത്തിന്റെ അതിർത്തി കാക്കേണ്ടവർക്ക് ഉറങ്ങാതിരിക്കുന്ന ചില അനിവാര്യതകളുണ്ട്. സ്വർഗ്ഗരാജ്യത്തിന്റെ അതിര് കാക്കേണ്ടവർക്കും ഇതൊരു നിർബന്ധിത ചുമതലയായി കരുതണം. ദാരിദ്ര്യം,രോഗങ്ങൾ, മരണം,പൈശാചിക ആത്മാവ് എന്നിങ്ങനെയുള്ള കാര്യങ്ങളെ നമുക്ക് *ലോകം,ജഡം,പിശാച്* എന്നിവയിൽ സംഗ്രഹിക്കാവുന്നതാണ്. ഈ മൂന്ന് കാര്യങ്ങളാൽ നിദ്രയിലയിരിക്കുന്നവരെ ഉണർത്തുവാൻ യേശു തമ്പുരാൻ അപ്പോസ്തോലിക സമൂഹത്തെ നിയോഗിക്കുകയാണ്. വിളിക്കപ്പെട്ടരും വിശുദ്ധസമൂഹമായ യിസ്രായേൽ ഗൃഹം വിളിപ്പാടകലെ നഷ്ടമായിരിക്കുന്നത് *ലോകം,ജഡം,പിശാച്* എന്നീ മൂന്ന് കാര്യങ്ങളാൽ തന്നെയാണ്. യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയിരിക്കുന്നവർക്കായി അയ്യക്കപ്പെടുന്ന അപ്പോസ്തോലിക സമൂഹം ആദ്യം പ്രാദേശിക സുവിശേഷീകരണമാണ് നിർവ്വഹിക്കേണ്ടത്. ഇതിന് വേണ്ടി (1)ബോധനവും, (2)ജീവിത സാക്ഷ്യമായ- ലാളിത്യവും ഉണ്ടായിരിക്കണമെന്ന് കർത്താവ് പഠിപ്പിക്കുവാൻ കാരണം ഉറങ്ങുന്നവരെ കൊട്ടിയുണർത്തുന്ന ലളിതമായ ഈ ശുശ്രൂഷയെ ഓർമ്മിപ്പിക്കുവാൻ വേണ്ടിയാണ്.

**2. സ്വർഗ്ഗരാജ്യത്തിന്റെ സ്നേഹ വിളംബരം**

ശത്രുതയുടെ ആഘാതമേറ്റ് വേര് പാടിന്റെ ശ്രുതിയടർന്ന തംബുരുവിന് സദൃശമായ ലോകത്തെ ദൈവീകസംഗീതത്താൽ ശ്രുതിചേർക്കുന്ന ഒറ്റനൂലായിരുന്നു അപ്പോസ്തലന്മാർ. അവർ ചെല്ലുന്നത് സ്വർഗ്ഗം ഭൂമിയെ തൊട്ട മനുഷ്യാവതാരത്തിന്റെ വിളംബരവുമായിട്ടാണ്. സ്വർഗ്ഗരാജ്യം സമീപിച്ചുവെന്ന് അവർ പ്രഘോഷിക്കേണ്ടതെങ്ങിനെയാണ്?

ഭീകരമായ അസമത്വമൂലം താളഭംഗം വന്ന ലോകത്തിന്റെ സൂചനകളാണ്, രോഗികളുടെയും മരണാസന്നരുടെയും ഭൂമിക. അവിടെ ശ്ലീഹന്മാർ സാന്ത്വനത്തിന്റെ സർഗ്ഗസാന്നിധ്യമാകുമ്പോൾ സ്വർഗ്ഗരാജ്യം വിളംബരം ചെയ്യപ്പെടുന്നു. യേശുനാഥൻ സൂചിപ്പിച്ചത് പോലെ 'എപ്പോഴും ദുഖിതരും രോഗികളും നമ്മോട് കൂടെ ഉണ്ടായിരുന്നിട്ടും-നമുക്കിന്ന് സ്വർഗ്ഗരാജ്യം സന്നിഹിതമായി എന്ന് വിളംബരം ചെയ്യുവാ നാകുമോ? അംബരചുംബികളായ പള്ളികളുടെയും, ഓഡിറ്റോറിയങ്ങളുടെയും *സ്ഥാപകരാവുന്ന ഇടയശുശ്രൂഷകളിൽ* ഇടർച്ച വരുന്നത് എവിടെയാണ്? പള്ളിയെ പറുദീസായാക്കുവാൻ ശ്രമിക്കുമ്പോൾ നാം പാവങ്ങളെ പാപികളാക്കി മാറ്റുന്നു. കാരണം പാവങ്ങൾ സംഭാവന ദാതക്കളോ, അവരുടെ നാണയതുട്ടുകൾ നമ്മെ തൃപ്തരാക്കുന്നതോ ഇല്ല. *യോഗ്യതയുള്ളവർക്ക് സമാധാനം നൽകുവാൻ അയയ്ക്കപ്പെടുന്ന ദൗത്യമാണ് പ്രേക്ഷി*





*ത്വം. സമ്പന്നതയുടെയോ,അധികാരത്തിന്റെയോ ആളത്വ ങ്ങളെ ആലിംഗനം ചെയ്ത് ഏതാനും വർഷങ്ങൾ തുട രുന്ന ഒന്നായി ഈ* അയയ്ക്കപ്പെടുന്ന ശിഷ്യന്മാരുടെ ജീവി തത്തെ നാം വീക്ഷിക്കുവാൻ ഇടയാകാം.സ്വർഗ്ഗരാജ്യത്തിന് മുഖം നഷ്ടപ്പെടുന്നത് സഭാജീവിതത്തിൽ നാം പുലർത്തുന്ന കാപട്യങ്ങളാലല്ലേ?

**3. അപ്പോസ്തലന്മാർ ദൈവത്തിന്റെ അയക്കപ്പെട്ട അലിവായിരുന്നുവോ?**

ശ്ലൈഹീക പാരമ്പര്യത്തെ കുറിച്ച് നമുക്ക് അഭിമാന മുണ്ടെങ്കിലും എന്ത് കൊണ്ട് ശ്ലീഹന്മാർ അയയ്ക്ക പ്പെട്ടുവെന്നത് അവഗണിക്കപ്പെടുന്നുണ്ട്. ദൈവത്തിന്റെ അലിവ് അയക്കപ്പെടുന്ന ഒന്നാണ് ഈ നിയോഗമെന്ന് ഇപ്പോൾ തോന്നുന്നു.

യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയിരിക്കുന്ന ആടുകൾ എന്ന പ്രയോഗം ശ്രദ്ധിക്കുക. സംഖ്യാപുസ്തകം 27.17 ൽ *യഹോവയുടെ സഭ ഇടയനില്ലാത്ത ആടുകളെ പ്പോലെ ആകാതിരിക്കുവാൻ തക്കവണ്ണം ഒരാളെ നിയമി ക്കുമാറാകണമെ* എന്ന പ്രാർത്ഥന കാണാം. ദൂരകാഴ്ച്ചകൾ ഇല്ലാത്തതിനാൽ ചിതറിപോകുന്നവരെ കുറിച്ചായിരുന്നു പ്രവാചകന്മാരുടെ സങ്കടങ്ങൾ. ജനത്തിന്റെ ദുരന്തത്തെകു റിച്ച് സെഖര്യാവ് പ്രവചിച്ചിരിക്കുന്നത് നോക്കുക, *'ഗൃഹ ബിംബങ്ങൾ മിത്ഥ്യത്വം സംസാരിക്കുകയും ലക്ഷണം പറ യുന്നവർ വ്യാജം ദർശിച്ച് വ്യർത്ഥസ്വപ്നം പ്രസ്താവിച്ച് വൃഥാ ആശ്വസിപ്പിക്കുകയും ചെയ്യുന്നു. അതു കൊണ്ട് അവർ ആടുകളെപ്പൊലെ പുറപ്പെട്ട് ഇടയൻ ഇല്ലായ്ക കൊണ്ട് വലഞ്ഞിരിക്കുന്നു'* (സെഖര്യ 10.2)

1. ആടുകൾ സാധുജീവികളായതു മാത്രമല്ല, (2) അവർ ദൂരകാഴ്ച്ചകളില്ലാത്തവരാകുന്നത് കൊണ്ടും അവർ അലയു വാൻ വിധിക്കപ്പെട്ടിരിക്കുന്നു. ഇങ്ങിനെ അവരെ ആക്കി തീർക്കുന്നതിനുള്ള രണ്ട് കാരണവും ഇവിടെ കാണാം.(1) മിത്ഥ്യത്വം സംസാരിക്കുന്നവരാലും, (2) ദുർവ്യാഖ്യാനം നട ത്തുന്നരാലും ആണ് അലയുന്നവരായി ആടുകൾ മാറുന്ന ത്. ദൂരകാഴ്ച്ചകളില്ലാത്ത കണ്ണുകളിൽ വ്യർത്ഥസ്വപ്നം ദൃശ്യ മാകുന്നത് എത്ര എളുപ്പമാണ്. പണക്കാരൻ ആകുവാൻ ആഗ്രഹിക്കുന്ന ഒരു ദരിദ്രൻ ആഹാരത്തിനുള്ള പണം കൊടുത്ത് ലോട്ടറി ടിക്കറ്റ് കരസ്ഥമാക്കുവാൻ ശ്രമിക്കുന്നത് പോലെയാണത്. സെഖര്യാ പ്രവാചകൻ സൂചിപ്പിക്കുന്ന ഗൃഹബിംബങ്ങൾ നമ്മുടെ സമൂഹത്തിലെ മാതൃക ബിംബ ങ്ങൾ തന്നെയാണ്. ആസക്തികളുടെയും, ആനന്ദത്തിന്റെയും ചാരുതകളിൽ നാം മരുപ്പച്ച തേടുക തന്നെയാണ്.

**4. ഞെരുങ്ങി നിൽക്കുന്നവർക്ക് ഒരു മേച്ചിൽപ്പുറം**

എല്ലാറ്റിനും വില നൽകേണ്ടി വരുന്നവർക്കിടയിലെ സ്നേഹദൗത്യമാണ് ഈ പ്രേഷിത നിയോഗത്തിലെ സവി ശേഷത.

സ്നേഹം കൊണ്ട് പറുദീസാ പണിയുന്നത് ഈ നിയോ ഗത്തിലൂടെ യേശു ശിഷ്യന്മാരെ പഠിപ്പിച്ചു. മറ്റ് മാർഗ്ഗങ്ങളി ല്ലാതെ ഞെരുങ്ങി നിൽക്കേണ്ടി വരുന്നവരുടെ ഇടങ്ങളായി സഭയെ നാം ആക്കി തീർക്കരുത്. അത് നിസ്വരുടെ വീടാ കണം. നാഗ്പൂരിലെ നമ്മുടെ സെമിനാരിയിലെ സഹോദ രങ്ങൾ നടത്തിയ ഒരു മാതൃക ഓർമ്മയിൽ വരുന്നു. തണു പ്പിൽ നഗരം വിറച്ച് ഉറങ്ങുന്ന ഒരു മഞ്ഞുകാലത്ത് കുറച്ച് പേർ സെമിനാരിയിൽ നിന്ന് നഗരത്തിലെത്തി. അവർ കൈയ്യിൽ കൊണ്ടു വന്ന കമ്പിളി പുതപ്പുകൾ തണുപ്പിൽ തകർന്ന് ഉറങ്ങുന്നവരെ പുതപ്പിച്ചു. അവരെ ഉണർത്താരു തെന്ന നിർബന്ധത്തോടെ...വലംകൈ ചെയ്യു ന്നത് ഇടതുകൈ അറിയരുത് എന്ന ഗുരുവചനം പോലെ. ആകുലതകളെ അകറ്റുന്ന ഇത്തരം സ്നേഹമായിരിക്കണം നമ്മുടെ പ്രേക്ഷിതത്വം.

സ്വർഗ്ഗത്തിലെ ഇഷ്ടം സാർത്ഥകമാകാനുള്ള ഭൂമി യാണ് സഭയെന്ന് തിരിച്ചറിവ് ആവശ്യമാണ്. സി.വി. ബാലകൃഷ്ണൻ കുറിച്ചത് മനസ്സിൽ നിറഞ്ഞ് നിൽക്കു ന്നു *"ദയദാക്ഷ്യണ്യമില്ലാത്ത പുരോഹിതന്മാരുടെയും സമ്പന്നരായ മേലാളന്മാരുടെയും കീഴിൽ ഞെരുങ്ങിയ മരുന്ന അവശരും ആർത്തരും, ആലംബഹീനരുമായ മനുഷ്യർ ചെന്നെത്തിയ ഇടങ്ങളിൽ നിന്ന് തിരികെ പോകാമെന്ന് വയ്ക്കുന്നവർക്ക് മുമ്പിൽ ഏത് വീടാണ് കാത്തിരിക്കുന്നത് "* മറ്റുള്ളവരുടെ കഴിവില്ലായ്മകളെ മുതലെടുക്കുവനല്ല, മറിച്ച് കരുത്തുറ്റ ആട്ടിൻപറ്റമാക്കി തീർക്കുവാനുള്ളതാകണം നമ്മുടെ പ്രക്ഷിതത്വം.

**2016 ജൂൺ 5**

## പെന്തിക്കോസ്തിക്കു ശേഷം മൂന്നാം ഞായർ

**വി: യോഹ. 6 : 35 – 46**

വി.*അഗസ്തീനോസ്* ഈ വേദഭാഗത്തിന് നൽകുന്ന ആമുഖം ശ്രദ്ധേയമാണ്. – *"ആരുടെ ഉദര ങ്ങളെ അവൻ അപ്പം കൊണ്ട് നിറച്ചുവോ,അവർ തയ്യ റാണെങ്കിൽ അവരുടെ മനസ്സുകളെ ബോധനങ്ങൾ കൊണ്ട് നിറയ്ക്കുവാൻ അവൻ വന്നു. അവർ അത് സ്വീകരിക്കുന്നില്ലെങ്കിൽ ശേഷിച്ച കഷണങ്ങൾ പോലെ വചനങ്ങളും എടുക്കപ്പെടും"*. അഞ്ചപ്പത്താൽ അയ്യാ യിരങ്ങളെ പോഷിപ്പിച്ചതിന് ശേഷമുള്ള ഒരു സംഭവ മാണിത്. കർത്താവ് കഫർന്നഹുമിലായിരിക്കുമ്പോൾ തന്റെ പക്കൽ കൂടിയിരിക്കുന്നവരെ പുറപ്പാട് 16:4–15 ആസ്പദമാക്കി ജൂത റബ്ബിമാരുടെ ശൈലിയിൽ പഠി പ്പിക്കുകയാണ്.

**1.വാഗ്ദത്ത ദേശം വരെ അനുഗമിക്കുന്ന ജീവന്റെ അപ്പം.**

പുറപ്പാട് പുസ്തകത്തിൽ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന അപ്പമായ മന്ന ജീവന്റെ അപ്പമായ കർത്താവിനെ സൂചിപ്പിക്കുകയായിരുന്നു. പഴയ നിയ മകാലത്തെ ഹൃദ്യമായി പ്രതിപാദിച്ച് ശ്ലീഹാ പറയു ന്നു- നമ്മുടെ പിതാക്കന്മാർ മേഘത്തിൽ ആയിരുന്നു വെന്നും...എല്ലാവരും ഒരേ ആത്മീയ പാനീയം കുടി ച്ചുവെന്നുമുള്ള (1 കൊരി 10:1,2) പരാമർശം പ്രത്യേകം നാം ശ്രദ്ധിക്കണം. ഇവിടെ സൂചിപ്പിക്കുന്ന പിതാക്ക ന്മാരും നമ്മളും ഒരേ പോലെയാണ്. അവർ എങ്ങിനെ ഒരേ ആത്മീയ പാനീയം കുടിച്ചുവെന്ന് കൊരിന്ത്യ ലേഖനം വ്യക്തമാക്കുന്നു. തങ്ങളെ അനുഗമിച്ച ആത്മീയ ശിലയിൽ നിന്നാണ് അവർ പാനം ചെയ്ത ത്. ആ പാറ ക്രിസ്തുവായിരുന്നുവെന്നും((1 കൊരി 10:5) പിന്നീട് നമ്മൾ വായിക്കുന്നുണ്ടുല്ലോ. ഞാൻ ജീവന്റെ അപ്പം ആകുന്നു. എന്റെ അടുക്കൽ വരുന്ന വന് ഒരുനാളും വിശക്കുകയില്ല, എന്നിൽ വിശ്വസി ക്കുന്നവന് ഒരു നാളും ദാഹിക്കുകയുമില്ല എന്ന് അവൻ പറയുന്നതിന്റെ പശ്ചാത്തലം ഇതാണ്.

ജീവങ്കൽ നിന്ന് കുടിച്ചവർ മരിച്ചത് പ്രത്യേകം നാം ശ്രദ്ധിക്കേണ്ടതാണ്. പിതാക്കന്മാർ മന്ന ഭക്ഷിച്ചു. എന്നാൽ അവർ മരിച്ചു. അതുപോലെയല്ല സ്വർഗ്ഗ



ത്തിൽ നിന്നുള്ള അപ്പം. ഇത് ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും.(വ.33,36) ആ പിതാക്കന്മാർ മരിച്ചു എന്നതിലൂടെ യേശു തമ്പുരാൻ അർത്ഥമാക്കുന്നത് അവർ എന്നേക്കും ജീവിക്കുന്നില്ല എന്ന് തന്നെയാണ്. മശിഹായെ അനുഭവിച്ച് ഉൾക്കൊള്ളുന്നവർ തന്നെ ശാരീരികമായി മരിക്കും: എന്നാൽ അവർ എന്നേക്കും ജീവിക്കും. മശിഹാ നിത്യജീവനാണ്. മന്നാ ഭക്ഷിച്ചവർക്ക് ദൈനം ദിന ജീവിതത്തിനപ്പുറമുള്ള പ്രത്യാശയൊന്നും ലഭിച്ചിരുന്നില്ല. *വനത്തിൽ വെച്ച് പിതാക്കന്മാർക്ക് ലഭിച്ച അപ്പം വാഗദത്ത ദേശത്തേക്ക് അനുഗമിക്കാത്ത അപ്പമായിരുന്നുവെന്ന് അർത്ഥം. എന്നാൽ മശിഹാ നമ്മുടെ വാഗ്ദത്തദേശം വരെ നമ്മെ അനുഗമിക്കുന്ന ജീവന്റെ അപ്പമാണ് എന്ന് തിരിച്ചറിയുക.*

**2. മഹത്വത്തിന്റെ മർമ്മങ്ങൾ**

സ്വർഗത്തിൽ നിന്നിറങ്ങിയ അപ്പമാണ് യേശുതമ്പുരാൻ. അപ്പമെങ്ങിനെ മഹത്വമുള്ളതായി തീർന്നുവെന്ന് യേശുവിലൂടെ നമുക്ക് മനസ്സിലാക്കാം.കർത്താവ് കൈകളിലെടുത്ത കാസായിലെ വീഞ്ഞും പീലാസായിലെ അപ്പവും യഥാക്രമം മാംസവും രക്തവുമായി..*ഒരാൾ ഭക്ഷിക്കുന്നത് തന്നെ രക്തവും മാംസവുമായി തീരുന്നു.* ആയതിനാൽ മശിഹാ അപ്പത്തിലൂടെയും വീഞ്ഞിലൂടെയും തന്നേ തന്നെ പിതാവിന് സമർപ്പിച്ചു.

*അപ്പത്തിൽ ഒരു ബലിയനുഭവം ദൃശ്യമാണ്.* വിത്താകുവാനും വളരുവാനും സാധ്യതകൾ ഉള്ള കതിരുകളെ നാം ആഹാരത്തിനായി എടുക്കുന്നു. ഇത് ഒരു ധാന്യത്തിന്റെ ബലിയനുഭവമാണ്. ലോകത്തിന്റെ ജീവന് വേണ്ടി കൊടുക്കുന്ന എന്റെ ശരീരം എന്ന കർത്താവിന്റെ വാക്കുകളിലും ഈ ബലിയനുഭവമുണ്ട്. ഒരാൾ സന്ന്യാസത്തിലേക്കോ,കുടുംബജീവിതത്തിലേക്കോ പ്രവേശിക്കുമ്പോൾ സംഭവിക്കുന്നതും ഒരു ബലിയനുഭവമാണ്. ഞാൻ എന്ന അഹംഭാവത്തിനറുതി വരുന്നഅനുഭവമാണ് കുടുംബ ജീവിതം.ജീവിതം ഒരപ്പമെന്നപോലെ പങ്കിടുവാൻ വിളിക്കപ്പെടുന്ന അനുഭവമാണ് ദാമ്പത്യം. അപ്പവും ആനന്ദവും പാരസ്പര്യമുള്ള ഒന്നാണ്. ക്രിസ്തു വിഭജിച്ച് നൽകുന്നത്, ഒരപ്പം മാത്രമല്ല, ആനന്ദം കൂടിയാണ്. അപ്പത്തിന്റെ അഭാവമായ ദാരിദ്ര്യവും, ആനന്ദത്തിന്റെ അഭാവമായ സംഘർഷവും ആണ് ഇന്ന് ലോകസമൂഹങ്ങളുടെ പ്രധാനപ്രശ്നം.

മരുഭൂമിയിലെ പിതാക്കന്മാരുടെ ജീവിതത്തിലെ ഒരു ഏട് ഇതിനോട് ചേർത്ത് വായിക്കുക- *സീനായിലെ സിൽവാനോസ് ജോലി ചെയ്യുമ്പോൾ ഒരു സഹോദരൻ ആ പിതാവിനോട് പറഞ്ഞു-നശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കാതിരിക്കുവിൻ. സിൽവാനോസ് ശിഷ്യനായ സഖറിയയോട് പറഞ്ഞു. ഈ സഹോദരന് ഒരു പുസ്തകം വായിക്കുവാൻ കൊടുത്തിട്ട്,അവനെ അറയിലാക്കുക. അയാൾ പുസ്തകവുമായി അറയിൽ കയറിയിരുന്നു. അയാളെ ഒമ്പതാം മണി സമയം വരെ ആരും വിളിച്ചില്ല.അതിനും ശേഷം ആശിഷ്യൻ സിൽവാനോസിന്റെ അടുക്കൽ എത്തി. അബ്ബാ ഇന്ന് ആരും ഭക്ഷണം കഴിക്കുന്നില്ലേ?എന്ന് ചോദിച്ചു. അദ്ദേഹം മറുപടിയായി നീ ഒരു ആദ്ധ്യാത്മീക മനുഷ്യനാണ് നിനക്ക് ഭക്ഷണം ആവശ്യമില്ല. ആ സഹോദരന് തന്റെ തെറ്റ് മനസ്സിലായി. സിൽവാനോസ് ഇപ്രകാരം പറഞ്ഞു- മറിയത്തിനും ഒഴിച്ച് കൂടാൻ പാടില്ലാത്തവിധം മാർത്തായെക്കൊണ്ട് ആവശ്യമുണ്ട്; വാസ്തവത്തിൽ മാർത്ത മൂലമാണ് മറിയം പ്രശംസിക്കപ്പെട്ടത്*

നമുക്ക് വേണ്ടി അധ്വാനിക്കുന്നവരോട് മനസ്സ് കൃതജ്ഞത നിർഭരമാകണം. ആത്മീയത മുറിക്കുള്ളിലെ ധ്യാനം മാത്രമല്ല; മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾക്കായി നിലകൊള്ളുക കൂടിയാണ്. അത്തരം വ്യക്തികൾ നിത്യതയുടെ നക്ഷത്രങ്ങളാണ്. മഹാത്മഗാന്ധിയും,മദർതെരേസായുമൊക്കെ ചില അടിസ്ഥാന നന്മകൾക്കായി നിലകൊണ്ടവരാണ്. മനുഷ്യജീവിതത്തിലെ നന്മയുടെ പക്ഷമാണ് ദൈവത്തിന്റെ പക്ഷം. അതിനുവേണ്ടി മാത്രം അവിടുന്ന് വർഗ്ഗസമരത്തിന്റെ ഇടതാവളത്തിൽ മനുഷ്യാവതാരമെന്ന മഹാബലിയായി തീർന്നു.

**3 പിറുപിറുപ്പുകളില്ലാതായ നിമിഷം**

"ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി, അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്ക് ദൈവമായും അവർ എനിക്ക് ജനമായും ഇരിക്കും...ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും *യഹോവയെ അറിയുക* എന്ന് ഉപദേശിക്കുകയില്ല"(യിരമ്യ 31: 33) ഈ പ്രവാചക വചനങ്ങളെ ഓർമ്മിപ്പിച്ചാണ് എല്ലാവരും ദൈവത്താൽ പഠിപ്പിക്കപ്പെട്ടവരാകും എന്ന് കർത്താവ് പറഞ്ഞത്. ഗുരുക്കന്മാർ മൗനം കൊണ്ട് സംശയനിഗ്രഹം നടത്തുന്ന പതിവ് ഭാരതത്തിലുണ്ടായിരുന്നു.സംശയങ്ങളുടെ പിറുപിറുപ്പിനെ അകറ്റുന്ന രീതി യേശുവിൽ നാം കാണുന്നു. തിബര്യോസ് തീരത്തും, എമ്മാവൂസ് യാത്രക്കൊടുവിലും അപ്പം നുറുക്കി നൽകുമ്പോൾ സംഭവിച്ചത് അതാണ്.

2016 *ജൂൺ 12*

## പെന്തിക്കോസ്തിക്ക് ശേഷം നാലാം ഞായർ

വി: ലൂക്കോ. 10:1–16

ഏഴിലും എഴുപതിലും പൂർണ്ണത ദർശിക്കുന്ന രീതി ഭരതീയ വിചാരങ്ങളിലെന്ന പോലെ യഹൂദപാരമ്പര്യളിലും ഉണ്ട്. ഭാരതത്തിൽ സപ്തതിയും,സപ്തസംഗീതവും, ഒക്കെ ഉണ്ടായതങ്ങിനെയാണ്. സന്നദ്രീം സംഘത്തിലെ അംഗങ്ങളുടെ എണ്ണം എഴുപതായിരുന്നല്ലോ. മോശ നിയമിച്ച എഴുപത് മൂപ്പന്മാർ(സംഖ്യ 11.24) അതിലുണ്ടായിരുന്നു. പലപ്പോഴും പന്ത്രണ്ടെന്ന സംഖ്യയോട് ചേർന്നാണ് ഈ എഴുപത് എന്ന ഗണം വരുന്നത്. ഏലീമിലെ പന്ത്രണ്ട് ഉറവുകളെ സൂചിപ്പിക്കുമ്പോൾ എഴുപത് ഈത്തപ്പനകളും,അതുപോലെ 12 യിസ്രായേൽ ഗോത്രപിതാക്കന്മാരോട് ചേർന്ന് 70 പേരടങ്ങുന്ന സന്നദ്രീം സംഘവും കാണാവുന്നതാണ്. മാനവ വംശത്തിന്റെ തായ് വേര് എന്ന് വിശേഷിപ്പിക്കുന്ന എഴുപത് ജാതികൾ രൂപപെട്ടതിനെ പ്രതിനിധീകരിക്കുന്നതും മുൻകുറിയായി എടുക്കാം. ശേമിൽ നിന്ന് 20, ഹാമിൽ നിന്ന് 36, യാഫേത്തിൽ നിന്ന് 14 ; ആകെ എഴുപതായി വംശത്തെ അത് പ്രതിനിധികരിച്ചു. ഇവിടെ കർത്താവ് എഴുപത് പേരേ അയയ്ക്കുമ്പോൾ അത് സുവിശേഷികരണത്തിന്റെസമഗ്രദൗത്യത്തെ കുറിക്കുന്നു.

**1. നാഥന് മുമ്പ് നിലം ഒരുക്കുവാൻ**

എഴുപത് പേരേ അയയ്ക്കുന്നത് "*താൻ ചെല്ലുവാനുള്ള പട്ടണത്തിലേക്കും, സ്ഥലത്തിലേക്കും അവരെ തനിക്ക്*


ST. MARY'S EMBROIDERY

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO ✆ 0481-2425444, Res. 2724224, 2727788 (Mob.) 9447136388



കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

*മുമ്പായി ഈരണ്ടായി അയ്യച്ചു.''* (വ.1) എന്നിങ്ങനെയാണ് രേഖപ്പെടുത്തുന്നത്. കൊയ്ത്തു വളരെ ഉള്ള സ്ഥലത്തേക്ക് കൂട്ട്പ്രവൃത്തനങ്ങൾക്കായി കർത്താവ് അവരെ അയ്യക്കുകയാണ്. അവരുടെ പ്രവർത്തന മേഖലകളിലേക്ക് അവരുടെ തലവനും നാഥനുമായവൻ വരേണ്ടതുണ്ട്. ഒരുക്കപ്പെട്ട വയലുകളിലാണല്ലോ വിത്തുകൾ വിതയ്ക്കേണ്ടത്.

കൂട്ടായ പ്രവർത്തന ശൈലി ആദ്യകാലം മുതലേ സഭയുടെ ജീവിത ശൈലിയായിരുന്നു. എന്നാൽ ഇപ്പോൾ ഇത് ഏറെക്കുറെ നഷ്ടപ്പെട്ടിരിക്കുന്നു. സംഘപ്രവർത്തനങ്ങൾക്ക് ചില ആവശ്യ ഘടകങ്ങൾ ഉണ്ട്

**1. തിരുവചന പഠനം**-ഒരുമിച്ച് വായിക്കുകയും വ്യാഖ്യാനങ്ങൾ കേൾക്കുകയും ചെയ്യുന്ന രീതിയാണിത്.പിൽക്കാലത്ത് കമ്മ്യൂണിസ്റ്റുകൾ ഈ രീതി കടമെടുത്തു. പഠന പരിപാടികൾക്ക് ഈ സംഘവായനകൾ പ്രധാനമായിരുന്നു. കേരളത്തിലെ വായനായോഗങ്ങൾ ഉദാഹരണമാണ്. വചനത്തെ വ്യാഖ്യാനിച്ച് വഷളാക്കുന്ന കൺവൻഷൻ-വൺമാൻഷോകളിൽ ചിലപ്പോൾ *ക്രിസ്തു തന്നെ* ഇല്ലാതാവുന്നത് കാണാം.

**2. ആരാധന :** പലരായ നാം ഒരപ്പത്തിന്റെ അംശികളായി തീർന്ന് ക്രിസ്തുവിൽ സന്തോഷിക്കുന്ന അനുഭവമാണത്. എഴുപത് പേരേ ഈരണ്ടയി അയ്യക്കുന്നതിന്റെ മർമ്മവും ഇത് തന്നെയാണ്. ഉത്ഥാനാനന്തര കാലങ്ങളിൽ അപ്പം നുറുക്കുവാൻ കൂടി വരുന്നത് ഓർക്കുക. കൂട്ടായ്മ എന്ന വാക്കിലെ പോരായ്മ കൂട്ട്- കൂടായ്മയായി നാം യാഥർത്ഥ്യവത്ക്കരിക്കുകയാണ്.

**3. കൂട്ട് പ്രവർത്തനങ്ങൾ:** ഒരുമിച്ച് ജനം സഭാപ്രവർത്തനങ്ങളിൽ വ്യാപരിക്കുന്നു. ഓരോരുത്തരും അവരുടെ ധർമ്മങ്ങൾ നിർവ്വഹിക്കുന്നു. സഹോദരങ്ങൾക്കും വിധവമാർക്കും അശരണർക്കും രോഗികൾക്കുമായി കരുതുന്ന ഒരു സമൂഹമാകുവാനുള്ള നിയോഗങ്ങളുടെ ആദ്യ തലമാണ് എഴുപത് പേരേ അയയ്ക്കുമ്പോഴും സംഭവിക്കുക. യേശുവിനെ മുൻ നിർത്തിയുള്ളതാകണം നമ്മുടെ പ്രവൃത്തനങ്ങൾ.

ഡോ.ബി.ആർ.അംബേദ്കർ എഴുതിയത് പോലെ 'സ്വാതന്ത്രവും, സമത്വവും സാഹോദര്യവും പഠിപ്പിക്കുന്ന മതമാണ് ഞാൻ ഇഷ്ടപ്പെടുന്നത്' -ഈ മനോഭാവം എല്ലാവർക്കുമുണ്ടാകണം. യേശുവിന്റെ ഇഷ്ടങ്ങളെ സാക്ഷാത്കരിക്കാനാണ് നമ്മുടെ പ്രവർത്തന മേഖല എന്ന് ചിന്തിക്കാം.

**2. സമയം...**

യേശുവിന്റെ കഷ്ടാനുഭവം സമീപിക്കുമ്പോൾ അവിടുന്ന് 70 പേരെ അയക്കുന്നു. തന്റെ മനുഷ്യാവതാര സന്ദേശം എത്തേണ്ട ഇടങ്ങളിലേക്ക് യേശു അവരെ അയക്കുകയാണ്. ആർക്കും സമാധാനം ചൊല്ലരുത് എന്നൊക്കെ നിർദേശിക്കുന്നത് *സമയം പാഴാക്കരുത്* എന്ന ചിന്തമൂലമാണ്. എലീശാ ഗേഹസിയെ അയയ്ക്കുമ്പോഴും നിർദ്ദേശിച്ചത് ഇതുപോലെ തന്നെയാണ്(2 രാജ 4.27)

ശ്രദ്ധയോടെ യേശു തന്റെ നാഴികയിലേക്ക് പ്രവേശിക്കുന്നത് നാം കാര്യമായി എടുക്കണം. കാനാവിൽ ആ അടയാളം നിർവ്വഹിക്കുവാൻ നിർബന്ധിതനാകുമ്പോൾ തന്റെ നാഴിക വന്നിട്ടില്ലെന്ന ചിന്തയുണ്ട്. ''ദൈവം പണ്ട് ഭാഗം ഭാഗമായി പ്രവാചകന്മാരോട് അരുളിചെയ്തിട്ട്, *കാലസമ്പൂർണ്ണതയിൽ ശരീരമെടുത്തുവെന്ന്'' നാം വായിക്കുന്നതിന് സമാനമാണ് ഇത്. യേശുനാഥന്റെ ജനനത്തിലും,* പരസ്യശുശ്രൂഷയിലും, പീഡാ-വേദനകളിലുമെല്ലാം കൃത്യതയുള്ള സമയത്തിന്റെ പൂർത്തീകരണം ഉണ്ടായിരുന്നു. ഏറ്റവും ഒടുവിൽ കുരിശിൽ കണ്ണടയ്ക്കമ്പോൾ എല്ലാം നിവർത്തിയായി എന്ന് പറയുമ്പോഴും അവിടെ നിയോഗത്തിന്റെ സാഫല്ല്യം സമയത്തിന്റെ നിറവേറലായിരുന്നു.

കൊയ്ത്ത് എന്ന പദം തന്നെ സമയത്തെ സൂചിപ്പിക്കുന്നു. കൊയ്ത്തും,വിതയും എല്ലാം കാലത്തിനും സമയത്തിനും അനുസരിച്ച് നിർവ്വഹിക്കേണ്ടതാണ്. കാലത്തെ വിസ്മരിച്ച് അദ്ധ്വാനിക്കുന്നതും, ഭക്ഷിക്കുന്നതും പാപമാണ് എന്നത് വേദവിചാരം തന്നയാണ്. നമ്മുടെ സഭാജീവിതത്തിൽ കാലവും സമയവും വിസ്മരിക്കപ്പെട്ടുകൂടാ. സുവിശേഷീകരണം നമ്മുടെ ആയുഷ്ക്കാലത്തും തുടരേണ്ട ദൗത്യമാണ് എന്ന് ചിന്തയുണ്ടാകണം. നാം പല സാധാരണ മര്യാദകളുടെയും വന്ദനങ്ങളുടെയും ആചരണങ്ങളിലൂടെ കാലം കഴിക്കുന്നു. സുപ്രഭാതത്തിനും ,സുഖനിദ്രയ്ക്കും ആശംസകൾ നേർന്ന്,നേർന്ന് കഴിഞ്ഞുപോകുമ്പോൾ അനുശോചിക്കപ്പെടേണ്ട ഒരാളായി മാറാനല്ല ദൈവം നമ്മെ ഈ ലോകജീവിതത്തിൽ ആക്കിവച്ചിരിക്കുന്നത് .

**4. നിഷേധികൾക്കുവേണ്ടി നിയോഗിതരായവർ**

നിയോഗം തികച്ചവരുടെ മാത്രം നാടല്ല നമ്മുടേത്, നിഷേധികളുടേതും കൂടിയാണ്. നിഷേധികളുടെ പാളയങ്ങളിലേക്ക് ക്രിസ്തു അപ്പോസ്തലന്മാരെ അയ്യച്ചു. പാപത്തെ വെറുക്കുന്നവൻ പാപികളെ വെറുക്കുന്നനായിരുന്നില്ല. തന്നെ ഒറ്റികൊടുക്കുന്ന യൂദായുടെ പാദങ്ങൾ വരെ അവിടുന്ന് കഴുകിയതും അതുകൊണ്ടായിരുന്നല്ലോ!.

സോരും,സീദോനും,കഫർന്നഹൂമും നിഷേധികളുടെ ഭൂമികയിൽ ചിലതായിരുന്നു. നിഷേധികളെ ചൊല്ലി കരയുന്ന യേശു ഒരു മാതൃകയാണ്. ഒരു നിഷേധിയുടെ കഥയിങ്ങനെയുണ്ട്. *ഒരു ആശ്രമത്തിലെ അംഗമായ ഒരു ചെറുപ്പക്കാരൻ ആരും അറിയാതെ പുറത്ത് പോകുന്നത് പതിവാക്കി മാറ്റി. പോകാനും വരാനും അയാൾക്ക് ആരും അറിയാത്ത ചില കുറുക്കുവഴികൾ തന്നെയുണ്ടായിരുന്നു.*



*ഒരിക്കൽ അയാൾ മതിലിലൂടെ ഇറങ്ങുവാൻ ശ്രമിക്കുമ്പോൾ ചവിട്ടുവാനുള്ള ഒരു കല്ലെന്നപോലെ ആശ്രമാധിപനായ ഗുരു കിടക്കുന്നുണ്ടായിരുന്നു. അറിയാതെ അദ്ദേഹത്തെ ചവിട്ടിയിറങ്ങിയപ്പോൾ അയാൾ ഗുരുവിനെ തിരിച്ചറിഞ്ഞു. ചവിട്ടുകൊണ്ട ആ വൃദ്ധനെക്കാൾ ഉലഞ്ഞ്പോയത് ആ യുവാവായിരുന്നു.പിന്നീട് അയാൾ ഒരിക്കലും ആ ആശ്രമത്തിന്റെ മതിലുകൾ കടന്ന് പോകുവാൻ ശ്രമിച്ചിട്ടില്ല.*

പലരെയും ബോധപൂർവ്വം ഒഴിവാക്കുന്ന ശീലം ചിലർക്കുണ്ട്. ഗലീലാ പട്ടണങ്ങളായ സോരും സീദോനും യേശുവിനെ അവഗണിച്ചു. അടയാളങ്ങൾ നിരവധിയുണ്ടായ കഫർന്നഹുമിലും അവസ്ഥ ഇത് തന്നെ. അവർ യേശുവിനെ ഉപദ്രവിച്ചില്ല. പക്ഷെ അവനെ നിരാകരിച്ചു. സുവിശേഷകരുടെ കാലടികളിലെ മണ്ണ് നിരാകരിക്കപ്പെട്ടതിന്റെ വാർത്തകൾ ഘോഷിക്കും. അവരുടെ രക്തം അനേകരെ മനം തിരിപ്പിക്കുന്ന ചരിത്രധ്വനിയായിരിക്കും. സ്തേഫാനോസിന്റെ രക്തം പൗലോസിനെ രൂപപെടുത്തിയതിന് സമാനമായിരിക്കും അത്. നിഷേധികൾക്ക് രക്ഷകനും അപ്പോസ്തോലരും ആകുവാൻ കഴിയുന്നവിധത്തിലുള്ള പ്രവൃത്തനശൈലി ഈ ന്യൂജനറേഷൻ കാലത്ത് നമുക്ക് ആവശ്യമാണ്.

**2016 ജൂൺ 19**

## പെന്തിക്കോസ്തിക്കു ശേഷം അഞ്ചാം ഞായർ

**വി: ലൂക്കോ. 9 : 10 – 14**

എല്ലാ സുവിശേഷകരും രേഖപെടുത്തിയ ഒരു സംഭവമാണിത്. തങ്ങളുടെ നിയോഗങ്ങളിൽ നിന്ന് അപ്പോസ്തോലന്മാർ മടങ്ങി വന്നതിന് ശേഷം അയ്യായിരങ്ങളെ പോഷിപ്പിച്ച ഈ സംഭവത്തിലെ ചില കുറിവാക്കുകൾ മാത്രം ഇന്ന് ധ്യാനത്തിനായി കുറിക്കട്ടെ. ബേത്ത്സയിദായിലേക്ക് അവൻ തനിച്ച് മാറിപോകുന്നു. ബേത്ത്സയിദാ എന്നത്, ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ ഗലീലാകടലിന് പടിഞ്ഞാറായി കഫർനന്നഹൂമിനും, കോരസീനും മധ്യേ ആയിരിക്കാമെന്നാണ് നിരീക്ഷണങ്ങൾ. യേശുവിന്റെ ശാപവും ഇവിടെ വീണിട്ടുണ്ടായിരുന്നു. ബേത്ത്സയിദാ എന്നതിന് *വലകളുടെ വീട്* എന്ന് ഒരു അർത്ഥമുണ്ട്. വലകൾ കുരുക്കുകളുടെ സമാഹാരമാണ്. ഇരകൾക്ക് വേണ്ടിയാണ് വലകളൊക്കെ ഒരുക്കപ്പെടുന്നത്. വലകളിൽ നിന്ന് വിമോചിപ്പിക്കുന്ന അനുഭവമാണ് മനുഷ്യരെ പിടിക്കുന്ന പ്രവൃത്തനം. വലകൾ കൊണ്ട് ഉപജീവിക്കുന്നവരെ കുരുക്കുകളില്ലാത്ത ജീവിതത്തിലേക്ക് അവൻ വിളിച്ചു. ഒരു ഇരയുടെ എല്ലാ സാദ്ധ്യതകളും ബാക്കി നിൽക്കുന്നുണ്ട് എന്ന ബോദ്ധ്യത്തോടെ.. കുരുക്കുകൾ ശേഷിക്കുന്ന മനസ്സിൽ നിന്ന് അവയെ അഴിച്ച് *കളയുന്ന ഒരു സവിശേഷത ഇന്ന് ഈ സുവിശേഷഭാഗത്ത് ദർശിക്കാം*

**1. നമ്മിലെ മരുഭൂമികൾ...**

തനിച്ച് പിതാവിനടുക്കലേക്ക് എത്തുന്ന അനുഭവമായിരുന്നു യേശുവിന്റെ പ്രാർത്ഥന. ജനസാഗരം ഒഴിഞ്ഞ നഗരം പോലെ ശാന്തമായ ഒരു അനുഭവം നമുക്കെല്ലാം ആവശ്യമുണ്ട്. യേശു വിജനതകളിലേക്ക് പോകുമ്പോഴും, അവൻ ഒറ്റയായി തീരുകയല്ല, ശക്തനായി തീരുകയായിരുന്നു. സൃഷ്ടികൾ സൃഷ്ടാവിന് പുറകെ വന്നു. ആ വിജനമായ മരുഭൂമിപോലെ വരണ്ടുപോയ ഒരു സമൂഹം ക്രിസ്തുവാകുന്ന ആത്മീയ ഉറവയ്ക്കായി ദാഹിച്ചു. ആ വരണ്ട ഇടങ്ങളുടെ പ്രത്യേകത യെശയ്യാ പ്രവാചകന്റെ വാക്കുകളിലൂടെ കാണുക- ''ദാഹിച്ചിരിക്കുന്നേടത്ത് ഞാൻ വെള്ളവും,വരണ്ട നിലത്ത് നീരൊഴുക്കുകളും പകരും''. അഞ്ചപ്പവും മീനും വാഴ്വിന്റെ കരങ്ങളിൽ വർദ്ധിപ്പിക്കുവാൻ കാരണം വരണ്ട നിലത്ത് നീരൊഴുക്ക് പകരുന്ന നാഥനാണ് കർത്താവ് എന്ന് സൂചിപ്പിക്കുവാനായിരുന്നു. ശമര്യക്കാരിയും ജീവന്റെ ഉറവയായ കർത്താവിനെ കണ്ടെത്തിയത് ഓർക്കുക.

*ഒരിക്കൽ ഒരു തീർത്ഥാടന കേന്ദ്രത്തിലെ പെരുന്നാൾ ദിനത്തിലെ മഹാ ജനസഞ്ചയത്തെ നോക്കി ഒരു പിതാവ് അപരനോട് ചോദിച്ചു: നോക്കൂ ഈ വിശ്വാസികളുടെ കൂട്ടം എത്രത്തോളം ആളുകളുണ്ടാകുമെന്നാണ് താങ്കൾ വിചാരിക്കുന്നത്? ഹോ ഇത് എണ്ണമറ്റ ആളുകളല്ലേ? എന്ന് അപരൻ തിരിച്ച് ചോദിച്ചു. അതേ അവർ എണ്ണമറ്റ ആളുകളാണ് എങ്കിലും, അവരിൽ ഓരോരുത്തരോടും,അയാളെക്കുറിച്ച് മാത്രമെ ന്യായവിധിദിവസത്തിൽ ചോദിക്കുകയുള്ളൂ.ആ പിതാവ് ഉത്തരം പറഞ്ഞു.*

നമ്മുടെ മറവികൾ നമ്മുടെ സാധ്യതകളെയാണ് നശിപ്പിക്കുന്നത്. അവ നമ്മെ മരുഭൂമിക്ക് സദൃശ്യമാക്കി തീർക്കും. ശിഷ്യന്മാർ *മറന്ന പ്രധാന കാര്യങ്ങൾ ഒന്ന് ശ്രദ്ധിക്കുക.*

**1. അഞ്ചപ്പവും,രണ്ട് മീനും:** തന്നിലെ സാധ്യതകളെ കുറിച്ച് ബോധ്യമില്ലാത്തയാൾ ആത്മഹത്യയും, ഒറ്റപ്പെടലും മൊക്കെ ആഗ്രഹിക്കുന്നത് പോലെയായിരുന്നു ഇത്. ആ ജനസമൂഹം പിരിഞ്ഞ് പോയിരുന്നുവെങ്കിൽ എന്ന് അവർ ആഗ്രഹിച്ചു. *അഞ്ചപ്പവും,രണ്ട് മീനും* എന്ന സാധ്യതയാണ് അവരുടെ വിശപ്പ് ശമിപ്പിക്കുവാൻ മതിയായത് എന്നോർമ്മിക്കുക.

**2. ജീവന്റെ അപ്പം:** *ജീവന്റെ അപ്പമായ കർത്താവിനെ വിസ്മരിച്ചതും* അവരുടെ ആത്മീയ വരൾച്ചയെ വർദ്ധിപ്പിച്ചു. സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകേണമെ എന്ന പ്രാർത്ഥനയിലെ ഭൂമിക നാം തന്നെയന്ന് ധ്യാനിച്ചാൽ നമ്മിൽ മരുഭൂമികൾ രൂപപെടുന്നത് എങ്ങിനയെന്ന് വെളിപ്പെട്ട് കിട്ടും.

**2. പുരുഷാരം**

ഒറ്റയ്ക്കിരുന്ന് പ്രാർത്ഥിക്കുവാൻ ആഗ്രഹിച്ച ക്രിസ്തുവിനെ പിന്തുടരുവാൻ കാരണങ്ങൾ ഒരുപാടുണ്ടായിരുന്നു. അവർ യേശുവിനെ പൂർണ്ണമായി അറിഞ്ഞിരുന്നില്ലെങ്കിലും ചില ആവശ്യങ്ങൾ സാധിക്കേണ്ടതുണ്ട്. വിശപ്പ് ശമനം, രോഗശാന്തി എന്നിങ്ങനെയൊക്കെ. ആയിരിക്കാം അത്. ഇത്രയൊക്കെ ചെയ്യുന്നവനെ അവർ യോഹന്നാൻ സ്നാപകനെന്നും,ചിലപ്പോൾ ഏലിയാവ് എന്നും ഒക്കെയുള്ള വിശേഷണങ്ങൾ നൽകിയിരുന്നു. *ബധിരത പ്രാപിച്ച ചെവികളും അന്ധത ബാധിച്ച കണ്ണുകളും ആയിട്ടാണ് നാം ദൈഭക്തരാവുന്നത്*

*ഒരിക്കൽ ഒരു ബധിരൻ തന്റെ സുഹൃത്തിന്റെ വീട്ടിലേക്ക് പോയി. അവിടുത്തെ നായ അയാൾക്ക് നേരെ കുരച്ച് കൊണ്ടിരുന്നു. ശബ്ദമൊന്നും കേൾക്കാതിരുന്നത് കൊണ്ട് അയാളെ അത് ഭയപ്പെടുത്തിയില്ല. ആ വീട്ടിലെ വിരുന്നു കഴിഞ്ഞ് മടങ്ങുമ്പോൾ ആ വീട്ടുകാരനോട് ബധിരൻ പറഞ്ഞു; നിങ്ങളുടെ നായ കഴിഞ്ഞ രാത്രിയിൽ ഒട്ടും ഉറങ്ങിയില്ലെന്ന് തോന്നുന്നു? നിങ്ങളെന്താ അങ്ങിനെ പറയുന്നത്? അതോ, അവനെന്നെ നോക്കി തുടർച്ചയായി കോട്ടുവായ് ഇട്ടുകൊണ്ടിരിക്കുന്നു. ഓരോരുത്തരും തന്റെ ധാരണയ്ക്ക് അനുസരിച്ചേ കാര്യങ്ങൾ ഗ്രഹിക്കുന്നുള്ളൂ.*

*ശിഷ്യന്മാർ* കൂടി വരുന്ന പുരുഷാരത്തെ കണ്ടു, പക്ഷെ അവർ അവരെ മനസ്സിലാക്കിയില്ല.യേശു ആ ജനത്തെ പൂർണ്ണമായും അറിഞ്ഞ് അവർക്ക് സമീപസ്ഥനായി. *ഒറ്റയ്ക്കിരുന്ന് പ്രാർത്ഥിക്കാനെത്തിയവന് ഏകാന്തത ലഭിച്ചിരുന്നില്ല. എന്നാൽ അവൻ ആരെയും നിരാശരാക്കുകയോ, വിശപ്പോടെ അയയ്ക്കുകയോ ചെയ്തില്ല. തൃപ്തിയെന്നത് ആനന്ദം തന്നെയാണല്ലോ. മതിയെന്ന ചിന്തയാണ് ശേഷിപ്പുണ്ടാക്കിയത്. ആരും നിർബന്ധിക്കാതെ ക്രിസ്തുവിനടുത്തെത്തിയവർക്ക് ഉണ്ടായ സംതൃപ്തി സ്വാഭവികമായി ഉണ്ടായതാണ്. നമുക്കും ആത്മാർത്ഥമായി നമ്മുടെ ദൈവത്തിൽ സങ്കേതപ്പെടാം.* ■



# സമ്യഗ് ദർശനം

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം




ഒരു കാട്ടിൽ ഒരു കഴുതയും പുലിയും ജീവിച്ചിരുന്നു. അവർ വളരെ വലിയ സൗഹൃദം വച്ചു പുലർത്തിയിരുന്നു. ഒരുമിച്ച് ഭക്ഷിക്കുകയും ഫലിതങ്ങൾ പങ്കിടുകയും ലോകകാര്യങ്ങളെപ്പറ്റി വാചാലമാകുകയും ചെയ്യുമായിരുന്നു. നിസ്സാര കാര്യങ്ങൾ പോലും ചർച്ചയ്ക്കെടുക്കുകയും തർക്കിക്കുകയും അവസാനം അവർ തന്നെ അത് പരിഹരിക്കുകയും ചെയ്യുമായിരുന്നു. എത്ര ചർച്ച ചെയ്താലും തർക്കിച്ചാലും അവരവരുടെ നിഗമനങ്ങളിലൂടെ രണ്ട് പേർക്കും സ്വീകാര്യമായ ഉത്തരം കണ്ടെത്തുക പതിവായിരുന്നു. ഒരു ദിവസം ഭക്ഷണവുമായി ബന്ധപ്പെട്ട് അവരുടെ ചർച്ചകൾ പുരോഗമിക്കുകയും അവരുടെ നിഗമനങ്ങളെപ്പറ്റി സംസാരിക്കുകയും അവയ്ക്ക് പൊതുവായ ഉത്തരങ്ങൾ കണ്ടെത്തുകയും ചെയ്തു. അങ്ങനെ അവരുടെ സംഭാഷണങ്ങൾ നീണ്ട് പോകവേ കഴുതയുടെ ആഹാരമായ പുല്ലിനെപ്പറ്റിയും ഇലകളെപ്പറ്റിയും ചർച്ചകൾ നീണ്ടു. പുലി പറഞ്ഞു "പുല്ലിന്റെ നിറം പച്ചയാണ്" കഴുത ഉടനെ തന്നെ അതിനെ എതിർത്തു "പുല്ലിന്റെ നിറം നീലയാണ്" രണ്ട് പേരും അവരവരുടെ വാദഗതികൾ സമർത്ഥമായി അവതരിപ്പിച്ചു. വാദങ്ങൾ നീണ്ട് നീണ്ട് പോകുന്നതല്ലാതെ പരിഹാരം കാണാനോ ഉത്തരം കണ്ടെത്താനോ അവർക്ക് കഴിഞ്ഞില്ല. പതിവില്ലാത്ത വിധം തർക്കങ്ങൾ മുറുകി അതൽപ്പം പരുഷമായ അവസ്ഥയിലെത്തി. അവരുടെ സൗഹൃദം നഷ്ടപ്പെടുത്താതിരിക്കാൻ അവർ തീരുമാനത്തിലെത്തി മൃഗരാജാവിന്റെ അടുത്ത് ചെന്ന് തങ്ങളുടെ തർക്കത്തിന് പരിഹാരം കാണാം. സിംഹം രണ്ട് പേരുടെയും വാദഗതികളും തർക്കങ്ങളും സൂക്ഷ്മതയോടെ ശ്രദ്ധിക്കുകയുണ്ടായി എന്നിട്ട് സിംഹം പറഞ്ഞു. "പുല്ലിന്റെ നിറം നീലയെന്ന് പറഞ്ഞ കഴുതയ്ക്ക് കൈയ് നിറയെ സമ്മാനം കൊടുക്കുക. പുല്ലിന്റെ നിറം പച്ചയെന്ന് പറഞ്ഞ പുലിക്ക് തന്റെ തെറ്റ് തിരിച്ചറിയുന്നവരെ ചാട്ടകൊണ്ട് അടികൊടുക്കുക". സിംഹത്തിന്റെ വിധിയിൽ പുലി പ്രകോപിതനായി ശരിയായ ഉത്തരം പറഞ്ഞ തന്നെ ശിക്ഷിക്കാനും വിഡ്ഢിത്തം വിളമ്പിയ കഴുതയ്ക്ക് സമ്മാനം കൊടുക്കാനും വിധിച്ചിരിക്കുന്നു. ഇതെന്ത് നീതിയാണ്? സിംഹം പുലിയോട് പറഞ്ഞു. "നീ പറഞ്ഞതാണ് സത്യം പക്ഷെ സമുന്നതമായ ഒരു സ്ഥാനത്തായിരിക്കുന്ന നീ ഈ കഴുതയോട് തർക്കത്തിലേർപ്പെട്ട് നിന്റെ ഭാഗം സമർത്ഥിക്കാൻ ഇത്രയും കഷ്ടപ്പെടണമായിരുന്നോ? നിന്റെ വാക്കുകൾക്ക് ഒരു വിശ്വാസ്യതയും അധികാരികതയും പൊതുസമൂഹം നൽകുന്നുണ്ടല്ലോ. നിസ്സാരനായ ഒരു കഴുത തർക്കിച്ചപ്പോൾ ആരോപണം ഉയർത്തിയപ്പോൾ നിന്റെ ആധികാരികതയിൽ നിനക്ക് പോലും വിശ്വാസമില്ലാതെപോയല്ലോ?"

അവനിലുള്ള ആത്മവിശ്വാസത്തിൽ ഊന്നി വേണം ജീവിതത്തെ നേരിടാൻ നമ്മുടെ ജീവിതത്തിനും വ്യക്തിത്വത്തിനും വിശ്വാസ്യതയും ആധികാരികതയും ഉണ്ടാക്കിയെടുക്കേണ്ടത് വാക്കുകൾകൊണ്ട് പ്രതിരോധം ഉയർത്തിയാകരുത്; ജീവിതം കൊണ്ടാകണം വ്യാഖ്യാനിക്കേണ്ടത്. നവമാധ്യമങ്ങളിലൂടെയും ജനകീയ മാധ്യമങ്ങളിലൂടെയുമുള്ള എല്ലാത്തരം പോരടികൾ കാണുമ്പോഴും അർത്ഥശൂന്യമായ വാദകോലാഹലങ്ങൾ കാണുമ്പോഴും ഈ കഥയാണ് ഓർമ്മ വരിക. പൊതു സമൂഹത്തിന്റെ വിശുദ്ധിക്ക് വേണ്ടി ഇങ്ങനെ ചില വിധിത്തീർപ്പുകൾ വേണ്ടതല്ലേ എന്ന് ഓർത്ത് പോകാറുണ്ട്. മാധ്യമ ശീതീകരണ ഗുഹകളിലിരുന്നു രാഷ്ട്രീയ, സാംസ്ക്കാരിക, മത നേതാക്കൾ അവരവരെത്തന്നെ വെള്ള പൂശുകയും എതിരഭിപ്രായം പുലർത്തുന്നവന് നേരെ ചെളിവാരി എറിയുകയും ചെയ്യുന്ന പതിവ് കാഴ്ച-നാം കാണുകയാണ്. ഈ കളി അവസാനിക്കുമ്പോൾ രണ്ട് പേരും ചെളിയിൽ മുങ്ങിക്കുളിച്ച് നിൽക്കേണ്ടി വരുന്നതാണ് നമുക്ക് കാണേണ്ടി വരിക. അന്ന് സന്ധ്യയായി ഉഷസുമായി രണ്ടാം ദിവസം വീണ്ടും വെള്ളയടിച്ചുകൊണ്ട് ഇവർ പ്രത്യക്ഷപ്പെടും ഈ നിന്ദ്യമായ ഏർപ്പാടിനെതിരെ അഗ്നി ജ്വലിക്കുന്ന വിധിത്തീർപ്പുകളുമായി സാംസ്ക്കാരികതയുള്ള ജനം ഉണരേണ്ടതല്ലേ? വിഡ്ഢിത്തങ്ങൾക്ക് മറുപടി കൊടുക്കാൻ പോകുന്നിടത്ത് നമുക്ക് നമ്മിൽ വിശ്വാസമില്ല എന്നതല്ലേ..? നാം നമ്മെത്തന്നെ അവഹേളിക്കുകയല്ലേ?

നമ്മുടെ ജീവിത മൂല്ല്യങ്ങളിൽ നമുക്കാണ് ആദ്യം വിശ്വാസമുണ്ടാകേണ്ടത്. വിശ്വാസം നഷ്ടപ്പെട്ട് തുടങ്ങുന്നിടത്താണ് മറുപടിക്കായി നമ്മുടെ നാവ് പൊന്തുന്നത്. നാം ശരിയാണ് എന്ന് വാക്കുകൊണ്ട് വാദിച്ച് തീർക്കലല്ല. നാം ശരിയായിരുന്നു എന്ന് അവർ തനിയെ തിരിച്ചറിയുകയാണ് വേണ്ടത്. വാക്ക് കൊണ്ട് പ്രതിരോധം തീർത്ത് തീർത്ത് നമുക്കവസാനം വാക്ക് തേയുമ്പോഴാണ് ആയുധങ്ങൾക്ക് മൂർച്ചകൂടുന്നത്. ആയുധങ്ങൾ സംസാരിക്കുമ്പോഴാണ് രക്തച്ചൊരിച്ചിൽ ഉണ്ടാകുന്നത്. ജീവിതം കൊണ്ട് സംസാരിക്കുമ്പോഴാണ് നാം മറ്റുള്ളവർക്ക് പുതിയ തിരിച്ചറിവ് കൊടുക്കുക.

വാക്ക് വാളാകരുത് നോക്ക് തോക്കാകരുത് ജീവിതം
ഒരു തെളിനീരുറവയാണ് എല്ലാവർക്കും പാനം ചെയ്യാവുന്ന വിധം
തുറവിയുള്ള തെളി നീരുറവ.

E-mail: fr.thirumangalam@gmail.com

പ്രഭാഷണ പഠനം



# മലയാളത്തിന്റെ സുവർണ്ണ നാവ്

■ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

മലയാള സാഹിത്യത്തിലും വേദശാസ്ത്ര ബോധനത്തിലും മലങ്കര ഓർത്തഡോക്സ് സഭാ ചരിത്രത്തിലും പ്രകാശം പരത്തുന്ന മഹാപ്രതിഭയാണ് മലങ്കരസഭാ ഗുരുരത്നം അഭിവന്ദ്യ ഫാ. ഡോ. റ്റി. ജെ. ജോഷ്വ. വേദപണ്ഡിതൻ, ശ്രേഷ്ഠഗുരു, അനുഗ്രഹീത ഗ്രന്ഥകാരൻ, സുവർണ്ണ നാവുകാരനായ പ്രഭാഷകൻ, പ്രശസ്ത വേദവ്യാഖ്യാതാവ്, സാമൂഹിക പ്രവർത്തകൻ തുടങ്ങി വിവിധ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വന്ദ്യ. റ്റി. ജെ. ജോഷ്വ അച്ചൻ വാക്കുകളിലും എഴുത്തുകളിലും സാന്ത്വന സ്പർശം പകരുന്നു. വിപുലമായ അനുഭവസമ്പത്ത്, ആഗോള തലത്തിലുള്ള യാത്ര, അനുഗ്രഹീത പ്രബോധന ശുശ്രൂഷ, വൈവിദ്ധ്യമാർന്ന ഉത്തരവാദിത്വം എന്നിവയിൽനിന്നും സമാർജ്ജിച്ച ഉൾക്കാഴ്ചകളും ആത്മീയ ജീവിതത്തിന് ഊർജ്ജം പകർന്ന വ്യക്തിത്വങ്ങളുടെ മഹത്ദർശനങ്ങളും ഹൃദ്യമായ ഭാഷയിൽ എഴുത്തിലും പ്രഭാഷണത്തിലും അവതരിപ്പിക്കുന്നു.

നിരന്തരമായ പഠന മനനങ്ങളിലും വേദവ്യാഖ്യാനങ്ങളിലും അനുഭവിച്ചറിയുന്ന വേദപ്പൊരുൾ പൊതുസമൂഹത്തിന് ശുദ്ധഭാഷയിൽ സംവേദിപ്പിക്കുന്നതിന് ഡോ. റ്റി. ജെ. ജോഷ്വാച്ചനുള്ള വൈദഗ്ദ്ധ്യം അതീവ ശ്രേഷ്ഠമാണ്. സുവിശേഷ മർമ്മം പ്രാഗത്ഭ്യത്തോടെ സംവേദിപ്പിക്കുവാൻ (എഫെ. 6:19-20) നാവും തൂലികയും അദ്ദേഹം ദൈവികമായി നിരന്തരം വിനിയോഗിക്കുന്നു. വേദവിശകലനങ്ങൾ ജനകീയമാക്കുന്നതിനായി ലളിതവും ഹൃദ്യവും ആകർഷകവുമായ ഭാഷാശൈലിയാണ് രൂപപ്പെടുത്തിയിട്ടുള്ളത്.

സമാധാനപൂർണ്ണവും പ്രത്യാശാപൂരിതവുമായ ജീവിത സായാഹ്നം ദൈവകൃപയാൽ അനുഭവവേദ്യമാകുന്നതായി റ്റി. ജെ. ജോഷ്വ അച്ചൻ വിശ്വസിക്കുന്നു. എന്നാൽ സങ്കീർണ്ണവും വൈവിദ്ധ്യവുമായ രോഗപീഡകളും ശസ്ത്രക്രിയകളും ഏറ്റുവാങ്ങിയ റ്റി. ജെ. ജോഷ്വ അച്ചനെ രോഗങ്ങൾക്ക് തളർത്തുവാൻ കഴിഞ്ഞിട്ടില്ല. എഴുത്തിലും പ്രഭാഷണത്തിലും നിറയുന്ന ആത്മാംശങ്ങൾക്ക് ലഭ്യമായ സാന്ത്വന സ്പർശം വളരെ ഹൃദ്യമാണ്.

**ഇടയ ശുശ്രൂഷയിൽ** നാവും തൂലികയും ഫലപ്രദമാക്കിയ ഡോ. റ്റി. ജെ. ജോഷ്വ അച്ചനെ മലങ്കര സഭയിലെ *ഗുരുരത്നം, ഗുരുക്കന്മാരുടെ ഗുരു, മലയാളത്തിലെ സാന്ത്വന ദാർശനികൻ* തുടങ്ങിയ വിശേഷണങ്ങൾ നൽകിയപ്പോൾ വിനീത ഭാവത്തോടെ അദ്ദേഹം പറഞ്ഞു: *എന്നെ എന്തു വിശേഷിപ്പിച്ചാലും ദൈവം ഉപയോഗിക്കുന്ന ഒരു മനുഷ്യൻ എന്നു മാത്രമേ എനിക്ക് തോന്നുന്നുള്ളൂ. ഞാൻ അർഹിക്കുന്നതിൽ അധികമായ അംഗീകാരവും സ്വീകരണവും ലഭിക്കുന്നു. എന്റെ പാണ്ഡിത്യമോ ബൗദ്ധിക സിദ്ധിയോ ഒന്നുമല്ല. ദൈവത്തിന്റെ കൃപ ഒന്നുമാത്രം.* അതേ, ഡോ. റ്റി. ജെ. ജോഷ്വ അച്ചന്റെ പ്രഭാഷണങ്ങളും എഴുത്തുകളും അപഗ്രഥിക്കുമ്പോൾ എല്ലാം ദൈവസ്പർശം അടയാളപ്പെടുത്തുന്ന അനശ്വരവചനങ്ങൾ എന്ന് ബോധ്യമാകും. മലയാളത്തിന്റെ സുവർണ്ണ നാവായ ഡോ. റ്റി. ജെ. ജോഷ്വ അച്ചന്റെ പ്രഭാഷണ ശൈലികളും ദർശനങ്ങളും അത്യധികം ആകർഷകമാണ്.

ശാന്തനും സൗമ്യനും മിതഭാഷിയും ഭാഷാ നിപുണനുമായ പ. ബസേലിയോസ് ഔഗേൻ ബാവായാണ് റ്റി. ജെ. ജോഷ്വാച്ചനെ കൺവൻഷൻ വേദിയിലേക്ക് നിയോഗിക്കുന്നത്. കോട്ടയം തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയിൽ കൺവൻഷൻ പ്രസംഗിക്കേണ്ട എം.എം. ജോർജ് സാറിന്റെ അഭാവത്തിൽ പ. ഔഗേൻ ബാവായുടെ സെക്രട്ടറിയായി എത്തിയപ്പോൾ ആ നിയോഗം ഏറ്റെടുക്കുകയായിരുന്നു. വിവാഹവേളയിലും

സ്ക്കൂൾ സാഹിത്യ സമാജത്തിലും പ്രസംഗിച്ചിട്ടുണ്ടെങ്കിലും കൺവൻഷൻ വേദിയിലെ ആദ്യ ചുവടുവെയ്പായിരുന്നു. പ്രസംഗ വേദിയിലേക്ക് ഔഗേൻ ബാവാ തലയിൽ കൈവെച്ച് അനുഗ്രഹിച്ച് നയിച്ചതാണ്, പ്രസംഗരംഗത്ത് ഇന്നും തുടരുവാൻ കഴിയുന്നതെന്ന് റ്റി. ജെ. ജോഷ്വ അച്ചൻ വിശ്വസിക്കുന്നു. പ്രശസ്തമായ മാക്കാംകുന്ന് കൺവൻഷനിൽ 1955-ലെ മൂന്നു നോമ്പ് ചൊവ്വാഴ്ചയാണ് ആദ്യമായി പ്രസംഗിച്ചത്. പിന്നീട് നിരവധി പ്രാവശ്യം മാക്കാംകുന്നിൽ പ്രസംഗിച്ചിട്ടുണ്ട്.

ലോകത്തിന്റെ വിവിധ വേദികളിൽ ബൈബിൾ പ്രഭാഷണങ്ങളും കുടുംബ പ്രബോധനങ്ങളും ഫലപ്രദമായി സംവേദിക്കുന്ന ഡോ. റ്റി. ജെ. ജോഷ്വ അച്ചൻ മലയാളത്തിന്റെ സുവർണ്ണനാവാണ്. പ്രഭാഷണ വിഷയത്തിന്റെ തെരഞ്ഞെടുപ്പ്, വിഭജനം, അവതരണം എന്നിവയ്ക്ക് ദീർഘമായ പഠന മനനങ്ങളും തയ്യാറെടുപ്പും നടത്തും. അതിനാൽ കൺവൻഷൻ പ്രസംഗം, 'വചന ശുശ്രൂഷ'യാകണം എന്ന് അദ്ദേഹം നിർദേശിക്കുന്നു.

**ഞങ്ങളുടെ സുവിശേഷം** വചനമായി മാത്രമല്ല, ശക്തിയോടും പരിശുദ്ധാത്മാവോടും ബഹുനിശ്ചയത്തോടും കൂടെ ആയിരുന്നു നിങ്ങളുടെ അടുക്കലേക്ക് വന്നത് (1 തെസ്സ. 1:5) എന്ന പൗലോസിന്റെ പ്രബോധനമാകണം വചന ശുശ്രൂഷകരുടെ അടിസ്ഥാന ദർശനം. ഞങ്ങളുടെ പ്രബോധനം അബദ്ധത്തിൽ നിന്നോ അശുദ്ധിയിൽ നിന്നോ വ്യാജത്തോടെയോ വന്നതല്ല (1 തെസ്സ. 2:3) എന്നും പരിശുദ്ധാത്മ നിറവിൽ ആത്മാർത്ഥത പുലർത്തുന്നതാണ് വചനശുശ്രൂഷ എന്നും പൗലോസ് വ്യക്തമാക്കുന്നു. വിശുദ്ധ ബലിപീഠത്തിൽ അപ്പം മുറിക്കുന്നതുപോലെ പ്രാധാന്യമുള്ളതാണ് ഏവൻഗേലിയോനിൽ ദൈവത്തിന്റെ വചനം വിഭജിച്ചു കൊടുക്കുന്നത്. അതിനാൽ സൂക്ഷ്മതയോടും ധ്യാനത്തോടും കൂടി പവിത്രമായി അനുഷ്ഠിക്കേണ്ട ശുശ്രൂഷയാണ് കൺവൻഷൻ പ്രസംഗം എന്ന് ഫാ. ഡോ. റ്റി. ജെ. ജോഷ്വ പ്രബോധിപ്പിക്കുന്നു.

*പ്രഭാഷണ ശൈലിയെക്കുറിച്ച് അദ്ദേഹം പറയുന്നു: പ്രഭാഷണങ്ങൾക്ക് ഞാൻ കൃത്യസമയത്ത് എത്തിയിരിക്കും. അനുവദിച്ചിട്ടുള്ള സമയത്തെക്കാൾ ഒരു മിനിട്ട് അധികമാവുകയില്ല. ചെറിയ ഒരു പ്രസംഗമാണെങ്കിലും ഒരുങ്ങാതെ ചെയ്തിട്ടില്ല. ആശയങ്ങൾ അക്കമിട്ട് അടുക്കിപ്പറയുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ടാകാം ആറുദശകമായി പ്രസംഗവേദിയിൽ തുടരുവാൻ കഴിയുന്നത്.*

ഡോ. റ്റി. ജെ. ജോഷ്വ അച്ചന്റെ ബൈബിൾ പ്രഭാഷണങ്ങൾ അതീവ ഹൃദ്യമാണ്. ഒരു വർഷം ആറ് ഏഴ് പ്രസംഗങ്ങൾ തയ്യാറാക്കും. ആദ്യം വിഷയവും, പിന്നീട് വിഷയത്തിന് അനുസൃതമായ വാക്യവും കണ്ടെത്തുന്ന രീതിയാണുള്ളത്. വിഷയം അനുസരിച്ച് പോയിന്റുകൾ നിശ്ചയിച്ച് പ്രസംഗ രൂപത്തിലാക്കും. എല്ലായിപ്പോഴും പ്രസംഗം മുഴുവൻ ചെറിയ ചെറിയ വാചകങ്ങളിൽ എഴുതാറുണ്ട്. ഉപസംഹാരം പോലും എഴുതിയ ശേഷമേ പ്രസംഗിക്കാറുള്ളു. പ്രസംഗിക്കുമ്പോൾ സ്ഥലവും സാഹചര്യവും അനുസരിച്ച് അവതരിപ്പിക്കും. കേരളത്തിന് പുറത്താണ് പ്രസംഗം എങ്കിൽ പ്രധാന പോയിന്റുകളും ആശയങ്ങളും ഇംഗ്ലീഷിൽ പറയും. ഓരോ സ്ഥലത്തുമുള്ള ഉദാഹരണങ്ങളും സംഭവങ്ങളും കണ്ടെത്തും. പ്രസംഗത്തിലെ കഥകളും വിവരണങ്ങളും അനുഭവങ്ങളും എഴുതുന്ന സമയത്തു തന്നെ കൃത്യമായ ഭാഗത്ത് ഉൾപ്പെടുത്തും.


**മലയാള പ്രഭാഷണ രംഗത്ത്** കൃത്യമായ വിഷയ വിഭജനത്തിന് പ്രചാരം നൽകിയത് റ്റി. ജെ.ജോഷ്വ അച്ചന്റെ പ്രഭാഷണത്തിലൂടെയാണ്. പ്രസംഗത്തിന് ആമുഖം (Introduction), ഉള്ളടക്കം (Body), ഉപസംഹാരം (Conclusion) എന്നിവ കൃത്യമായി പാലിക്കും. പ്രധാന ഉള്ളടക്കഭാഗം മൂന്നോ നാലോ പോയിന്റുകളായി വിഭജിക്കും. സദസ്സ്യരെ വളരെ ആകർഷിക്കുന്ന പ്രാരംഭ വാചകങ്ങളെക്കുറിച്ച് മൂന്നു നാലു പ്രാവശ്യം ചിന്തിക്കുകയും മുൻകൂട്ടി കുറിച്ചുവെക്കുകയും ചെയ്യും.


പ്രസംഗത്തിന്റെ പ്രധാന ഭാഗമായ ഉള്ളടക്കം പോയിന്റുകളായി അടുക്കും ചിട്ടയോടും അവതരിപ്പിക്കും. വിഷയത്തിന്റെ സമഗ്രഭാവവും രൂപവും ഫലപ്രദമായി സംവേദിപ്പിക്കണമെങ്കിൽ പ്രസംഗത്തിന്റെ പ്രധാന ഭാഗങ്ങൾ അക്കമിട്ട് അവതരിപ്പിക്കണം എന്നാണ് റ്റി. ജെ. ജോഷ്വ അച്ചന്റെ പക്ഷം. ശ്രോതാക്കളുടെ മനസ്സിൽ വിഷയം തങ്ങി നിൽക്കുവാൻ വിഷയ വിഭജനത്തിന്റെ പോയിന്റുകൾ സഹായിക്കും. പ്രസംഗ വിഷയം കാടുകയറാതെ നിശ്ചിത സമയത്ത് പൂർത്തിയാക്കുവാൻ പോയിന്റുകൾ അനിവാര്യമാണ്. ഏതു പ്രസംഗമായാലും പ്രധാന ആശയങ്ങൾ അക്കമിട്ട് എഴുതിയ ശേഷമേ അദ്ദേഹം അവതരിപ്പിക്കാറുള്ളു.

ഡോ. റ്റി. ജെ. ജോഷ്വ അച്ചന്റെ പ്രഭാഷണങ്ങളുടെ പ്രാരംഭം എല്ലായിപ്പോഴും ബൈബിൾ വാക്യം ഉദ്ധരിച്ചുകൊണ്ടായിരിക്കും. പ്രസംഗം ലളിതവും ഹൃദ്യവും സുന്ദരവുമാണ്. ഫാ. ഡോ. റ്റി. ജെ. ജോഷ്വായുടെ ശബ്ദഗാംഭീര്യവും സ്ഫുടതയും വശ്യമാണ്. ശബ്ദ വിന്യാസം, ഭാവപ്രകടനങ്ങൾ, ആംഗചലനങ്ങൾ, മുഖഭാവം തുടങ്ങിയ ശരീരഭാഷ ശ്രോതാക്കളെ ഹഠാദാകർഷിക്കുന്നവയാണ്. പ്രസംഗത്തിന് ജീവൻ പകരുന്നത് ശുദ്ധമായ ഭാഷയും സ്ഫുടതയും ഭാവവിന്യാസവുമാണ്. ഏതു തരം പ്രസംഗമായാലും സമഗ്രതയും വ്യക്തതയും ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

**പ്രസംഗം പ്രാർത്ഥിച്ച്** തയ്യാറാകുന്നില്ലെങ്കിൽ സംവേദനം ഫലപ്രദമാകുന്നില്ല എന്ന് റ്റി. ജെ. ജോഷ്വ അച്ചൻ പറയുന്നു. ജനങ്ങൾക്ക് പ്രസംഗം സംവേദിക്കപ്പെടുന്നുണ്ടോ എന്ന് മുഖഭാവങ്ങളിൽ നിന്ന് വായിച്ചറിയാം. മുഖത്തോട്ട് നോക്കിയിരിക്കുന്നതും തലയാട്ടുന്നതും എല്ലാം പ്രസംഗകന്റെ ആശയത്തോട് യോജിക്കുന്നതിനാലാണ്. പുഞ്ചിരിക്കുമ്പോഴും കൈയ്യടിക്കുമ്പോഴും ഇതു തിരിച്ചറിയുവാൻ കഴിയും. പ്രസംഗത്തിൽ സ്വാനുഭവങ്ങൾ പങ്കിടുമ്പോൾ ശ്രോതാക്കളുടെ മനസ്സിനെ അതിയായി സ്പർശിക്കും അദ്ദേഹം പറയുന്നു: *ചില സ്ഥലങ്ങളിൽ പ്രസംഗിക്കുവൻ ചെല്ലുമ്പോൾ എന്റെ ക്യാൻസർ രോഗത്തെക്കുറിച്ച് പറയണമെന്ന് ആവശ്യപ്പെടും. അവിടെ ഞാനത് വിവരിക്കും. അത് പറയുന്ന അവസരത്തിൽ അറിയാതെ ഞാൻ വികാര തീവ്രതയിൽ എത്തും. കണ്ണു നിറയും. സ്വരം ഇടറും. തുടർന്ന് പറയുവാൻ പ്രതിബന്ധങ്ങൾ തോന്നിയിട്ടുണ്ട്. അനവധി ജീവിത പ്രതിസന്ധികൾ ഞാൻ അതിജീവിച്ചു.* അനുഭവങ്ങൾ വികാര തീവ്രതയോടെ അവതരിപ്പിക്കുമ്പോൾ ജനം അത് സ്വീകരിക്കും. വിവരണങ്ങൾ സത്യസന്ധവും വസ്തുനിഷ്ഠവും ആത്മാർത്ഥവുമായിരിക്കണം. സ്വാനുഭവങ്ങളിൽ പൊങ്ങച്ചവും അഹംഭാവവും ഉണ്ടാകരുതെന്നും അദ്ദേഹം നിഷ്കർഷിക്കുന്നു.

കൺവൻഷൻ പ്രസംഗത്തിൽ നിന്നും വ്യത്യസ്തമായി ശാന്തമായ സ്വരവും മിതമായ വാക്കുകളും ധ്യാന പ്രസംഗത്തിന് ഉണ്ടാകണമെന്ന് റ്റി. ജെ.










ജോഷാച്ചൻ നിർദ്ദേശിക്കുന്നു. ആത്മീയ നിറവിലേക്കും അനുതാപത്തിലേക്കും ധ്യാനം നയിക്കണം. ശ്രോതാക്കളിൽ മാനസാന്തരവും യഥാർത്ഥമായ പശ്ചാത്താപവും ഉണ്ടാകണം. ഇപ്പോൾ ധ്യാനപ്രസംഗവും കൺവൻഷൻ പ്രസംഗവും തമ്മിൽ വേണ്ടത്ര വ്യത്യാസം കാണുന്നില്ല. നല്ല ധ്യാന ഗുരുക്കന്മാരുടെ സാന്നിധ്യവും കുറവാണ്. സ്ത്രീകൾക്കും അത്മായർക്കും സഭയുടെ വിവിധ വേദികളിൽ പ്രസംഗിക്കുവാൻ നിശ്ചയമായും അവസരം ഉണ്ടാകണം. സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ നന്നായി പഠിപ്പിക്കുവനും ആശയങ്ങൾ അതിവേഗം പ്രതിഫലിപ്പിക്കുവാനും കഴിയും എന്നും അദ്ദേഹം പറയുന്നു.

**ടെലിവിഷൻ ചാനലുകളിലെ** പുതുപ്രവണത നിറഞ്ഞ പ്രഭാഷണങ്ങളോട് ഡോ. റ്റി. ജെ. ജോഷാച്ചന് ആഭിമുഖ്യമില്ല. പ്രസംഗവേദിയിൽ നടക്കുന്നതും ഓടുന്നതുമായ തീവ്ര ബാഹ്യപ്രകടനങ്ങൾക്ക് ആകർഷണീയത ഉണ്ടെങ്കിലും താൽക്കാലികമാണ്. വലിയ ശബ്ദം ഉണ്ടാക്കുന്നതും വികാര തീവ്രത സൃഷ്ടിക്കുന്നതുമായ പ്രഭാഷണങ്ങളെക്കാൾ, പറയുവനുള്ളത് ഹൃദയത്തിൽ നിന്നും ആത്മാർത്ഥതയോടെ അവതരിപ്പിച്ചാൽ ജനങ്ങളിൽ അർത്ഥപൂർണ്ണമായി സംവേദിപ്പിക്കപ്പെടും.

ഡോ. റ്റി. ജെ. ജോഷ അച്ചന്റെ പ്രസംഗങ്ങൾ കൺവൻഷൻ വേദികളിൽ മാത്രമല്ല ടെലിവിഷൻ ചാനലുകളിലും റേഡിയോയിലും സി.ഡിയിലും ലഭ്യമാണ്. *റേഡിയോ ടെലിവിഷൻ പ്രഭാഷണങ്ങളിലെ ദീർഘമായ അനുഭവ പരിചയത്തിൽ അദ്ദേഹം പറയുന്നു: റേഡിയോ പ്രഭാഷണം എഴുതി വായിക്കുമ്പോൾ സ്റ്റുഡിയോയിൽ ശൂന്യതയിലേക്കു നോക്കി വേണം പറയുവാൻ. ആരും അപ്പോൾ കേൾക്കുവാനും ശ്രദ്ധിക്കുവാനും ഇല്ല. പ്രസംഗം പറഞ്ഞ് പ്രതിഫലിപ്പിക്കുക പ്രയാസമാണ്. ടെലിവിഷനിൽ, കുറേക്കൂടി ശ്രദ്ധ ആവശ്യമാണ്. മുഖഭാവവും ഭാവ ചലനങ്ങളും ശ്രദ്ധിക്കണം. ജനങ്ങളുടെ മുഖത്തുനോക്കി പ്രസംഗിക്കണം. റിക്കോർഡ് ചെയ്യുമ്പോൾ ജനം ഇല്ലെന്നു മാത്രം. രണ്ടിടത്തും തെറ്റുകൾ വന്നാൽ തിരുത്തുവാൻ കഴിയും.* നവീന മാധ്യമ സംവിധാനങ്ങളും നവസാങ്കേതികയും ജനകീയമായതോടെ പ്രഭാഷണങ്ങൾ വിരൽതുമ്പിൽ ലഭ്യമാകുന്നു. *യൂട്യൂബിൽ* ഫാ. ഡോ. റ്റി.ജെ. ജോഷായുടെ അനവധി പ്രഭാഷണങ്ങളുണ്ട്. ലോകത്തിന്റെ ഏതു ഭാഗത്തിരുന്നും ഏതു സമയത്തും ഏതു പ്രസംഗവും കേൾക്കുവാനും ശേഖരിക്കുവാനും കഴിയും.


ഡോ. റ്റി. ജെ. ജോഷ അച്ചന്റെ പ്രസംഗത്തിലെ പരിമിതികൾ അദ്ദേഹം സ്വയം തിരിച്ചറിഞ്ഞിട്ടുണ്ട്. *എന്റെ പ്രസംഗങ്ങൾ അധികവും ബൈബിളിൽ ഒതുങ്ങി നിൽക്കും. സഭാ പിതാക്കന്മാരുടെ ദീർഘമായ ഉദ്ധരിണിയോ സമകാലീക-സാമൂഹിക പ്രശ്നങ്ങളുടെ വിശകലനമോ അധികം ഉണ്ടാകാറില്ല. ചിലപ്പോൾ ചില വിമർശനങ്ങൾ ഉയർത്താറുണ്ട്. എന്നാൽ ഭാര്യ കുഞ്ഞുമറിയാമ്മ (പരേതയായ ഡോ. മറിയാമ്മ ജോഷ) എന്റെ വിമർശനങ്ങളെ തിരുത്താറുണ്ട്. ആത്മാർത്ഥമായി പറയുന്നതാകയാൽ അത് ഞാൻ സ്വീകരിക്കുമായിരുന്നു.*

ഫാ. ഡോ. റ്റി. ജെ. ജോഷായുടെ കൺവൻഷൻ പ്രസംഗങ്ങൾ വിശ്വാസികളുടെ ജീവിതത്തെ സമഗ്രമായി പരിവർത്തനം ചെയ്യിപ്പിക്കുന്നതും സാന്ത്വനം പകരുന്നതുമാണ്. ക്രിസ്തുവിന്റെ വചനം ജീവിതത്തെ ശുദ്ധീകരിക്കുകയും പുതുക്കുകയും ചെയ്യും എന്ന് പഠിപ്പിക്കുന്നു. സഭയുടെ വിശ്വാസം ഉറപ്പിച്ച് ആത്മീക നവീകരണവും പുതുക്കവും സഭയിൽ തുടർച്ചയായി ഉണ്ടാകുന്നതിനായി അദ്ദേഹം ആഗ്രഹിക്കുന്നു.

**ഓർത്തഡോക്സ് വീക്ഷണം** എന്ന വിഭജനം പ്രസംഗത്തിന് ആവശ്യമില്ല എന്നാണ് ഡോ. റ്റി. ജെ. ജോഷാച്ചന്റെ പക്ഷം. വചന ശുശ്രൂഷ എല്ലാവർക്കും ഒന്നുപോലെ ആയിരിക്കണം. എന്നാൽ ഓർത്തഡോക്സ് പ്രസംഗകരുടെ ശൈലി തിരുത്തപ്പെടണം. ആരാധനാ ജീവിതത്തിലേക്ക് ജനങ്ങളെ കൂടുതലായി ഉറപ്പിക്കുന്ന വിധത്തിൽ പ്രസംഗം തയ്യാറാക്കണം. ഓർത്തഡോക്സ് വിശ്വാസത്തോടും ആരാധനയോടും ജനങ്ങൾക്ക് കൂറു പുലർത്തുവാൻ തക്കവിധം പ്രസംഗത്തിൽ ഊന്നൽ നൽകണം. അതിനായി സഭാ പിതാക്കന്മാരുടെ ഉദ്ധരണികൾ, പ്രാർത്ഥനകൾ, ആരാധനാ ക്രമത്തിലെ മനോഹരമായ പാട്ടുകൾ തുടങ്ങിയവ ഉൾപ്പെടുത്താം.

പ്രസംഗപീഠത്തിലെ ആറുപതിറ്റാണ്ടിന്റെ അനുഭവ പരിചയത്തിൽ ഫലപ്രദമായ പ്രസംഗത്തിനുള്ള പത്തു വഴികൾ ഫാ. ഡോ. റ്റി. ജെ. ജോഷ വെളിപ്പെടുത്തുന്നു: *നല്ലവണ്ണം ഒരുങ്ങി പ്രസംഗിക്കണം, സമയ ക്ലിപ്തത പാലിക്കണം, നല്ല ഭാഷയും ഉച്ചാരണ ശുദ്ധിയും സുപ്രധാനം, ബൈബിൾ വചനത്താൽ സമ്പുഷ്ടമാകണം, ആരാധനാ സാഹിത്യം പ്രയോജനപ്പെടുത്തണം, ഹാസ്യഭ്രമം ഒഴിവാക്കണം, ദൃഷ്ടാന്തങ്ങൾ സൂക്ഷ്മതയോടെ ഉപയോഗിക്കണം, പ്രസംഗം കഥാപ്രസംഗമാക്കരുത്, ധനാഗമന മാർഗ്ഗമായി സ്വീകരിക്കരുത്, ജീവിത നിഷ്ഠയും വിശുദ്ധിയും പുലർത്തണം.*

ക്രൈസ്തവ സഭകളിലെ പ്രഭാഷണ ചരിത്രത്തിൽ നിസ്തുല സ്ഥാനമാണ് ഫാ. ഡോ. റ്റി. ജെ. ജോഷായ്ക്ക് ലഭ്യമാകുന്നത്. ബൈബിൾ വചന




ങ്ങൾ, വേദശാസ്ത്രചരിത്ര പശ്ചാത്തലത്തിലും സ്വജീവിതാനുഭവത്തിലും കോർത്തിണക്കി വിഷയ വിശകലനം ജനകീയമായി നിർവ്വഹിക്കുവാൻ കഴിയുന്ന അസാധാരണ സർഗ്ഗപ്രതിഭയാണ് ഫാ. ഡോ. റ്റി. ജെ. ജോഷ്വ. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ ശ്രോതാക്കളുടെ ജീവിതത്തോട് സംവേദിക്കും. വേദനയുടെയും നിരാശയുടെയും നടുവിൽ ജീവിതം അസ്വസ്ഥവും ദുഃസഹവുമാകുമ്പോൾ യേശുവിനെ യഥാർത്ഥമായി അനുഭവിച്ചറിയുവാൻ അദ്ദേഹത്തിന്റെ വേദവ്യാഖ്യാനങ്ങൾ ശക്തി പകരുന്നു. വിഹ്വല ഹൃദയങ്ങൾക്ക് ആശ്വാസവും ഉന്മേഷവുമാകുന്ന ഹൃദ്യമായ സന്ദേശങ്ങളാണ് കൊച്ചു കൊച്ചു ദൃഷ്ടാന്തങ്ങളിലൂടെ തേച്ചു മിനുക്കി പ്രധാന ചിന്തയോട് സമന്വയിപ്പിച്ച് ലളിതമായി അവതരിപ്പിക്കുന്നത്. ആശയങ്ങൾ ബുദ്ധിപരവും ആദ്ധ്യാത്മീകവും പ്രായോഗികവുമായ രീതിയിൽ മനുഷ്യ ജീവിതത്തിന് ദിശാബോധം പകരുവാൻ തക്കവിധം ഫലപ്രദമായി ക്രോഡീകരിക്കുന്നു.

**ക്രിസ്തുബന്ധിത പ്രഭാഷണങ്ങൾ**

വ്യക്തികളുടെ ജീവിത പരിവർത്തനത്തിനും സാമൂഹിക മാറ്റത്തിനും പര്യാപ്തമാകും. പ്രസംഗവേദികളിൽ ഫാ. ഡോ. റ്റി. ജെ. ജോഷ്വായുടേത് ആത്മീയതയുടെ നിറസാന്നിധ്യമാണ്. വ്യക്തവും ശുദ്ധവുമായ ഭാഷയിൽ ശബ്ദ വൈവിധ്യത്തോടെ ആകർഷകമായി വിഷയ വിശകലനം അവതരിപ്പിക്കും. ആശയ ക്ലിഷ്ടതയോ പദദാരിദ്രമോ അവതരണ ഭംഗമോ ഒരിക്കലും ഉണ്ടാകാറില്ല. വിഷയത്തിന് ഏറ്റവും അനുയോജ്യമായ ദൃഷ്ടാന്തങ്ങളും അനുഭവങ്ങളും കാലികമായി അവതരിപ്പിക്കും. പ്രഭാഷണങ്ങളിൽ വ്യക്തി-കുടുംബ ബന്ധങ്ങൾക്ക് പ്രാധാന്യം നൽകി പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും വേദവെളിച്ചത്തിൽ ശാസ്ത്രീയമായി അവതരിപ്പിക്കുന്നു. മനുഷ്യ സമൂഹം അനുദിനം അഭിമുഖീകരിക്കുന്ന ജീവിത പ്രശ്നങ്ങൾക്കും കുടുംബ പ്രതിസന്ധികൾക്കുമുള്ള പ്രബോധനങ്ങളാണ് പ്രഭാഷണങ്ങളിൽ മുഴങ്ങുന്നത്. വേദവിശകലനങ്ങൾ ജനകീയമാക്കുന്നതിനായി ലളിതവും ഹൃദ്യവും ആകർഷകവുമായ ഭാഷാശൈലി അദ്ദേഹം രൂപപ്പെടുത്തി.

മലങ്കരസഭയിൽ 60 വർഷത്തിലധികമായി മുഴങ്ങുന്ന ഫാ. ഡോ. റ്റി. ജെ. ജോഷ്വായുടെ പ്രഭാഷണ ശൈലിക്ക് പ്രവാചക ശക്തിയുണ്ട്. അവ വ്യക്തമായ തയ്യാറെടുപ്പോടുകൂടിയ വേദവചനാധിഷ്ഠിത പ്രബോധനങ്ങളാണ് ആവശ്യസന്ദർഭങ്ങളിൽ വിമർശനാത്മകമായ തിരുത്തൽ ശബ്ദമായി, കാലത്തെ അതിജീവിക്കുന്ന ആശയങ്ങൾ സംവേദിപ്പിക്കുന്നു. കൺവൻഷനിലെ നൂതന പ്രവണത തിരസ്ക്കരിക്കുന്ന അദ്ദേഹം സമയക്ലിപ്തതയോടെ വേറിട്ട വചനശുശ്രൂഷയും പ്രബോധനവും നൽകുന്നു.

**ഉപസംഹാരം**

മനുഷ്യ മനസ്സുകൾക്ക് സാന്ത്വനവും പ്രബുദ്ധതയും പകരുവാൻ വശ്യതയുള്ള അറുപതിൽപ്പരം ഗ്രന്ഥങ്ങളിലൂടെയും റേഡിയോ-ടെലിവിഷൻ-ചാനൽ പ്രഭാഷണങ്ങളിലൂടെയും ശാന്തിയുടെ നീർച്ചാലുകൾ പകരുന്ന കൃപയുടെ തണലിലെ ഊർജ്ജപ്രവാഹമാണ് ഡോ. ടി. ജെ. ജോഷ്വ അച്ചൻ. അദ്ദേഹത്തിന്റെ അനശ്വരമാകുന്ന എഴുത്തുകളും പ്രഭാഷണങ്ങളും ആത്യന്തികമായി മാനവിക സൗഹൃദത്തിനും വിശാല എക്യുമെനിക്കൽ ബന്ധങ്ങൾക്കും വഴിതെളിക്കുന്നു.

മലങ്കരസഭയിൽ ഫലപ്രദവും ജനകീയവുമായി എഴുതുവാനും പ്രസംഗിക്കുവനും കഴിയുന്ന അപൂർവ്വ പ്രതിഭയാണ് ഫാ. ഡോ. റ്റി. ജെ. ജോഷ്വ. അദ്ദേഹത്തിന്റെ എഴുത്തും പ്രഭാഷണവും പരസ്പര ബന്ധിതമാണ്. പ്രസംഗങ്ങൾ എഴുതിയ ശീലമാണ് പുസ്തക രചനക്ക് ശക്തിയും വശ്യതയും പകർന്നത്.

നവതിയുടെ നിറവിലേക്കുള്ള യാത്രയിൽ അമൂല്യമായ നിരവധി രചനകളും പ്രഭാഷണങ്ങളും മലങ്കര സഭയിലെ ഗുരുരത്നമായ വന്ദ്യ ഡോ. റ്റി. ജെ. ജോഷ്വ അച്ചനിൽ നിന്നും ലഭ്യമാകട്ടെ. ■

## ഫാ. ഡോ. റ്റി. ജെ. ജോഷ്വ
## പൗരോഹിത്യ വജ്രജൂബിലി സമ്മേളനം

**കോട്ടയം:** മലങ്കരസഭാ ഗുരുരത്നം ഫാ. ഡോ. റ്റി. ജെ. ജോഷ്വായുടെ പൗരോഹിത്യ വജ്രജൂബിലി സമ്മേളനം ഏലിയാ കത്തീഡ്രലിൽ ഡോ. ഫീലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ അദ്ധ്യക്ഷത വഹിച്ചു. ഡോ. ഡി. ബാബു പോൾ മുഖ്യ പ്രഭാഷണം നടത്തി. ആർച്ച് ബിഷപ്പ് എമിരറ്റസ് ഡോ. മാർ ജോസഫ് പൗവ്വത്തിൽ പുസ്തകങ്ങൾ പ്രകാശനം ചെയ്തു.

സി.എസ്.എസ്. സെക്രട്ടറി റവ. ഡോ. മാത്യു ഡാനിയേൽ പുസ്തക പരിചയം നടത്തി. ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ്, വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ജേക്കബ് മാത്യു (മനോരമ), ഫാ. മോഹൻ ജോസഫ്, ഡോ. ബിജു ജേക്കബ് എന്നിവർ പ്രസംഗിച്ചു. ഫാ. ഡോ. എം. പി. ജോർജ് ഗാനാർച്ചന നടത്തി. ഫാ. ഡോ. റ്റി. ജെ. ജോഷ്വ മറുപടി പ്രസംഗം പറഞ്ഞു.

ഫാ. ഡോ. റ്റി. ജെ. ജോഷ്വായുടെ പൗരോഹിത്യ വജ്ര ജൂബിലിയോടനുബന്ധിച്ചുള്ള ചാരിറ്റി ഫൗണ്ടേഷൻ വിവിധ സഹായ പദ്ധതികൾ ആവിഷ്ക്കരിക്കുമെന്ന് ഫാ. തോമസ് കുര്യൻ മരോട്ടിപ്പുഴ, കാതോലിക്കേറ്റ് ഓഫീസ് ഡെപ്യൂട്ടി സെക്രട്ടറി ജോൺ മത്തായി തുരുത്താമഠം, ഡോ. ജേക്കബ് മണ്ണുംമൂട് എന്നിവർ പറഞ്ഞു.

ദീർഘകാലമായി മലങ്കരസഭ മാസികയുടെ പത്രാധിപസമിതി അംഗമായി സ്തുത്യർഹമായി പ്രവർത്തിക്കുന്ന മലങ്കരസഭാ ഗുരുരത്നം ഡോ. റ്റി. ജെ. ജോഷ്വ അച്ചന് മലങ്കരസഭ മാസിക പത്രാധിപസമിതിയുടെയും വായനക്കാരുടെയും ഹൃദയപൂർവ്വമായ ആദരവുകൾ.

## BRIDE GROOM WANTED

Orthodox parents seeks alliance for their daughter 26 yrs 159 cm, masters in information technology studied and settled in Australia, invites proposals from parents of professionally qualified boys.

Contact :
9048015107, 9447015170

## BRIDE GROOM WANTED

Orthodox parents invite proposals for their daughter, B.Tech (I.T.) 25 yrs., 165 cm. working at M.N.C. Ernakulam, seeks suitable alliance from parents of God fearing boys.

Contact: 9447559520, 0469-2616680

**M4ID - 4082059**

## BRIDE GROOM WANTED

Seeking proposals from well qualified boys working abroad, with good family background for M Tech + MS (just completed) girl with excellent job potential, 25, 165 CM, belonging to a well-known orthodox family.

Contact: 91- 944 6957 993

## BRIDEGROOM WANTED

NRI Orthodox well educated parents seek alliance for their daughter 27 yrs. 162 cm, fair B.Tech & M.Tech from premier institutions working as asst. professor in a reputed Engg. College from parents of God fearing , well qualified, well placed professionals.

Contact: 9895039835
avmsproposals@gmail.com

## BRIDE GROOMWANTED

ORTHODOX PARENTS FROM PATHANAMTHITTA INVITE PROPOSAL FOR THEIR BORN AND BROUGHT UP OUTSIDE KERALA DAUGHTER SETTLED IN DELHI SOFTWARE ENGINEER RAILWAYS, 30 YEARS 165 CMS., B. TECH IN COMPUTER SCIENCE FAIR LOOKING, GOD-FEARING, MIDDLE CLASS FAMILY, FROM PROFESSIONALLY QUALIFIED BOYS (ORTHODOX/JACOBITE/MARTHOMA/CSI/CATHOLIC).

**CONTACT: johnkg3@gmail.com**
**Mob. 9984507773/9889238449/9810382801**

## BRIDE WANTED

Upper Midle Class Ex. NRI Orthodox Parents Invite proposals for their son B.Tech (Civil) 29/170 Working in Abudhabi, from parents of God fearing, Employed Girls, Preferably from UAE.

**Tel: 9249295377, 9400923077**

## മലങ്കരസഭ മാസിക

### പരസ്യ നിരക്കുകൾ

| | | |
|---|---|---|
| Back Page (Colour) | : | 25,000 |
| Front Inside (Colour) | : | 20,000 |
| Back Inside (Colour) | : | 20,000 |
| Inner Page (Colour) | | |
| Full ” | : | 15,000 |
| Half ” | : | 8,000 |
| Quarter ” | : | 5,000 |
| Minimum (Col.) 9x4 c.m. | : | 2,500 |
| Favours Block (Stamp) | : | 1500 |
| Full page (B&W) | : | 8000 |
| Half page (B&W) | : | 5000 |
| Quarter page (B&W) | : | 3000 |
| Matrimonial (Minimum) | : | 1000 |
| Minimum (B&W) 9x4 c.m. | : | 1250 |
| Favours Block (B&W) (Stamp) | : | 750 |

Malankara Sabha Magazine
Devalokam Kottayam-04;
Ph:0481-2573234, 9947804477

## CAMP FOR ORTHODOX LEADERSHIP TRAINING: COLT- 2016

This is a Christian Leadership Training Camp for Young people which will be conducted in English, will be spiritual, yet fun. For 3 days about 20 +young people from all over India will live together in Sophia Centre in Kottayam and learn about Christian Leadership, about Christ and his body, the mother Church. This will be done through interactive sessions interspersed with outdoor visits. From the fourth day on, we move by coach all over Kerala on a pilgrimage – with deep spiritual camaraderie - as we discover ourselves and our relationship with God. Something you have never experienced before in the Indian Orthodox Church.

**DATES : May 22nd – 28th, 2016: COST : Rs. 4500/- to 4900/- per head** [depending on when you register and pay advance]. **Last Date: May 15th AGE : 17 – 30 Years (Age can be relaxed for deserving candidates)**

**VENUE :** Residential Program at Sophia Centre (Old Seminary Campus), Kottayam, followed by the 'Orthodox Christian Heritage Tour' by coach for 4 days, ending in Parumala with Holy Qurbana.

For getting details and an application for please contact: frpkuruvilla@hotmail.com Regards, Fr. Philip Kuruvilla,e mail: frpkuruvilla@hotmail.com Mobile.No: +91-9823152313




# മകളേ, മാപ്പ്...

**പൊലീസിന്റെ ഔദ്യോഗിക കണക്കു പ്രകാരം കഴിഞ്ഞ അഞ്ചു വർഷത്തിനിടെ 6118 ബലാത്സംഗ കേസാണ് കേരളത്തിൽ രജിസ്റ്റർ ചെയ്തത്. 2015-ൽ മാത്രം 1263 കേസ്. 2011-ൽ 1332 കേസും 2013 ൽ 1221 കേസും. 2015 ൽ സ്ത്രീകളെ അപമാനിച്ചതിന് 3991 കേസും ഭർതൃപീഡനത്തിന് 3664 കേസും രജിസ്റ്റർ ചെയ്തു. 177 സ്ത്രീകളെയാണ് കഴിഞ്ഞവർഷം മാത്രം തട്ടിക്കൊണ്ടുപോയത്. കഴിഞ്ഞ അഞ്ചുവർഷത്തിനിടെ രജിസ്റ്റർ ചെയ്ത സ്ത്രീകൾക്കെതിരായ കേസുകളുടെ എണ്ണം 67,178 ആണ്. ഇതിൽ 2015-ൽ മാത്രം 13,279 കേസാണ് രജിസ്റ്റർ ചെയ്തത്. തട്ടിക്കൊണ്ടു പോകൽ, മാനഹാനി വരുത്തൽ, ഭർതൃപീഡനം തുടങ്ങിയ കേസുകളുടെ എണ്ണവും ക്രമാതീതമായി വർധിക്കുകയാണ്.**

മലയാളികളെ മറ്റുള്ളവർക്ക് ഇനി എങ്ങനെ വിശ്വസിക്കാനാകും. പോലീസിനെയും കോടതിയെയും കുടുംബത്തെയുമൊന്നും ഭയമില്ലാത്ത വർഗം, വളർന്നുവരികയാണ്. ഇവിടെ ക്രമിനലുകളെ അഴിച്ചുവിട്ടിരിക്കുകയാണ്. കഞ്ചാവ് വ്യാപകമായി. നിയമ വ്യവസ്ഥ തകർന്നു.

നിയമം ലംഘിക്കുന്നതിൽ പ്രമാണികൾ, പാവപ്പെട്ടവർ എന്നിങ്ങനെ വ്യത്യാസമില്ല. നിയമം പാസാക്കിയാൽ മാത്രം പോരാ, അത് നടപ്പാക്കുകയും വേണം.

**- സുഗതകുമാരി**

സമൂഹത്തിന്റെ മനോഭാവം സ്ത്രീകൾക്ക് അനുകൂലമല്ല എന്നതാണ് കുറ്റകൃത്യം പെരുകാൻ കാരണം. നിയമ വ്യവസ്ഥ കൂടുതൽ കർക്കശമാകണമെന്നാണിത് വ്യക്തമാക്കുന്നത്. പ്രതികളെന്നപോലെ അന്വേഷണത്തിൽ അനാസ്ഥ കാട്ടുന്ന പോലീസിനെയും ശക്തമായ നടപടികൾക്ക് വിധേയമാക്കണം.

**- സാറാ ജോസഫ്**

വീടിനുള്ളിലും പുറത്തും സ്ത്രീകളും കുട്ടികളും സുരക്ഷിതരല്ല. സമ്പൂർണ്ണ സാക്ഷരത നേടിയെന്ന് നമ്മൾ അഹങ്കരിക്കുമ്പോഴും പലതും നമ്മൾ നേടിയിട്ടില്ലെന്നതിന്റെ ഉത്തമ ഉദാഹരണങ്ങളാണ് ഇത്തരം സംഭവങ്ങൾ.

**- എം ലീലാവതി**

കേരളം സ്ത്രീകൾക്ക് സുരക്ഷിതമായ ഇടമാണോ? പോലീസിൽ പരാതി ലഭിച്ച കണക്കനുസരിച്ചുതന്നെ പ്രതിദിനം ശരാശരി അഞ്ച് സ്ത്രീകളെങ്കിലും ആക്രമണത്തിനിരയാക്കപ്പെടുന്നുണ്ട്. അതിൽ രണ്ടുപേർ പ്രായപൂർത്തി ആകാത്തവരുമാണ്. ഒരാളെങ്കിലും ദലിത് പിന്നോക്ക വിഭാഗക്കാരിയുമാണ്. അപമാനം ഭയന്ന് പരാതിപ്പെടാതിരിക്കുന്നവർ ഒട്ടേറെയുണ്ടാകുമെന്നുറപ്പാണ്. ഇത്രയൊക്കെ അറിഞ്ഞിട്ടും, കഴിഞ്ഞ അഞ്ചു വർഷമായി കേരളത്തിലെ ബജറ്റിൽ ഒരു രൂപപോലും സ്ത്രീ സുരക്ഷക്കായി നീക്കി വെച്ചിട്ടില്ല എന്നതും ഇതിനോടു ചേർത്തു വായിക്കേണ്ടതാണ്.

**- സി.ആർ. നീലകണ്ഠൻ**

കേരളത്തിൽ സ്ത്രീകൾക്ക് എതിരായ അതിക്രമം വർദ്ധിച്ചുവരുകയാണ്. പെൺകുട്ടികൾ മുതൽ അമ്മമാരും മുത്തശ്ശിമാരും വരെ ലൈംഗികാതിക്രമത്തിന് ഇരയാകുന്നു. വീടിനകത്തുപോലും കേരളത്തിൽ സ്ത്രീകൾ സുരക്ഷിതരല്ല, എന്നാണ് പെരുമ്പാവൂർ സംഭവം തെളിയിക്കുന്നത്.

**- ലീലാ മേനോൻ**

2008 മുതൽ 2015 വരെ സംസ്ഥാനത്ത് പ്രതിവർഷം ശരാശരി 40 കുട്ടികൾ കൊല്ലപ്പെട്ടു. തട്ടിക്കൊണ്ടു പോകുന്ന സംഭവങ്ങളും കുത്തനെ ഉയരുന്നതായാണ് കണക്കുകൾ. ■



## കാലികപ്പൊരുൾ

# വില്ക്കാനുണ്ട് ദുഷിപ്പുകൾ

– ഫാ. ഡോ. കെ. എൽ. മാത്യു വൈദ്യൻ കോറെപ്പിസ്‌ക്കോപ്പാ

ഒരു ഞണ്ട് (crab). ഭക്ഷണയോജ്യമായ സത്ത് അതിൽ അല്പം മാത്രം. വിവിധ സംസ്‌ക്കാരങ്ങളിൽ ചില നല്ല കാര്യങ്ങളുണ്ട്. അവ സ്വീകരിക്കാം. അവയിലെ ദുഷിപ്പുകൾ ഒട്ടും സ്വീകരിക്കരുത്.

വെടിക്കെട്ട് അന്തരീക്ഷ മലിനീകരണം വരുത്തും. ദുരന്തസാദ്ധ്യതയുണ്ട്. കിടമത്സരങ്ങൾക്ക് വഴി വയ്ക്കും. ധനത്തിന്റെ ദുരുപയോഗമാണത്. ആർഭാടമാണത്. പള്ളികളിൽ വെടിക്കെട്ട് നിരോധിക്കണം. പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ടു ദുരന്തം നമ്മുടെ കണ്ണു തുറപ്പിക്കണം.

വെടിമരുന്നിൽ അനധികൃതമായി ഇറക്കുമതി ചെയ്ത നിരോധിത രാസവസ്തുക്കൾ ഉണ്ടായിരുന്നു. സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചില്ല. മുൻകരുതൽ എടുത്തില്ല. രാത്രി ഉഗ്ര ശബ്ദത്തിൽ വെടിക്കെട്ട് വേണ്ടെന്നാണ് ഹൈക്കോടതി ഉത്തരവ്. പോലീസിന്റെ കർശന മേൽനോട്ടം വേണം. മത സ്വാതന്ത്ര്യം ജീവിക്കാനുള്ള അവകാശത്തിനു മീതേയല്ല. ധാർമ്മികതയും ജീവന്റെ സംരക്ഷണവും പൊതുജീവിത ക്രമവും പാലിക്കണം. നിയമം മാത്രം പോരാ. അതു നടപ്പാക്കുന്നിൽ ശ്രദ്ധയും വേണം.

ഒരു പള്ളിപ്പെരുന്നാൾ പിറ്റേ ദിവസം നാടകം. പേര് അബ്രഹാമിന്റെ ബലി. കലഹം മൂത്തു. ചിലർ അന്നു രാത്രി മരണപ്പെട്ടു. മറ്റൊരു പെരുന്നാൾ ആന ഇടഞ്ഞു. അനേകർക്കു പരിക്കേറ്റു. പാപ്പാന്റെ ജീവനെടുത്തു. കതിനാ വെടികൾ ജനക്കൂട്ടത്തിലേക്ക്, അനേകർക്ക് പൊള്ളലേറ്റു.

ഒരു പള്ളിക്കമ്മിറ്റി യൂത്തും മൂത്തവരും തമ്മിൽ തർക്കം. തീ തുപ്പുന്ന ബാന്റുകൾ വേണം. യൂത്തിനു നിർബ്ബന്ധം. കാതടപ്പിക്കുന്ന ചെണ്ടമേളം വേണം. കൂടിയ ഇനം തട്ടുമുട്ടുകൾ വേണം. ഇല്ലെങ്കിൽ ഞങ്ങൾ കാണിച്ചു തരാം. വെല്ലുവിളി. കഴിഞ്ഞ വർഷത്തേക്കാൾ ചെലവു കൂടണം. പണപ്പിരിവ് വർദ്ധിപ്പിക്കണം മാനവും മര്യാദയും ഉള്ളവർ പള്ളിയിൽ നിന്നകലുന്നു. ഗുണ്ടകൾ അരങ്ങു വാഴുന്നു.

ചിലർക്കൊക്കെ പെരുന്നാൾ നല്ല വരുമാന മാർഗ്ഗമാണ്. ഇടനിലക്കാർ മേളക്കാരിൽ നിന്നും കമ്പക്കാരിൽ നിന്നും മൈക്ക്, വൈദ്യുതാലങ്കാര സെറ്റുകാരിൽ നിന്നും പണം പറ്റുന്നു. ഓരോ വർഷവും തുക വർദ്ധിപ്പിക്കുവാൻ ഇക്കൂട്ടർ സമ്മർദ്ദം ചെലുത്തും. കമ്മിറ്റിയിൽ ഇതിനായി കയറിപ്പറ്റുന്നവരുണ്ട്. പിരിവ് നടത്തി തുക കീശയിലാക്കുന്നവരുമുണ്ട്.

നമ്മെ ലജ്ജിപ്പിക്കുന്ന കാര്യങ്ങളനവധി. വഴിയാത്ര തടഞ്ഞുകൊണ്ടുള്ള ശക്തിപ്രകടനങ്ങൾ. ഗതാഗത സ്തംഭനം വരുത്തുന്ന തരം വാദ്യഘോഷങ്ങൾ, നിർബ്ബന്ധപൂർവ്വമായ പണപ്പിരിവുകൾ, ലക്ഷങ്ങളുടെ കരിമരുന്നു പ്രയോഗം അതിരു കടക്കുന്ന വൈദ്യുതാലങ്കാരങ്ങൾ. നാടിനെ വിറപ്പിക്കുന്ന ചെണ്ടയും ബാന്റുസെറ്റും. പണക്കൊഴുപ്പിന്റെ മേളങ്ങൾ, മാലിന്യക്കൂമ്പാരങ്ങൾ സൃഷ്ടിക്കുന്ന പദയാത്രകൾ, സാമ്പത്തിക അച്ചടക്കമില്ലായ്മ. പ്രസിദ്ധിക്കായുള്ള സൂത്രപ്പണികൾ. ഇഴഞ്ഞു നീങ്ങുന്ന മനുഷ്യസഹായ പദ്ധതികൾ, മികവില്ലാത്ത സ്ഥാപനങ്ങൾ, ജീവകാരുണ്യം പേരിനു മാത്രം!

കർമ്മം വികർമ്മമാകരുത്. നർമ്മം അതിരു കടക്കരുത്. ആചാരം യാന്ത്രികമാകരുത്. വിമർശനങ്ങളോട് അസഹിഷ്ണുത പാടില്ല. പ്രശ്നപരിഹാരത്തിന് വേണ്ടത്ര ഗൃഹപാഠം ചെയ്യണം. ഇടപെട്ട് പ്രശ്നങ്ങൾ വഷളാക്കരുത്. നിഷ്ക്രിയത്തോടെയും വഷളാക്കരുത്. വാക്കുകൾ അലസതയോടെ വിക്ഷേപിക്കരുത്. ബൂമറാങ്ങ് പോലെ തിരിച്ചടിക്കും. സ്തുതിപാടി പ്രീണിപ്പിക്കുന്നവർക്ക് ചെവി കൊടുക്കരുത്. സ്നേഹത്തിൽ സ്വാർത്ഥത കലർത്തരുത്. ഇടപാടുകൾ സുതാര്യമാകണം. ലാഭം കിട്ടാൻ വളഞ്ഞ മാർഗ്ഗം സ്വീകരിക്കരുത്.

ഒരു സഭാ മേലദ്ധ്യക്ഷൻ സഹോദര സ്ഥാനികളോട് കല്പിക്കേണ്ടിവന്നു. നിങ്ങൾ സ്വന്തം പേരിൽ സ്ഥാപനങ്ങൾ ഉണ്ടാക്കരുത്. വിശ്വാസികളുടെ പണം ശേഖരിച്ച് സ്വന്തം നാമത്തിലോ ബന്ധുക്കളുടെ അധീനതിയിലോ സ്ഥാപനങ്ങൾ പടുത്തുയർത്തരുത്. സമ്പത്ത് സഭയുടെ പേരിലാകണം. കച്ചവട താല്പര്യത്തിനുവേണ്ടിയാകരുത് സ്ഥാനവും പദവിയും. ചാനലുകൾ ഇക്കാര്യം ഘോഷിച്ചുല്ലസിക്കുന്നു.

സാങ്കേതിക വിദ്യകളുടെ കൈമാറ്റത്തിലും ദുഷിപ്പുകൾ ഉണ്ടാകാം. ടിറ്റർ, ഫേസ്ബുക്ക്, സെൽഫി, വാട്സ് ആപ്പ്, സൈബർ ന്യൂജെൻ സ്വാധീനങ്ങൾക്ക് അമിതമായി അടിമയാകരുത്. ശാസ്ത്രനേട്ടങ്ങൾ വിവേകമുള്ളവർക്കുവേണ്ടിയാണ്. വിവേകം കൈവെടിയരുത്. ബാഹ്യമോടികൾക്ക് അമിത പ്രാധാന്യം നല്കരുത്. ഇൻഫർമേഷൻ സൂപ്പർ ഹൈവേയുടെ ഇക്കാലത്ത് ആദ്ധ്യാത്മികതയുടെ നിറം മങ്ങാൻ ഇടയാകരുത്.

യുവാക്കൾ ചോദിക്കുന്നു. എവിടെ ത്യാഗത്തിന്റെ മാതൃക? എവിടെ ലാളിത്യത്തിന്റെ സംസ്‌ക്കാരം? വരുമാനം വർദ്ധിപ്പിക്കലാണോ ആത്മീയതയുടെ ലക്ഷ്യം? ആളെക്കൂട്ടാൻ ശക്തിപ്രകടനങ്ങൾ വേണോ? ലോക ഇമ്പങ്ങളോട് ഇത്രമാത്രം താദാത്മ്യപ്പെടണോ? പാളം തെറ്റുന്ന ആഘോഷങ്ങൾ കൂടാതെയും പെരുന്നാൾ ഭംഗിയായി കൊണ്ടാടാം എന്നു തെളിയിക്കണ്ടേ? ഇതര സംസ്‌ക്കാരങ്ങളിലെ ദുഷിപ്പുകൾ സ്വീകരിക്കണമോ? ക്രൈസ്തവ ആദ്ധ്യാത്മികതയ്ക്ക് ചില വ്യതിരിക്ത ഭാവങ്ങളില്ലേ? കാലിക പ്രധാനമായ നിർദ്ദേശങ്ങളും മാതൃകകളും പ്രതീക്ഷിക്കുന്നത് തെറ്റാണോ?

### പിൻമൊഴി

കർശന നിയന്ത്രണങ്ങളും നിരോധനങ്ങളും നിയമങ്ങളും ഇച്ഛാശക്തിയുള്ള നിയമപാലകരും നമുക്കുണ്ടാകണം. ശക്തമായ ബോധവൽക്കരണം വേണം. കല്പനകൾക്കും നിർദ്ദേശങ്ങൾക്കും തുടർ നിരീക്ഷണങ്ങളും തുടർ നടപടികളും വേണം. നിരോധനം ഫലം കണ്ടിട്ടുള്ള ചരിത്രവുമുണ്ടെന്നോർക്കണം. ■



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ്
പ്രഥമൻ വലിയ ബാവായുടെ

# 2–ാം ഓർമ്മ, 26–05–2016



*Inserted by:*

# JACOB MATHEW & FAMILY

## (JOJO, MALAYSIA)

Managing Committee Member, Malankara Orthodox Syrian Church

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10/May/2016

RNI No. 3076/57, Reg. No. KL/KTM/39/2015-17
License No. KL/CR/KTM/WPP-36/2015-17
Licensed to Post Without Pre-Payment




# CHRISTIAN COLLEGE OF ENGINEERING & TECHNOLOGY

UNDER THE AEGIS OF ST. THOMAS MALANKARA ORTHODOX SYRIAN CHURCH MISSION, BHILAI

## ADMISSION THROUGH 50% MINORITY (CHRISTIAN) QUOTA

### B.E. COURSES

- MECHANICAL
- ELECTRICAL
- COMPUTER SCIENCE
- ELECTRONICS & TELE.

### M.TECH

- CAD/CAM ROBOTICS
- NANO TECHNOLOGY

### FACILITIES

- Central Library
- Book Bank
- Hostel (Boys & Girls)
- SBI ATM & Student Store
- Canteen
- Scholarships & Awards
- 24X7 Internet & WiFi
- Chapel in Campus

| | | |
|---|---|---|
| IMPORTANT DATES | LAST DATE OF SUBMISSION OF APPLICATION | 30 MAY 2016 |
| | 1ST ROUND OF COLLEGE LEVEL COUNSELLING | 08 JUNE 2016 |
| | STARTING OF ACADEMIC SESSION | 01 AUG 2016 |
| CRITERIA | The aspirant should obtain 45% in PCM in 12th standard and should have a valid score of 10% marks in JEE (Min 36 Marks). | |

*For more details please visit "www.ccetbhilai.ac.in"*

STEP-UP YOUR CAREER THROUGH CAMPUS IN

CCET

22+ COMPANIES VISITED FOR CAMPUS IN 2015-16

SYNTEL, HCL, Mu Sigma, RetailOn, spectrum, WIPRO, ACCORD, Tech Mahindra, SUTHERLAND, Collabera, Maintec, HDFC BANK, IBJ, SHRIRAM

*& many more...!!!*

KAILASH NAGAR, NEAR INDUSTRIAL ESTATE, BHILAI, C.G.
PIN: 490026, TEL: 0788 228 6662 /63 /64, 606 6062 /63 /64

**ADMISSION HELPLINE**

Fr. JOSE K VARGHESE 9826141686

Mr. SAJI JOSEPH 9981991417

PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. DR. JOHN THOMAS KARINGATTIL

Rs. 15/-